മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 08 No. 49 | THE ONLINE OFFICIAL NEWS BULLETIN | 2025 December 04

SEASON OF THE ANNUNCIATION ❁ അറിയിപ്പുകാലം ❁ ܥܕܢܐ ܕܒܫܪܬܐ

SUNDAY	MONDAY	TUESDAY	WEDNESDAY	THURSDAY	FRIDAY	SATURDAY
ܚܕ ܒܫܒܐ	ܬܪܝܢ ܒܫܒܐ	ܬܠܬܐ ܒܫܒܐ	ܐܪܒܥܐ ܒܫܒܐ	ܚܡܝܫܐ ܒܫܒܐ	ܥܪܘܒܬܐ	ܫܒܬܐ
7	8	9	10	11	12	13
6 Mawlodeh d-Yuhanon Mamdono Birth of St. John the Baptist	2 50th Mem. of H.H.Baselios Augen I ✠ (Devalokam Catholicate Aramana)	6 13th Mem. of Mathews Mar Barnabas Metropolitan ✠ (St. Peter's & St. Paul's Church, Valayanchirangara)	2 Comme. of Martyrs St. Behanam, his sister Sarah and other Martyrs Comme. of St. Philoxenos of Mabugh	6	2	6 35th Mem. of Daniel Mar Philoxenos ✠ (Pathanamthitta Basil Dayara)

പരിശുദ്ധ ബസേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവ ചരമ കനക ജൂബിലി സ്മൃതിസന്ധ്യ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവ ഉദ്ഘാടനം ചെയ്യുന്നു.

ഔഗേൻ ബാവാ മാർത്തോമ്മൻ പൈതൃകത്തിന്റെ കാവൽഭടൻ: പ. കാതോലിക്കാ ബാവ

കോട്ടയം: വിനയവും ദീനാനുകമ്പയും കരുതലും ജീവിതശൈലിയാ ക്കിയ പരമ യോഗിയായിരുന്നു പ. ബസേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവയെന്ന് പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോ ലിക്കാ ബാവ. ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവയുടെ ചരമ കനക ജൂബിലി സ്മൃതിസന്ധ്യ ദേവലോകം കാതോലിക്കേറ്റ് അരമനയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പ്രതിസന്ധിയുടെ കാലഘട്ടത്തിൽ മാർത്തോ മ്മൻ പൈതൃകത്തെ കെടാവിളക്ക് പോലെ കാത്തുസൂക്ഷിച്ച കാവൽഭടനായി രുന്നു ഔഗേൻ ബാവയെന്നും അദ്ദേഹം പറഞ്ഞു.

ചങ്ങനാശേരി അതിരൂപത ആർച്ച് ബിഷപ് മാർ തോമസ് തറയിൽ അനുസ് മരണപ്രഭാഷണം നടത്തി. സുറിയാനി ഭാഷാ പൈതൃകത്തെ അടുത്ത തല മുറയിലേക്കു കൈമാറിയ മഹാഗുരുവായിരുന്നു പരിശുദ്ധ ഔഗേൻ ബാവയെന്ന് അദ്ദേഹം അനുസ്മരിച്ചു. ഭാരതീയശൈലി ജീവിതത്തിൽ പകർത്തിയ സന്യാ സിയായിരുന്നു ഔഗേൻ ബാവായെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട് റീശ് കോർഎപ്പിസ്കോപ്പാ, ഫാ. ഡോ. ജേക്കബ് കുര്യൻ, ഫാ. ഡോ. ബേബി വർഗീസ്, ഫാ. ഡോ. എം. ഒ. ജോൺ എന്നിവർ പ്രബന്ധാവതരണം നടത്തി.

എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറി ഡോ. യൂഹാനോൻ മാർ ക്രിസോ സ്റ്റമോസ്, ഡോ. യാക്കോബ് മാർ ഐറേനിയസ്, യൂഹാനോൻ മാർ പോളി ക്കാർപോസ്, മാത്യൂസ് മാർ തേവോദോസിയോസ്, ഡോ. യൂഹാനോൻ മാർ ദിയസ്കോറസ്, ഡോ. ജോഷ്വാ മാർ നിക്കോദീമോസ്, ഡോ. ഗീവർഗീസ് മാർ യൂലിയോസ്, സഭാ അത്മായ ട്രസ്റ്റി റോണി വർഗീസ് ഏബ്രഹാം, ദേവലോകം അരമന മാനേജർ ഫാ. യാക്കോബ് തോമസ് റമ്പാൻ എന്നിവർ പ്രസംഗിച്ചു.

His Holiness Baselios Marthoma Mathews III, Catholicos of the East & Malankara Metropolitan and Supreme Head of the Malankara Orthodox Syrian Church, participating in the 1700th Anniversary of the Nicene Creed in Nicea (Iznik, Türkiye).

His Holiness joins and leads the ecumenical prayer service alongside the Heads of the Oriental Orthodox and Eastern Orthodox Churches, including Ecumenical Patriarch His Holiness Bartholomew I and His Holiness Pope Leo XIV of Roman Catholic Church.

The gathering takes place near the archaeological remains of the ancient Basilica of Saint Neophytos, during a pilgrimage commemorating the First Council of Nicaea (325 AD)—a profound moment of unity and shared Christian heritage.

പ. ബസേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവായുടെ ചരമ കനക ജൂബിലിയുടെ ഭാഗമായി സംഘടിപ്പിക്കുന്ന സ്മൃതിസന്ധ്യയുടെ ലോഗോ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ പ്രകാശനം ചെയ്യുന്നു. മലങ്കര അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ, അൽമായ ട്രസ്റ്റി റോണി വർഗീസ് ഏബ്രഹാം, വൈദിക ട്രസ്റ്റി ഫാ. ഡോ. തോമസ് വർഗീസ് അമയിൽ, പ. എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറി ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, ദേവലോകം അരമന മാനേജർ ഫാ. യാക്കോബ് റമ്പാൻ എന്നിവർ സമീപം.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ചരിത്രരേഖകൾ

പ. ഗീവർഗീസ് രണ്ടാമൻ ബാവായുടെ ഡയറിക്കുറിപ്പുകൾ (1957)

സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്



1957 ജനുവരി

5 ശനി. കാതോലിക്കേറ്റ് അരമന. മാർ തീമോത്തിയോസ് മെത്രാച്ചൻ കോടനാട്ടിനും, തേവോദോസ്യോസ് മെത്രാച്ചൻ വടശ്ശേരിക്കരയ്ക്കും പോയി. തീമോത്തിയോസ് മെത്രാച്ചന് നാം 25 രൂപ കൊടുത്തു.

ഉമ്മൻ കത്തനാർ അയാളുടെ പള്ളിയിൽ പുത്തൻ കുർബാന ചൊല്ലുന്നതിന് കോടുകുളഞ്ഞിക്കു പോയി.

പരുമല നിന്നും, വെള്ളിക്കുരിശ്, കുർബ്ബാനപ്പെട്ടിയിൽ വയ്ക്കുന്ന സ്വർണ്ണ കാസാ, വെള്ളി കാസാ, പീലാസാകൾ, ഒരു ജോഡി മറുവാസകൾ, ചെറിയ വെള്ളിക്കുരിശുകൾ, വെള്ളി നിലവിളക്കുകൾ, ഒരു സീലീംഗ് ഫാൻ, കുറെ പുസ്തകങ്ങൾ എന്നിവ കൊണ്ടുവന്ന് ഇവിടുത്തെ ഇരുമ്പുപെട്ടിയിലും അലമാരികളിലും വച്ചു.

സി. പി. മാത്തൻ, ഇ. ജോൺ കുരുവിള എന്നിവർ വന്നിരുന്നു. കേരള ഹൈക്കോടതിയിലെ കുഞ്ഞുരാമ ശങ്കര മേനോന്മാരുടെ വിധിയിന്മേൽ ഉടനെ സുപ്രീംകോടതിയിൽ അപ്പീൽ കൊടുക്കണമെന്നു നിർബ്ബന്ധമായി പറഞ്ഞു.

റൂമേനിയൻ പാത്രിയർക്കീസ് നമ്മുടെ പേർക്ക് അയച്ചിട്ടുള്ള സാധനങ്ങൾ ഡ്യൂട്ടി ചുമത്താതെ തരുന്നതിന് വേണ്ട ഏർപ്പാടുകൾ മാത്തൻ ചെയ്തിട്ടുണ്ടെന്നും പറഞ്ഞു. മാത്തന്റെ നിർദ്ദേശപ്രകാരം നമ്മുടെ ഒരു കത്ത് ടി കാര്യത്തെപ്പറ്റി റവന്യൂ മിനിസ്റ്റർക്ക് ഡൽഹിക്കു ഫീലിപ്പോസ് കത്തനാർ ഡ്രാഫ്റ്റു ചെയ്തു കൊണ്ടുവന്നത് അയച്ചു.

സുപ്രീംകോടതിയിൽ ഉടനെ അപ്പീൽ കൊടുക്കണമെന്നും, അതിനാവശ്യമായ സകല കഴിവുകളും വാഗ്ദത്തം ചെയ്യുന്നു എന്നും മറ്റും കാണിച്ചുകൊണ്ടു പള്ളികളിൽ നിന്നും വ്യക്തികളിൽ നിന്നും അനേകം കത്തുകളും കമ്പിസന്ദേശങ്ങളും ലഭിച്ചുകൊണ്ടിരിക്കുന്നുണ്ട്.

ജനുവരി 6. ഞായർ. ദനഹാ പെരുന്നാൾ. മല്പാൻ യോഹന്നാൻ കത്തനാർ ദനഹായുടെ ശുശ്രൂഷകൾ നടത്തുകയും വി. കുർബ്ബാന അർപ്പിക്കുകയും ചെയ്തു. വി. കുർബ്ബാന കഴിഞ്ഞ് നാം പ്രസംഗിച്ചു.

ജനുവരി 7 തിങ്കൾ. ഇന്ന് യോഹന്നാൻ മാംദാനയുടെ ശിരച്ഛേദനപ്പെരുന്നാൾ പ്രമാണിച്ച് മല്പാൻ വി. കുർബ്ബാന അർപ്പിച്ചു. മണലിൽ യാക്കോബ് കത്തനാരും, പഴയസെമിനാരി മാനേജരച്ചനും വന്നിരുന്നു. കേസിന്റെ കാര്യങ്ങളെപ്പറ്റിയും മറ്റും പറഞ്ഞു. മല്പാൻ യോഹന്നാൻ കത്തനാർ വൈദികസെമിനാരി തുറക്കുകയാൽ അങ്ങോട്ടു പോയി.

ജനുവരി 8 ചൊവ്വ. കാതോലിക്കേറ്റ് അരമന. മാർ സ്തേഫാനോസ് സഹദായുടെ പെരുന്നാൾ പ്രമാണിച്ച് മേൽപ്പാടത്തുകാരൻ മത്തായി കത്തനാർ വി. കുർബ്ബാന അർപ്പിച്ചു. മൂലേടത്തു നിന്നും ഇ. ജെ. ഏബ്രഹാം കത്തനാർ വന്നിരുന്നു. ജനുവരി 15-ാം തീയതി പതിവുപോലെ ആ പള്ളിയുടെ പെരുന്നാൾ കൊണ്ടാടുന്ന കാര്യത്തെപ്പറ്റിയും മറ്റും പറഞ്ഞു.

ജനുവരി 9 ബുധൻ. കുന്നംകുളം പള്ളിയിൽ നിന്നും കേസിന് 200 രൂപയും പാറേമ്മേൽ കുറിയാക്കോസ് കത്തനാർ 101 രൂപായും അയച്ചുതന്നു. ഉമ്മൻ കത്തനാർ വീട്ടിൽ നിന്നും 5 മണിയോടു കൂടി വന്നു. മാന്നാത്തുകാരൻ (പരുമല മാന്നാർ സ്വദേശി എന്ന് അർത്ഥം - എഡിറ്റർ) പള്ളത്തു ശെമ്മാശൻ പരുമല നിന്നും വന്നു. ഇവിടെ കുശിനിയിൽ നിന്നിരുന്ന കുഞ്ഞൂഞ്ഞ് എന്ന ചെറുക്കൻ (പരുമലക്കാരൻ) ഇവിടുത്തെ ജോലി പ്രയാസമുണ്ടെന്ന് പറഞ്ഞ് തിരിച്ചുപോയി.

ജനുവരി 10 വ്യാഴം. കാലത്ത് കാപ്പിമേശ കഴിഞ്ഞ് ഒമ്പതര മണിക്ക് നാമും ആപ്പീസ് സെക്രട്ടറി പി. എൻ. നൈനാനും നമ്മുടെ ഉമ്മൻ കത്തനാരും കൂടി തിരുവല്ലാ ബഥനി അരമനയിലേക്കു പോയി. പത്തര മണിക്ക് അവിടെ ചെന്ന് പള്ളിയിൽ കയറി ലുത്തിനിയാ കഴിഞ്ഞ് കുറെ സമയം അരമനയിൽ വിശ്രമിക്കുകയുണ്ടായി. 11 മണിക്ക് യോഗം ആരംഭിച്ചു. മിക്കവാറും എല്ലാ അച്ചന്മാരും പള്ളിപ്രതിപുരുഷന്മാരും സംബന്ധിച്ചിരുന്നു. ഉപക്രമമായി കുറെ സമയം നാം പ്രസംഗിച്ചു. പിന്നീട് ദീവന്നാസ്യോസ് മെത്രാച്ചൻ പ്രസംഗിച്ചു. കോട്ടയത്തു നിന്നും മാനേജർ കത്തനാരും ഇ. ജെ. ജോസഫ്, കൊച്ചുകൊച്ച് എന്നിവരും വന്നിരുന്നു. പി. എൻ. നൈനാൻ, കൊച്ചുകൊച്ച്, ഏലിയാസ് കോറെപ്പിസ്ക്കോപ്പാ എന്നിവരും കൂടാതെ മറ്റു പലരും പ്രസംഗിച്ചു. വളരെ ഉത്സാഹത്തിൽ പിരിവ് ലിസ്റ്റും പണങ്ങളും ഉണ്ടാക്കുന്നതിന് ശ്രമിച്ചു. രണ്ടു മണിയോടു കൂടി യോഗം പിരിഞ്ഞ് എല്ലാവരും പോകയും ചെയ്തു. ഉച്ചമേശയും കഴിഞ്ഞ് കുറെ സമയം നാം അവിടെ വിശ്രമിച്ചു. നാലു മണി കഴിഞ്ഞ് നാം കോട്ടയത്തിന് തിരിക്കയും അഞ്ചരയ്ക്ക് ദേവലോകം അരമനയിൽ എത്തി സന്ധ്യാനമസ്കാരവും കഴിഞ്ഞ് സുഖമായി വിശ്രമിച്ചു.

11 വെള്ളി. സുഖമായി നാം അരമനയിൽ താമസിച്ചു. പരുമല മാനേജരും പഴയസെമിനാരി മാനേജരും വന്ന് സമുദായ കാര്യങ്ങൾ അന്വേഷിച്ച് മടങ്ങിപ്പോയി. മറ്റു വിശേഷം ഒന്നും ഇല്ല.

12 ശനി. നാം സുഖമായി താമസിച്ചു. ഉമ്മൻ കത്തനാർ എടനാട് പള്ളി നടത്തുവാനായി പോകയും മത്തായി കത്തനാർ പള്ളം പള്ളി നടത്താനായി പോകയും ചെയ്തു. യോഹന്നാൻ മല്പാൻ അരമന ചാപ്പലിൽ കുർബ്ബാന ചൊല്ലുവാൻ വന്നു. കുറിച്ചിയിൽ നിന്ന് ചാക്കോച്ചനും മറ്റും വന്ന് നാം എഴുന്നെള്ളുന്നതിനെക്കുറിച്ച് അറിഞ്ഞ് പോകയും ചെയ്തു.

13 ഞായർ. രാവിലെ 7 മണിക്ക് ദേവലോകം അരമനയിൽ നിന്നും കുറിച്ചി പള്ളിയിലേക്ക് പോയി. നമ്മുടെ പിതാവിന്റെ ഓർമ്മദിവസമായിരുന്നു. അതി

നാൽ നാം അവിടെ വി. കുർബ്ബാന അർപ്പിക്കുകയും കുർബ്ബാനമദ്ധ്യേ ഒരു ലഘു പ്രസംഗം ചെയ്യുകയും ചെയ്തു. കുർബ്ബാനയ്ക്കു ശേഷം പിതാവിന്റെയും സഹോദരന്റെയും കബറിങ്കൽ ധൂപം വെച്ച് പ്രാർത്ഥിക്കയുണ്ടായി. പിന്നെ അവിടെ വിശ്രമിച്ചു. ഉച്ചമേശയ്ക്കുശേഷം തിരിച്ച് നാം അരമനയിലേക്ക് എഴുന്നെള്ളി. ആറു മണിക്ക് തേവോദോസ്യോസ് മെത്രാച്ചൻ ഇവിടെ വന്ന് നമ്മോടു കൂടി താമസിച്ചു. ഉമ്മൻ കത്തനാരും വന്നു.

14 തിങ്കൾ. നമസ്കാരം കഴിഞ്ഞ് കാപ്പിമേശയും കഴിഞ്ഞ് ഏഴര മണിക്ക് തുമ്പമൺ ഭദ്രാസനയോഗത്തിൽ അദ്ധ്യക്ഷം വഹിക്കുന്നതിനായി അരമനയിൽ നിന്ന് തിരിച്ച് മാക്കാംകുന്ന് പള്ളിയിൽ ചെന്ന് ലുത്തിനിയാ നടത്തി പള്ളിക്കെട്ടിടത്തിൽ വിശ്രമിച്ചു. പീലക്സിനോസ് മെത്രാച്ചനും വന്നുചേർന്നു. ഭദ്രാസനത്തിലെ എല്ലാ പള്ളിപ്രതിപുരുഷന്മാരും പട്ടക്കാരും യോഗത്തിൽ സംബന്ധിക്കയുണ്ടായി. പത്തര മണിക്ക് യോഗം ആരംഭിച്ചു. നാം മുഖവുരയായി സമുദായക്കേസിനെക്കുറിച്ചും മറ്റും ഒരു പ്രസംഗം ചെയ്തു. പിന്നീട് ദാവീദ് കത്തനാരും കൊല്ലൻ കത്തനാരും ഇഞ്ചക്കലോടി ഏബ്രഹാം കോറെപ്പിസ്ക്കോപ്പാ മുതലായവരും പ്രസംഗിച്ചു. പണപ്പിരിവും വാഗ്ദത്ത സംഖ്യകളിലും എല്ലാവരും ഉത്സാഹത്തോടുകൂടി പങ്കുകൊണ്ടു. രണ്ടു മണിക്ക് യോഗം അവസാനിച്ചു. എല്ലാവരും പിരിഞ്ഞുപോകയുണ്ടായി. മെത്രാച്ചനും നാമും അവിടെ വിശ്രമിച്ചു. 5 മണിയോടു കൂടി മെത്രാച്ചൻ ബേസിൽ ദയറായിലേക്ക് പോയി.

15 ചൊവ്വ. നമസ്കാരത്തോടു കൂടി ഉമ്മൻ കത്തനാർ കുർബ്ബാന ചൊല്ലി. വിത്തുകളെപ്രതി വി. ദൈവമാതാവിന്റെ ഓർമ്മദിവസം കൂടിയായിരുന്നു. നാമും മെത്രാച്ചനും മദ്ബഹായിൽ ഇരുന്ന് കുർബ്ബാനയിൽ സംബന്ധിച്ചു.

കോളജിലെ പ്രിൻസിപ്പൽ മാത്തൻ തരകൻ ആദിയായവർ നാം കോളജിലേക്ക് എഴുന്നെള്ളണമെന്ന് ആവശ്യപ്പെടുകയുണ്ടായി. മെത്രാച്ചൻ നമ്മെ നിർബ്ബന്ധിച്ചു. കാപ്പിമേശയ്ക്കുശേഷം മെത്രാച്ചനോടുകൂടി 9 മണിയോടുകൂടി കോളജിൽ പോകയും കോളജിൽ കയറി കെട്ടിടങ്ങളെല്ലാം കാണുകയുണ്ടായി. പിന്നീട് നാം വിദ്യാർത്ഥികളോടും അദ്ധ്യാപകരോടുമായി അല്പസമയം ഗുണദോഷരൂപേണ പ്രസംഗിക്കുകയുണ്ടായി. പിന്നീട് മെത്രാച്ചന്റെ ആസ്ഥാനമായ ബേസിൽ ദയറായിൽ പോകയും സ്ഥലങ്ങളും പണിതുകൊണ്ടിരിക്കുന്ന കെട്ടിടങ്ങളും മറ്റും കണ്ട് അല്പസമയം വിശ്രമിച്ചശേഷം അവിടെ നിന്നും മെത്രാച്ചനോടു കൂടി നമ്മുടെ അവിടെയുള്ള ഹൈസ്കൂളിലേക്ക് പോയി അവിടെയുള്ള കെട്ടിടങ്ങളും മറ്റും കണ്ടശേഷം വിദ്യാർത്ഥികളോടും അദ്ധ്യാപകരോടും നാം അല്പസമയം പ്രസംഗിച്ചു. അതിനുശേഷം അവിടെ നിന്നു നാം മാക്കാംകുന്നു പള്ളിയിൽ വന്നു വിശ്രമിച്ചു. ഉച്ചനമസ്കാരവും മേശയും കഴിഞ്ഞ് അല്പസമയം വിശ്രമിച്ചു. നാലു മണിക്ക് നാം അവിടെ നിന്ന് പള്ളിയിൽ കയറി ലുത്തിനിയാ നടത്തി കോട്ടയത്തിനു തിരിച്ച് എഴുന്നള്ളുകയും അഞ്ചരമണിക്ക് ദേവലോകം അരമനയിൽ എത്തി താമസിക്കയും ചെയ്തു. മത്തായി കത്തനാർ ഇവിടെ ഉണ്ടായിരുന്നു.

16 ബുധൻ. നാം സുഖമായി ഇവിടെ താമസിച്ചു. പരുമല നിന്നും മാത്യൂസ് കത്തനാർ വന്നിരുന്നു. പഴയസെമിനാരിയിൽ നിന്നും മാനേജർ കത്തനാരും വന്ന് സമുദായകാര്യങ്ങൾ വേണ്ടത് പ്രവർത്തിച്ചുകൊള്ളാമെന്നു പറഞ്ഞശേഷം തിരിച്ചുപോയി. ഉമ്മൻ കത്തനാരും മത്തായി കത്തനാരും നമ്മോടു കൂടി ഇവിടെ താമസിച്ചു.

17 വ്യാഴം. നാം സുഖമായി താമസിച്ചു. അത്താനാസ്യോസ് മെത്രാച്ചനും ഈവാനിയോസ് മെത്രാച്ചനും പീലക്സിനോസ് മെത്രാച്ചനും വന്ന് കൗൺസിൽ കൂടി വേണ്ട ആലോചനകൾ നടത്തിയശേഷം നാലു മണിയോടു കൂടി തിരികെ മടങ്ങിപ്പോയി. ആറു മണിയോടു കൂടി ദീവന്നാസ്യോസ് മെത്രാച്ചൻ വന്നു. ഗവർണറെ ക്ഷണിക്കുന്ന കാര്യത്തെപ്പറ്റി നമ്മോടു പറകയുണ്ടായി. അതിനുശേഷം എട്ടു മണിയോടു കൂടി മെത്രാച്ചൻ തിരുവനന്തപുരത്തേക്ക് പോകയും ചെയ്തു.

18 വെള്ളി. നാം സുഖമായി താമസിച്ചു. ഉമ്മൻ കത്തനാരും മത്തായി കത്തനാരും ഇവിടെ നമ്മോടു കൂടി താമസിച്ചു. അഞ്ചു മണിയോടുകൂടി സി. പി. മാത്തൻ വന്നിരുന്നു. സമുദായകാര്യങ്ങൾ വേണ്ടവിധത്തിൽ പ്രവർത്തിക്കാമെന്ന് പറഞ്ഞു. കല്ലൂപ്പാറ പള്ളി വികാരി പണിക്കർ കത്തനാർ പള്ളിക്കാര്യങ്ങൾ പറകയുണ്ടായി. മൂലവട്ടം പള്ളി വികാരി അബ്രഹാം കത്തനാർ വന്നിരുന്നു.

19 ശനി. നാം സുഖമായി ഇവിടെ താമസിച്ചു. പഴയസെമിനാരിയിൽ നിന്ന് മാനേജർ കത്തനാർ വന്നിരുന്നു. മത്തായി കത്തനാർ പള്ളം പള്ളി നടത്താൻ പോയി. മല്പാൻ യോഹന്നാൻ കത്തനാർ വന്നിരുന്നു. ഉമ്മൻ കത്തനാരും ഇവിടെ ഉണ്ടായിരുന്നു.

20 ഞായർ. നാം ഇന്ന് ഇവിടെ കുർബ്ബാന അർപ്പിക്കയും കുർബ്ബാനമദ്ധ്യേ ഒരു പ്രസംഗം പറകയും ചെയ്തു. ഉമ്മൻ കത്തനാർ ഇവിടെ ഉണ്ടായിരുന്നു. യോഹന്നാൻ കത്തനാർ മാങ്ങാനത്തു പള്ളിയിൽ കുർബ്ബാന ചൊല്ലാൻ പോയി. മൂന്നു മണിയോടു കൂടി ഈവാനിയോസ് മെത്രാച്ചൻ വന്ന് സമുദായകാര്യം തിരക്കി പോകയും ചെയ്തു.

21 തിങ്കൾ. നാം ദേവലോകം അരമനയിൽ നിന്നും കാപ്പിമേശ കഴിഞ്ഞ് എട്ടര മണിയോടു കൂടി പത്തിച്ചിറ പള്ളിയുടെ കുരിശുകൂദാശയ്ക്കുവേണ്ടി തിരിച്ചു. പോകുന്നവഴി തഴക്കര പള്ളിയിൽ കയറി. അവിടെനിന്നും തിരിച്ച് പത്തര മണിക്ക് സുവിശേഷാലയത്തിൽ കയറി അല്പം വിശ്രമിച്ചശേഷം പത്തേമുക്കാൽ മണിക്ക് പത്തിച്ചിറ പള്ളിയിൽ എത്തുകയും ലുത്തിനിയായും കഴിഞ്ഞ് കുറച്ചുസമയം വിശ്രമിക്കയുണ്ടായി. കൂറിലോസ് മെത്രാച്ചനും മറ്റു അച്ചന്മാരും അവിടെ ഉണ്ടായിരുന്നു. പതിനൊന്നര മണിക്ക് പള്ളിയുടെ കിഴക്കുവശത്ത് പുതിയതായി പണിയിച്ചിട്ടുള്ള കുരിശിൻതൊട്ടിയുടെ കൂദാശ ആരംഭിച്ചു. കൂദാശയ്ക്കുശേഷം എം. വി. ജോർജ്ജ് കത്തനാർ പ്രസംഗിക്കുകയും മെത്രാച്ചൻ കൈമുത്ത് നടത്തുകയും ചെയ്തു. അതിനുശേഷം അവിടെ കൂടിയിരുന്ന വലിയൊരു ജനവിഭാഗത്തോടു നാം ഒരു പ്രസംഗം പറയുകയും ചെയ്തശേഷം സ്കൂൾകെട്ടിടത്തിൽ വന്ന് ഉച്ചമേശയ്ക്കുശേഷം വിശ്രമിച്ചു. നാലു മണിക്ക് അവിടെനിന്നും പുതിയകാവു പള്ളിയിൽ കയറി ലുത്തിനിയാ നടത്തി അരമനകെട്ടിടത്തിൽ വിശ്രമിച്ചു. അവിടെ താമസിച്ചു. അച്ചന്മാരും ഇടവകാംഗങ്ങളിൽ പ്രമുഖന്മാരും വന്ന് നമ്മെ കാണുകയും സുഖസൗഖ്യാദികൾ അന്വേഷിച്ച് മടങ്ങിപ്പോകയും ചെയ്തു.

22 ചൊവ്വ. കാപ്പിമേശയ്ക്കുശേഷം 10 മണിയോടു കൂടി കല്ലുമ്പൊറത്ത് മെത്രാച്ചന്റെ (തോമ്മാ മാർ ദീവന്നാസിയോസ് – എഡിറ്റർ) അനുജനായ ഇസഹാക്കു കത്തനാരെ കാണുകയും പ്രത്യേക പ്രാർത്ഥനകൾ നടത്തിയശേഷം അവിടെനിന്ന് തിരിച്ച് പതിനൊന്നര മണിക്ക് പുത്തൻകാവു വലിയപള്ളിയിൽ കയറി ലുത്തിനിയായ്ക്കും കബറിങ്കലെ ധൂപപ്രാർത്ഥനയ്ക്കും ശേഷം അവിടെ വിശ്രമിക്കുകയുണ്ടായി. വികാരിയും ഇടവകാംഗങ്ങളിൽ ചിലരും അവിടെ ഉണ്ടായിരുന്നു. 5 മണിയോടുകൂടി പീലക്സിനോസ് മെത്രാച്ചൻ അവിടെ വന്ന് നമ്മോടു കൂടി താമസിച്ചു. ഇടവകാംഗങ്ങളിൽ പലരും നമ്മോടു സ്നേഹബഹുമാനങ്ങൾ പ്രകടിപ്പിച്ചു.

23 ബുധൻ. രാവിലെ 9 മണിയോടു കൂടി കാപ്പിമേശയ്ക്കുശേഷം ലുത്തിനിയായും കബറിങ്കലെ ധൂപപ്രാർത്ഥനയും നടത്തിയശേഷം ഒമ്പതര മണിക്ക് അവിടെനിന്ന് കൊല്ലം ഭദ്രാസന മീറ്റിംഗിന്റെ ആവശ്യത്തിലേക്ക് 11 മണിയോടു കൂടി കുണ്ടറ സെമിനാരിയിൽ എത്തി വിശ്രമിച്ചു. കൂറിലോസ് മെത്രാച്ചൻ ഇവിടെ ഉണ്ടായിരുന്നു. അധ്യാപകർ എല്ലാവരും വന്ന് കാണുകയുണ്ടായി. അച്ചന്മാരും ശെമ്മാശന്മാരും ഇവിടെ ഉണ്ടായിരുന്നു.

24 വ്യാഴം. കുണ്ടറ സെമിനാരി. രാവിലെ നാം പള്ളിക്കൂടവും പുതിയ കെട്ടിടങ്ങളും കാണുകയുണ്ടായി. പള്ളത്തെ ശെമ്മാശനെ പരുമലയ്ക്ക് അയയ്ക്കുകയുണ്ടായി. പത്തരമണിക്ക് കൊല്ലം ഭദ്രാസനത്തിന്റെ മീറ്റിംഗ് നമ്മുടെ അദ്ധ്യക്ഷതയിൽ സ്കൂൾകെട്ടിടത്തിൽ വെച്ച് ആരംഭിച്ചു. കൂറിലോസ് മെത്രാച്ചനും അച്ചന്മാരും പള്ളിപ്രതിപുരുഷന്മാരും സന്നിഹിതരായിരുന്നു. ഉപക്രമമായി നാം അവരോട് സമുദായിക കാര്യങ്ങൾ പ്രസംഗരൂപേണ പറയുകയുണ്ടായി. പിന്നീട് സി. റ്റി. ഈപ്പൻ കത്തനാർ, പി. എം. നൈനാൻ എന്നിവരും പ്രസംഗിച്ചു. സമുദായക്കേസിന് ആവശ്യമായ പണങ്ങൾ പള്ളികളിൽ നിന്നും വ്യക്തികളിൽ നിന്നും ധാരാളമായി വാഗ്ദാനങ്ങൾ നൽകപ്പെട്ടു. ഒരു മണിക്ക് യോഗം നിർത്തി ഉച്ചഭക്ഷണത്തിന് പോരുകയും ചെയ്തു. രണ്ടു മണിക്ക് വീണ്ടും യോഗം കൂടി നാലു മണിക്ക് നമ്മുടെ ഉപസംഹാരത്തോടു കൂടി യോഗം അവസാനിപ്പിച്ച് എല്ലാവരും പിരിഞ്ഞുപോകയും ചെയ്തു. പിന്നീട് നാം ഇവിടെ വിശ്രമിച്ചു. മെത്രാച്ചനും ഇവിടെ താമസിച്ചു.

25 വെള്ളി. കാലത്തെ കാപ്പിമേശയ്ക്കുശേഷം കൊടുവിളത്ത് പുതുതായി പണി കഴിച്ചുകൊണ്ടിരിക്കുന്ന പള്ളിയിലേക്കു നാം പോകുകയും ലുത്തിനിയായും കഴിഞ്ഞ് ഇടവകയിൽ കൂടിയിരുന്ന ആളുകളെയും കണ്ടു തിരിച്ചു 11 മണിയോടു കൂടി കുണ്ടറ സെമിനാരിയിൽ വന്നു. പരുമല നിന്നും മാത്യൂസ് കത്തനാർ വന്നിരുന്നു. സമുദായകാര്യം അന്വേഷിച്ചശേഷം തിരിച്ചുപോയി.

26 ശനി. കാപ്പിമേശയ്ക്കു മുമ്പായി സ്കൂളും പരിസരങ്ങളും നാം കാണു

കയുണ്ടായി. നാം സുഖമായി താമസിച്ചു. തടുത്തുവിള കത്തനാരും തെക്കേ പുരയിലെ കത്തനാരും വന്ന് തടുത്തുവിള കത്തനാരുടെ മകളുടെ കല്യാണം നടത്തിക്കൊടുക്കുന്നതിന് ആവശ്യപ്പെട്ടു. നാം സുഖമായി താമസിച്ചു. കള ത്തറ കത്തനാർ അഞ്ചൽ പള്ളി നടത്തുന്നതിനായി പോയി. ജേക്കബ് കത്ത നാരും ഉമ്മൻ കത്തനാരും ശെമ്മാശന്മാരും അവിടെ നമ്മോടു കൂടി താമസി ച്ചു.

27 ഞായർ. കുണ്ടറ. ഏഴു മണിയോടു കൂടി പള്ളിയിലേക്കു പോയി കുർബ്ബാന ചൊല്ലുകയും പ്രസംഗിക്കുകയും ചെയ്തു. നാം കുണ്ടറ സെമിനാ രിയിൽ ഉണ്ടെന്ന് അറിഞ്ഞ് ധാരാളം ആളുകൾ കൂടി. 11 മണിക്ക് കുർബ്ബാന കഴിഞ്ഞ് നാം അവിടെ വിശ്രമിച്ചു.

28 തിങ്കൾ. കാപ്പിമേശയ്ക്കുശേഷം നാം വിശ്രമിച്ചു. ഒമ്പതു മണിയോടുകൂ ടി കൂറിലോസ് മെത്രാച്ചൻ വരുകയും നാം ഒന്നിച്ചു കുണ്ടറ വലിയപള്ളിയിൽ വച്ച് ലുത്തിനിയാ നടത്തിയശേഷം തടുത്തുവിള കത്തനാരുടെ വിവാഹ കൂദാ ശയും നടത്തിയശേഷം മെത്രാച്ചനും ഒന്നിച്ച് തിരിച്ച് കുണ്ടറ സെമിനാരിയിൽ വന്ന് വിശ്രമിച്ചു. ഉച്ചമേശയ്ക്കു ശേഷം നാം മൂന്നു മണിയോടു കൂടി അവിടെ നിന്നും കോട്ടയത്തിന് തിരിച്ച് അഞ്ചര മണിക്കു ദേവലോകം അരമനയിൽ എത്തുകയും സുഖമായി താമസിക്കുകയും ചെയ്തു.

29 ചൊവ്വ. ദേവലോകം അരമന. നാം സുഖമായി ഇവിടെ താമസിച്ചു. മണ ലിൽ യാക്കോബ് കത്തനാരും മാനേജർ കത്തനാരും വന്നിരുന്നു. അഞ്ചു മണി യോടു കൂടി കെ. റ്റി. കുര്യൻ വക്കീലും ഇടവകക്കാരിൽ ചിലരും ചാലക്കുഴി യിലെ ഗീവർഗീസ് കത്തനാരും കൂടി വന്ന് പാലിയേക്കര പള്ളിയിലെ കേസിന്റെ കാര്യങ്ങൾ നമ്മെ മനസ്സിലാക്കുകയും നാളെ നമ്മെ വിസ്തരിക്കുന്നതിനായി കമ്മീഷനും നൈനാൻ വക്കീലും വരുന്നതാണെന്ന് അറിയിക്കുകയും ചെയ്തു. നാം അത് സമ്മതിക്കുകയും ചെയ്തു.

30 ബുധൻ. കാപ്പിമേശ കഴിഞ്ഞ് വിശ്രമിച്ചശേഷം കമ്മീഷണറും വക്കീല ന്മാരും വരുകയും 10 മണിക്കുശേഷം നമ്മെ വിസ്തരിക്കുകയും ചെയ്തു. നമ്മുടെ അനുജന്റെ 40-ാം ദിവസം ആയിരുന്നതിനാൽ മത്തായി കത്തനാർ വി. കുർബ്ബാന അർപ്പിക്കയും നാം അതിൽ സംബന്ധിക്കയും പ്രത്യേകം ധൂപ പ്രാർത്ഥന നടത്തുകയും ചെയ്തു. ഉമ്മൻ കത്തനാർ നമ്മോടുകൂടി ഉണ്ടായി രുന്നു. മൂലവട്ടത്തുനിന്നു അബ്രഹാം കത്തനാർ വന്നു നമ്മോടുകൂടി താമസി ക്കയും ചെയ്തു.

31 വ്യാഴം. കാതോലിക്കേറ്റ് അരമന. കൗൺസിൽ ഉണ്ടെന്നുള്ള ഉദ്ദേശ്യ ത്തോടുകൂടിയും പുതുപ്പള്ളി പള്ളിയുടെ കാര്യം അറിയിക്കുന്നതിനുമായി പാറേ ട്ട് ഈവാനിയോസ് മെത്രാച്ചൻ വരുകയും 11 മണിയോടുകൂടി തിരിച്ചുപോകു കയും ചെയ്തു. പരുമല നിന്നും മാത്യൂസ് കത്തനാർ വന്നിരുന്നു. കേസിന്റെ കാര്യങ്ങൾ അന്വേഷിക്കുകയും വേണ്ട കാര്യങ്ങൾ ചെയ്തുകൊള്ളണമെന്നു നാം അറിയിച്ചു. പഴയസെമിനാരിയിൽ നിന്നു മാനേജർ വന്നിരുന്നു. കുറിച്ചി പള്ളിക്കാര്യങ്ങൾ അറിയിക്കുന്നതിനായി വികാരി വരുകയും നമ്മെ ധരിപ്പിക്കു കയും ചെയ്തു.

1957 ഫെബ്രുവരി

1 വെള്ളി. കാതോലിക്കേറ്റ് അരമന. നാം സുഖമായി ഇവിടെ താമസിച്ചു. പഴയസെമിനാരി മാനേജർ വന്നിരുന്നു. ഉമ്മൻ കത്തനാർ കുർബ്ബാന നടത്തു ന്നതിനായി നമ്മുടെ അനുവാദത്തോടുകൂടി പോയി. മത്തായി കത്തനാർ ഇ വിടെ നമ്മോടുകൂടി ഉണ്ടായിരുന്നു. ഫീലിപ്പോസ് കത്തനാരും വന്ന് നമ്മെ കാണുകയുണ്ടായി.

2 ശനി. കാതോലിക്കേറ്റ് അരമന. മത്തായി കത്തനാർ മായൽത്തോ ആയി രുന്നതിനാൽ വി. കുർബ്ബാന അർപ്പിക്കയും നാം അതിൽ സംബന്ധിക്കയും ചെയ്തു. 10 മണിയോടു കൂടി നാം എം.ഡി. സെമിനാരിയിലേക്ക് പോയി. അവിടെ ചെന്നപ്പോൾ മെത്രാച്ചൻ അവിടെയില്ലായിരുന്നു. 11.30 മണിയോടു കൂടി ദേവ ലോകം അരമനയിൽ വന്നു. ഉമ്മൻ കത്തനാർ വരികയും ചെങ്ങന്നൂർ പള്ളി നടത്തുന്നതിനായി പോകയും ചെയ്തു. ഫീലിപ്പോസ് കത്തനാർ വന്നിരുന്നു.

3 ഞായർ. ഏഴു മണിയോടു കൂടി നാം പഴയസെമിനാരിയിലേക്കു പോകയും അവിടെ വി. കുർബ്ബാന അർപ്പിക്കുകയും കുർബ്ബാനമദ്ധ്യേ സുദീർഘമായ ഒരു പ്രസംഗം പറകയും ചെയ്തു. പത്തര മണിയോടു കൂടി കുർബ്ബാന അവസാ നിച്ചു. അതിനുശേഷം മാളികമുറിയിലേക്ക് നാം പോകയും കാപ്പിമേശയ്ക്കു ശേഷം സ്വല്പസമയം വിശ്രമിക്കയും പതിനൊന്നര മണിയോടു കൂടി ദേവ ലോകം അരമനയിൽ വരികയും ചെയ്തു. മത്തായി കത്തനാർ ദേവലോകം ചാപ്പലിൽ കുർബ്ബാന അർപ്പിച്ചു. ഫീലിപ്പോസ് കത്തനാരും പഴയസെമിനാരി മാനേജരും എം. വി. ജോർജ് കത്തനാരും വന്നിരുന്നു.

4 തിങ്കൾ. കാതോലിക്കേറ്റ് അരമന. നാം പത്തു മണിയോടു കൂടി കോട്ടയം ചെറിയപള്ളിയിലേക്ക് പോകയും അവിടെവെച്ച് കിഴക്കേറ്റത്ത് കുഞ്ഞപ്പന്റെ മകന്റെ കല്യാണം നടത്തുകയും ചെയ്തു. നമ്മോടു കൂടെ അത്താനാസ്യോസ് മെത്രാച്ചനും സംബന്ധിച്ചിരുന്നു. 12 മണിയോടു കൂടി ദേവലോകം അരമന യിൽ വന്നുചേർന്നു. രാവിലെ 11 മണിയോടു കൂടി തീമോത്തിയോസ് മെത്രാ ച്ചൻ വരികയും നാലു മണിയോടു കൂടി മൂവാറ്റുപുഴയ്ക്ക് പോകയും ചെയ്തു. പഴയസെമിനാരി മാനേജരും മത്തായി കത്തനാരും ഫീലിപ്പോസ് കത്തനാരും എം. വി. ജോർജ് കത്തനാരും ഇവിടെ ഉണ്ടായിരുന്നു.

5 ചൊവ്വ. രാവിലെ കാപ്പിമേശയ്ക്കുശേഷം ബഥനി അരമനയിൽ വരികയും ലുത്തിനിയായ്ക്കു ശേഷം നാം അരമനയിൽ വിശ്രമിക്കുകയും ചെയ്തു. ദീവ ന്നാസ്യോസ് മെത്രാച്ചനും ഉണ്ടായിരുന്നു. വിശ്രമാനന്തരം 12 മണിയോടുകൂടി അവിടെ നിന്നും പുറപ്പെട്ട് പരുമല സെമിനാരിയിൽ ഒരു മണിയോടു കൂടി വരികയും ലുത്തിനിയായ്ക്കു ശേഷം നാം ഇവിടെ വിശ്രമിക്കുകയും ചെയ്തു. 5 മണിയോടു കൂടി നിരണത്തെ കത്തനാരന്മാരും മാവേലിക്കര നിന്ന് കെ. ഒ. മാത്യു വക്കീലും പറമ്പിലെ കത്തനാരും വന്നിരുന്നു. കേസിന്റെ കാര്യത്തെ പ്പറ്റി സംസാരിക്കയുണ്ടായി. നാം വേണ്ടതു പ്രവർത്തിച്ചുകൊള്ളണമെന്ന് പറ കയുണ്ടായി. ആറര മണിയോടു കൂടി സി. റ്റി. ഈപ്പൻ കത്തനാർ വരികയു ണ്ടായി.

6 ബുധൻ. പരുമല. നമുക്ക് നല്ല സുഖമില്ലാതെയിരുന്നതിനാൽ കുർബ്ബാന ചൊല്ലുവാൻ സാധിച്ചില്ല. സി. റ്റി. ഈപ്പൻ കത്തനാർ കുർബ്ബാന ചൊല്ലുന്നതി നായി നാം അനുവദിച്ചു. നാം കുർബ്ബാന കാണുകയുണ്ടായി. റമ്പാച്ചനും ശെമ്മാശന്മാരും മത്തായി കത്തനാരും ഉണ്ടായിരുന്നു. മാനേജരെ നാം കോട്ട യത്തിന് ചെറിയാൻ വക്കീലിനെ കാണുന്നതിന് അയച്ചു. പള്ളത്തെ ശെമ്മാ ശനെ നാം ഒരു എഴുത്തുംകൊടുത്ത് കെ. റ്റി. കുര്യൻ വക്കീലിന്റെ അടുക്കൽ അയച്ചു. നാം സുഖമായി താമസിക്കുകയും ചെയ്തു.

7 വ്യാഴം. പരുമല. നമസ്കാരത്തോടുകൂടി തന്നെ പരുമല നാം കുർബ്ബാന അർപ്പിച്ചു. റമ്പാച്ചനും മറ്റും കുർബ്ബാനയിൽ സംബന്ധിക്കുകയും ചെയ്തു. എട്ടു മണിയോടു കൂടി കുർബ്ബാന അവസാനിച്ചു. കാപ്പിമേശയ്ക്കുശേഷം നാം വിശ്രമിക്കയുണ്ടായി. മൂന്ന് മണിയോടു കൂടി പരുമല നിന്നും തിരിച്ച് ബഥനി അരമനയിൽ വന്ന് മെത്രാച്ചനെ കാണുകയുണ്ടായി. ഉടനെതന്നെ അവിടെ നിന്നും തിരിച്ച് കോട്ടയത്തിനു പോരുകയും പോരുന്ന വഴി പീലക്സിനോസ് മെത്രാച്ചനെ കാണുകയും കണ്ട് അല്പസമയം സംസാരിക്കുകയും മറ്റും ചെയ്തു. ആറേകാൽ മണിയോടു കൂടി ദേവലോകം അരമനയിൽ വരികയും നമസ്കാരം കഴിഞ്ഞ് നാം വിശ്രമിക്കയും ചെയ്തു.

8 വെള്ളി. കാതോലിക്കേറ്റ് അരമന. നാം സുഖമായി താമസിച്ചു. മാനേജർ ജേക്കബ് കത്തനാരും ഫീലിപ്പോസ് കത്തനാരും വന്നിരുന്നു. അഞ്ചു മണി യോടു കൂടി ഈവാനിയോസ് മെത്രാച്ചൻ വന്നിരുന്നു. കുറിച്ചി പള്ളിയുടെയും പാണ്ടങ്കേരി പള്ളിയുടെയും കാര്യങ്ങൾ നമ്മെ അറിയിച്ചു. വേണ്ടത് പ്രവർത്തി ക്കണമെന്നു പറഞ്ഞു. ആറു മണിയോടു കൂടി പോകയും ചെയ്തു.

9 ശനി. കാതോലിക്കേറ്റ് അരമന. സുഖമായി താമസിച്ചു. മൂന്ന് മണിയോ ടുകൂടി സ്റ്റുഡന്റ്സ് കോൺഫ്രൻസിന്റെ അദ്ധ്യക്ഷം വഹിക്കുന്നതിനായി നാം എം.ഡി. യിലേക്ക് പോയി. കൃത്യം മൂന്നര മണിക്ക് യോഗം ആരംഭിച്ചു. അഞ്ചര മണിയോടു കൂടി അവസാനിച്ചു. അവിടെ ചെന്നപ്പോൾ അത്താനാസ്യോസ് മെത്രാച്ചനും ഗ്രിഗോറിയോസ് മെത്രാച്ചനും ഉണ്ടായിരുന്നു. മീറ്റിംഗിൽ ഗ്രിഗോ റിയോസ് മെത്രാച്ചൻ പ്രസംഗിച്ചു. നാം ഉപക്രമമായി കുറച്ചുസമയം പറയുക യുണ്ടായി. അതിനുശേഷം ഫോട്ടോ എടുക്കുകയുണ്ടായി. അതിനുശേഷം മെത്രാച്ചനും നാമും കൂടി കാപ്പിമേശ കഴിക്കുകയുണ്ടായി. ആറു മണിയോടു കൂടി ദേവലോകം അരമനയിൽ വന്നുചേർന്നു. നമസ്കാരം കഴിഞ്ഞ് പുതു തായി പണികഴിച്ച കുരിശിൻതൊട്ടിയിൽ ധൂപപ്രാർത്ഥന നടത്തുകയുണ്ടായി. മല്പാൻ യോഹന്നാൻ കത്തനാരും ഉണ്ടായിരുന്നു. അതിനുശേഷം നാം വിശ്ര മിച്ചു.

(തുടരും)

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

പരിശുദ്ധ ബസ്സേലിയോസ് ഔഗേൻ പ്രഥമൻ ബാവ: മലങ്കരയുടെ ബാർ എബ്രായ

സഖറിയാ പെരുമ്പടവം

മലങ്കരയുടെ ബാർ എബ്രായ പരിശുദ്ധ ബസ്സേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവ കാലം ചെയ്തിട്ട് അഞ്ച് ദശാബ്ദങ്ങളാകുകയാണ്. മലങ്കരസഭയെ അചഞ്ചലമായി, *സ്ഥിരപ്രജ്ഞയോട നയിച്ച ഒരു മനുഷ്യൻ*. അപൂർവ്വം വ്യക്തികൾക്കുമാത്രമേ ഇത്തരത്തിൽ ജീവിക്കുവാൻ കഴിയൂ. മെത്രാച്ചനായപ്പോൾ മുതൽ കാലം ചെയ്യുന്നതു വരെ പല ചരിത്രസംഭവങ്ങൾക്കും കാരണഭൂതനായിട്ടുണ്ടെങ്കിലും നല്ല *മനഃസമാധാനത്തോടെ ആ പിതാവ് ഉറങ്ങിയിട്ടുണ്ടെന്ന്* കരുതുന്നില്ല. അത്രമേൽ പ്രശ്നഭരിതമായിരുന്നു അദ്ദേഹത്തിന്റെ ഭരണകാലം. സഭ യോജിച്ചു നിന്ന അല്പകാലം ശാന്തി ലഭിച്ചെങ്കിലും അതിന് ആയുസ്സ് നന്നേ കുറവായിരുന്നു. അതിനാൽതന്നെ മുൻകാലത്തെക്കാൾ പ്രശ്നം രൂക്ഷവും കഠിനവുമായി തീർന്നു.

മുടക്കും ഉടക്കും കക്ഷിത്വം എന്ന യക്ഷിയും പിടികൂടിയപ്പോഴും പട്ടിണി ജീവിതവ്രതമായപ്പോഴും തന്റെ സഭയെന്ന വികാരത്തിന് അദ്ദേഹത്തിന് അല്പം പോലും കോട്ടം വന്നില്ല. തന്റെ സ്ഥാനത്തിനെതിരേ അന്ത്യോഖ്യാപാത്രിയർക്കീസിന്റെ ചോദ്യം വന്നതും അതു പരിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ പട്ടം വരെയെത്തിയിട്ടും *ശാന്തമായും സൗമ്യമായും ഒരു നല്ല സുവിശേഷകനെപ്പോലെ സന്ദേശം അയച്ച് മലങ്കരസഭയുടെ നിലപാടുകൾ വ്യക്തമാക്കിയതല്ലാതെ* മറ്റു രീതികളൊന്നും അദ്ദേഹം അവലംബിച്ചില്ല. സുവിശേഷകനെപ്പോലെ എന്ന് പറയുമ്പോൾ, അതു കേവലം സാധാരണ സുവിശേഷകരെപ്പോലെ ആയിരുന്നില്ല. മറിച്ച് *ക്രിസ്തുവിനെപ്പോലെ ഹൃദയഭേദകങ്ങളായ ചാട്ടുളികളായിരുന്നു* അവ. അതുപോലെതന്നെ അദ്ദേഹത്തിന്റെ *നിലപാടുകളും അത്രമേൽ ദൃഢമായിരുന്നു*. തന്റെ സഭയുടെ പാരമ്പര്യത്തിനും വിശ്വാസത്തിനും പോറൽ വരുന്ന എന്തെങ്കിലും സംഭവിച്ചാൽ സൗമ്യനും ശാന്തനുമായ ബാവ *ഒരു സിംഹത്തെപ്പോലെ സടകുടഞ്ഞെഴുന്നേൽക്കുമായിരുന്നു*. തന്മൂലം ശത്രുക്കൾക്കും കുറവില്ലായിരുന്നു.

യാക്കൂബ് തൃതീയൻ പാത്രിയർക്കീസിന്റെ കുപ്രസിദ്ധമായ 203-ാം നമ്പർ കൽപ്പനവഴി മലങ്കരയിൽ പ്രശ്നങ്ങൾക്ക് തിരി കൊളുത്തിയപ്പോൾ അവയിൽ *വികാരവിക്ഷുബ്ധനാകാതെ പാമ്പിനെപ്പോലെ ബുദ്ധികൂർമ്മതയോടും പ്രാവിനെപ്പോലെ നിർമ്മലതയോടും* കൂടി പ്രവർത്തിച്ച ബാവാതിരുമേനി മലങ്കരസഭയുടെ വിശ്വാസിസമൂഹത്തിനു കാട്ടിത്തന്നത് അന്ധകാരസൈന്യങ്ങളെയും പൈശാചികശക്തികളെയും എങ്ങനെ ദൈവികമായി നേരിടാം എന്ന വലിയ പാഠമാണ്. മാത്രമല്ല, ഈ സംഭവത്തിനു ശേഷം തന്റെ പിതാവായ മാർത്തോമ്മാ ശ്ലീഹായോടുള്ള അചഞ്ചലമായ വിശ്വാസപ്രഖ്യാപനമെന്നോണം വിശുദ്ധന്റെ ചിത്രം ആലേഖനം ചെയ്ത ബാഡ്ജ് തന്റെ ഹൃദയത്തോട് ചേർത്തുവച്ച് രാപകൽ പ്രവർത്തിച്ചത് അദ്ദേഹത്തിന്റെ ഉള്ളിൽ സ്ഫുരിച്ചിരുന്ന സത്യവിശ്വാസത്തിന്റെ പ്രതിഫലനമായിരുന്നു.

പെരുമ്പാവൂരിനടുത്ത് തുരുത്തിപള്ളിയിൽ തുരുത്തി എന്ന കുടുംബത്തിൽ *1884 ജൂൺ 26-ാം തീയതി ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവാ ജാതനായി. പിതാവ് ചേട്ടാകുളത്തുംകരയിൽ അബ്രഹാം കത്തനാരും മാതാവ് പുത്തൻകുരിശിൽ വാളിയിൽ മത്തായിയുടെ പുത്രി അന്നമ്മയും ആയിരുന്നു*. മുറിമറ്റത്തിൽ മാർ ഈവാനിയോസ് (പിന്നീട് പ്രഥമ കാതോലിക്കാ) മത്തായി എന്ന പേരിൽ അദ്ദേഹത്തെ മാമോദീസാ മുക്കി. കൊച്ചുമത്തായി എന്ന ഓമനപ്പേരിൽ അറിയപ്പെട്ടിരുന്ന ഇദ്ദേഹത്തെ ഒരു വൈദികനാക്കണമെന്ന് പിതാവ് ആഗ്രഹിച്ചു. അഞ്ചാമത്തെ വയസിൽ കൊച്ചുമത്തായിയെ നിലത്തെഴുത്തിനിരുത്തിതോമ്പ്ര കോരുള ആശാനായിരുന്നു ഗുരു. അവിടെ എഴുത്തും വായനയും വശമാക്കിയശേഷം കോട്ടയം എം. ഡി. സെമിനാരിയിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം ആരംഭിച്ചു. അന്നത്തെ പ്രിൻസിപ്പാളായിരുന്ന വട്ടശ്ശേരിൽ മല്പാന്റെ (പിന്നീട് പ. വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് മലങ്കര മെത്രാപ്പോലീത്താ) വാത്സല്യവും പരിലാളനയും നേടി അവിടെ പഠനം നടത്തി. കളികളിലും മറ്റും ഉള്ളതിനെക്കാൾ താല്പര്യം വായനയിലും പഠനത്തിലും കൊച്ചുമത്തായി കാട്ടിയിരുന്നു. ഭവനത്തിൽ നിന്നും എം. ഡി. സെമിനാരിയിൽ നിന്നും ലഭിച്ചതായ ആത്മികാന്തരീക്ഷം കൊച്ചുമത്തായിയെ ഗണ്യമായി സ്വാധീനിച്ചിരുന്നു. തന്മൂലം ആരാധനാകാര്യങ്ങളിൽ അദ്ദേഹം വളരെ തല്പരനായിരുന്നു. 1901-ൽ വടക്കൻ പറവൂർ പള്ളിയിൽ വച്ച് 17-ാം വയസിൽ കടവിൽ മാർ അത്താനാസിയോസിൽ നിന്നും ശെമ്മാശുപട്ടം സ്വീകരിച്ചു.

പിതാവിൽ നിന്നും സുറിയാനിഭാഷയുടെ പ്രാഥമികപാഠങ്ങൾ അഭ്യസിച്ചിരുന്നുവെങ്കിലും പാമ്പാക്കുടയിൽ എത്തി സുപ്രസിദ്ധനും സുറിയാനി ഭാഷാപണ്ഡിതനുമായ കോനാട്ട് മാത്തൻ മല്പാന്റെ ശിഷ്യത്വം സ്വീകരിച്ചുകൊണ്ട് സുറിയാനിഭാഷയിൽ കൂടുതൽ പ്രാവീണ്യം നേടി സുറിയാനിയിലുള്ള

പരിശുദ്ധ ബസ്സേലിയോസ് ഔഗേൻ പ്രഥമൻ ബാവ: ദേഹവിയോഗ കനക ജൂബിലി

ശെമ്മാശന്റെ അസാധാരണമായ കഴിവും വാസനയും മല്പാനച്ചനെപ്പോലും അദ്ഭുതപ്പെടുത്തുകയും അതീവ സന്തുഷ്ടനാക്കുകയും ചെയ്തു. പാമ്പാക്കുടയിൽ നിന്നും സുറിയാനി വശമാക്കിയ ശേഷം കൂടുതൽ പഠിക്കുന്നതിനും വി. സ്ഥലങ്ങൾ സന്ദർശിക്കുന്നതിനുമായി സിറിയായിലേക്കു പോയി. 1905-ൽ സ്ലീബാ ശെമ്മാശനോടൊപ്പം പോയ അദ്ദേഹം ബെസ്രാ, മുസൽ എന്നീ സ്ഥലങ്ങൾ സന്ദർശിച്ച ശേഷം മർദ്ദീനിലേക്കു പോയി. ഏതാണ്ട് 9 മാസത്തോളം മർദ്ദീനിൽ കുർക്കുമ ദയറായിൽ താമസിയ്ക്കുകയും അവിടെ നിന്നു ബാർ എബ്രായയുടെയും മറ്റും നിരവധി ഗ്രന്ഥങ്ങൾ വായിച്ചു മനസ്സിലാക്കുകയും പിന്നീട് തുറബ്ദീനിലേക്ക് പോകുകയും ചെയ്തു. അവിടെ അബ്രഹാമിന്റെ ദയറായിൽ താമസിച്ചു. അവിടെ അപ്പോൾ ഫർമാൻ പിൻവലിക്കപ്പെട്ട അബ്ദുൽ മശിഹ പാത്രിയർക്കീസും മാർ യൂലിയോസ് പത്രോസ് എന്നൊരു മെത്രാനും പന്ത്രണ്ടു ദയറാക്കാരും ഉണ്ടായിരുന്നു. കുറെനാൾ ഇവിടെ താമസിച്ച മത്തായി ശെമ്മാശൻ അബ്ദുൽ മശിഹാ പാത്രിയർക്കീസുമായി നേരിട്ടു സംസാരിക്കുകയും ഭരണപരമായുള്ള പ്രതിസന്ധിയുടെ കാരണങ്ങൾ പാത്രിയർക്കീസ് തന്നെ വിവരിക്കുകയും ചെയ്തത് മത്തായി ശെമ്മാശൻ രേഖപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് മാർ ഔഗേന്റെ ദയറായും സന്ദർശിച്ചു. ഇവിടെയാണ് പരിശുദ്ധനായ മാർ ഔഗേൻ നിത്യവിശ്രമം കൊള്ളുന്നത്. ഇവിടത്തെ താമസം മത്തായി ശെമ്മാശ്ശന്റെ ജീവിതത്തെ വളരെ സ്വാധീനിച്ചു. ആത്മികജീവിതത്തിന്റെ ആഴവും അർത്ഥവും ശക്തിയും നേരിട്ടറിയുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. കാരണം ഔഗേന്റെ കബറിടത്തിലൂടെ ഒരു കല്ലിൽ നിന്ന് ജലകണങ്ങൾ ഒഴുകിക്കൊണ്ടിരിയ്ക്കുന്നു. അതു ഭക്തജനങ്ങൾ തലയിലും നെറ്റിയിലും പൂശി അനുഗ്രഹങ്ങൾ പ്രാപിച്ചുവരുന്നു. തന്മൂലം ഔഗേനെ പറ്റി കൂടുതൽ അന്വേഷിക്കുകയും ജീവിച്ചിരുന്നപ്പോൾ തന്നെ നിരവധി അത്ഭുതങ്ങൾ ചെയ്ത ഒരു പരിശുദ്ധനാണ് അദ്ദേഹം എന്ന് മനസ്സിലാക്കുകയും ചെയ്തു. തന്മൂലം പ. ഔഗേന്റെ പാതകൾ പിന്തുടരുവാനും സന്യാസജീവിതം നയിക്കുവാനും തീരുമാനിച്ചു. അതിന്റെ പ്രാരംഭമായി ഔഗേൻ എന്ന നാമം സ്വീകരിച്ചുകൊണ്ട് *"യെരുശലേമിലെ മാർ മർക്കോസിന്റെ ദയറായിൽ വച്ച് 1908-ൽ അബ്ദുള്ള പാത്രിയർക്കീസിൽ നിന്ന് റമ്പാൻസ്ഥാനം സ്വീകരിച്ചു."* പിന്നീട് മറ്റു പല സ്ഥലങ്ങളും സന്ദർശിച്ച ഔഗേൻ അവിടെയെല്ലാം ലഭ്യമായ പുരാതന വേദശാസ്ത്ര വ്യാഖ്യാനങ്ങളും സഭാചരിത്രഗ്രന്ഥങ്ങളും വായിച്ചു മനസ്സിലാക്കുകയും കൂടാതെ അവിടെ അന്നുണ്ടായിരുന്ന പാത്രിയർക്കീ സന്മാരോടുകൂടെ താമസിക്കുകയും പല വിഷയങ്ങളും സംസാരിക്കുകയുമുണ്ടായി. പുണ്യസ്ഥലങ്ങൾ സന്ദർശിച്ച് സഭാജീവിതത്തിൽ കൂടുതൽ അറിവും അനുഭവങ്ങളും നേടിയ ശേഷം 1909-ൽ ഔഗേൻ റമ്പാൻ മലങ്കരയിൽ മടങ്ങിയെത്തി. വിദേശ മേല്പട്ടക്കാരോടൊപ്പം കുറെനാൾ ദിഭാഷിയായി മലങ്കരയിലെ പല പള്ളികളും സന്ദർശിച്ചു. പിന്നീട് *കോട്ടയം ചെറിയ പള്ളിയിൽ വച്ച് സ്ലീബാ മാർ ഒസ്താത്തിയോസിൽ നിന്നു 1909-ൽ വൈദികസ്ഥാനം പ്രാപിച്ചു.*

കണ്ടനാട് ഭദ്രാസന ഇടവകയിലെ പാത്രിയർക്കീസ് വിഭാഗത്തിന്റെ ഭരണം നടത്തിയിരുന്നത് അങ്കമാലിയുടെ മാർ പൗലോസ് അത്താനാസിയോസായിരുന്നു. കണ്ടനാടു ഭദ്രാസനത്തിനു സ്വന്തമായി ഒരു മെത്രാപ്പോലീത്താ ഇല്ലാതിരുന്നതിനാൽ 1926-ൽ പാത്രിയർക്കീസ് ഭാഗം കണ്ടനാട് ഭദ്രാസന പള്ളിപ്രതിനിധിയോഗം മലേക്കുരിശു ദയറായിൽ കൂടുകയും ഔഗേൻ റമ്പാനെ മെത്രാൻ സ്ഥാനത്തേക്കു നിർദ്ദേശിക്കുകയും 1927-ൽ സിറിയായിലേക്ക് അയയ്ക്കുകയും ചെയ്തു. *അവിടെ മർക്കോസിന്റെ ദയറായിൽ വച്ച് ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് അദ്ദേഹത്തെ 1927 മെസ് 15 ഞായറാഴ്ച്ച മാർ ഔഗേൻ തീമോത്തിയോസ് എന്ന നാമത്തിൽ മെത്രാനാക്കുകയും കണ്ടനാടു ഭദ്രാസനത്തിന്റെ മെത്രാനായി വാഴിക്കുകയും ചെയ്തു.* തുടർന്ന് ഭദ്രാസനകാര്യങ്ങളിൽ വളരെ ജാഗ്രത പുലർത്തുകയും പാത്രിയർക്കീസ് വിഭാഗത്തിനുവേണ്ടി ഭരണം നടത്തുകയും ചെയ്തു. വട്ടശ്ശേരിൽ മാർ ദീവന്നാസിയോസ് മലങ്കരമെത്രാപ്പോലീത്താ ആയിരുന്നുവെങ്കിലും, ഔഗേൻ തീമോത്തിയോസ് പാത്രിയർക്കീസിനോടു വിധേയത്വമുള്ള ആളായിട്ടാണ് ഭരണം നടത്തിയത്. എന്നാൽ അദ്ദേഹം 1942-ൽ ഓർത്തഡോക്സ് സഭയുമായി പുനരൈക്യപ്പെടുകയും സഭയ്ക്കു വേണ്ടി പ്രവർത്തിയ്ക്കുകയും ചെയ്തു.

ഓർത്തഡോക്സ് സഭയിലേക്കു ചേരുന്നതുവരെയും ഔഗേൻ തീമോത്തിയോസിന്റെ പ്രവർത്തനങ്ങൾ പൂർവ്വാപരവിരുദ്ധങ്ങളായിരുന്നുവെന്നു പലരും കരുതാറുണ്ട്. സഭാസംബന്ധമായ കാര്യങ്ങളിൽ ഉറച്ച നിലപാടില്ലാത്ത വിവാദ പുരുഷനാണിദ്ദേഹം എന്നു പലരും ആരോപിക്കാറുണ്ട്. എന്നാൽ അദ്ദേഹത്തിന്റെ താല്പര്യവും പ്രവർത്തനങ്ങളും അടുത്തറിഞ്ഞ ആരുംതന്നെ ഇപ്രകാരം കരുതിയില്ല. ഔഗേൻ തീമോത്തിയോസ് 1942 വരെ എന്തുകൊണ്ട് മറ്റൊരു നിലപാടു സ്വീകരിച്ചിരുന്നു എന്നത് അവ്യക്തമാണ്. എങ്കിലും പൊതുവേ കരുതപ്പെടുന്നത് വടക്കു മുഴുവനും (അങ്കമാലി, കണ്ടനാട്, കോട്ടയം പകുതിയും) പാത്രിയർക്കീസിനോട് കൂറും അനുഭാവവും പുലർത്തിയിരുന്ന വരായതിനാൽ മറിച്ചൊരു നിലപാട് സ്വീകരിക്കുവാൻ അദ്ദേഹത്തിനു കഴിയുമായിരുന്നില്ല. എന്നാൽ മലങ്കരയിൽ പ്രഥമ കാതോലിക്കായെ വാഴിക്കുന്ന മഹത്തായ ചടങ്ങിൽ ഇദ്ദേഹം വന്നു സംബന്ധിക്കുകയും കാതോലിക്കായെ അനുമോദിയ്ക്കുകയും ചെയ്തു. മടങ്ങുന്നതിനു മുമ്പ് വട്ടശ്ശേരിൽ ദിവന്നാസിയോസിനോടു പറഞ്ഞത്: *"ഞാൻ ഇപ്പോൾ കാതോലിക്കാസ്ഥാനാരോഹണത്തിൽ വന്നു എന്നതിന് വടക്കോട്ടു ചെല്ലുമ്പോൾ എന്തെല്ലാം ഉപദ്രവങ്ങളാണ് എനിക്കുണ്ടാകുന്നത് എന്നറിഞ്ഞുകൂടാ."* ഇത്രമാത്രം പ്രതികൂലമായിരുന്ന ഒരു സാഹചര്യത്തിലായിരുന്നു അദ്ദേഹം അങ്ങനെയൊരു നിലപാടു സ്വീകരിച്ചിരുന്നത്. എന്നാൽ മലങ്കരയഭയുടെ ഐക്യവും ഭദ്രതയും അദ്ദേഹത്തിന്റെ ലക്ഷ്യമായിരുന്നു. ശെമ്മാശനായിരിക്കുമ്പോൾതന്നെ സഭയുടെ ഐക്യത്തിനും ഭദ്രതയ്ക്കും വേണ്ടിയുള്ള പ്രവർത്തനങ്ങൾ അവസരോചിതമായി ഇദ്ദേഹം നടത്തിയിരുന്നുവെന്ന് ഇദ്ദേഹത്തിന്റെ കത്തുകളിൽ നിന്നും മനസ്സിലാക്കാവുന്നതാണ്. 1905 ഡിസംബർ 2-ാം തീയതി സിറിയായിൽ നിന്നും വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസിനയച്ച ഒരു കത്തിലെ ചില ഭാഗങ്ങൾ: "പാത്രിയർക്കീസ് മലയാള ത്തേക്കു വന്ന് എല്ലാം നടത്തുമെന്ന് ആശിയ്ക്കുന്നു... ഇവിടെയാകട്ടെ മാസം തോറുമുള്ള ധർമ്മശേഖരം മൂലം ജനങ്ങൾ അതിദുഃഖത്താലും പശ്ചാത്താപത്താലും ചിലർ അർദ്ധമനസ്സാൽ അന്യമതത്തിലും പാർക്കുന്നു... ഈ പച്ച മലയാളത്തേക്കു വന്നാൽ എങ്ങനെ കലാശിയ്ക്കുമെന്നു കാണാം... യൗനാൻ കുടിലിനു സദൃശ്യം... വീണ്ടും അന്ത്യോഖ്യാസഭയോടുള്ള നമ്മുടെ സഖ്യതയ്ക്ക് ഇതേവരെയുള്ള എന്റെ അന്വേഷണത്തിൽ യാതൊരു രേഖയും ഇവിടെ കാണുന്നില്ലാ."

കാതോലിക്കാസ്ഥാപനത്തിനു വേണ്ടി അദ്ദേഹം നടത്തിക്കൊണ്ടിരിയ്ക്കുന്ന ശ്രമങ്ങളും അന്ത്യോഖ്യാസഭയുടെ അധഃപതനവും അതിന്റെ നേതൃത്വത്തോടുള്ള വിദ്വേഷവും പാത്രിയർക്കീസിന്റെ സന്ദർശനത്താൽ മലങ്കരസഭയ്ക്കുണ്ടാകുന്ന നഷ്ടങ്ങളും ഒക്കെ പ്രതിപാദിയ്ക്കുന്ന ഒരു കത്താണിത്. ഒരു പക്ഷേ ഒരു ശെമ്മാശനെന്ന നിലയിൽ ഇതിലുപരിയായി എന്തെങ്കിലും ചെയ്യുവാൻ അദ്ദേഹത്തിനു കഴിയുമായിരുന്നില്ല. എങ്കിലും അവസരോചിതമായി അദ്ദേഹം പലതും സഭയുടെ നന്മയ്ക്കായി പ്രവർത്തിച്ചുവെന്നത് അവിസ്മരണീയമാണ്.

കക്ഷിവഴക്ക് രൂക്ഷമായ ഘട്ടങ്ങളിലും ഔഗേൻ മാർ തീമോത്തിയോസ് വേണ്ടവിധം രംഗത്തു വരാതെ ഒഴിഞ്ഞുമാറിനിന്നു എന്നതും ശ്രദ്ധേയമാണ്. സഭാസമാധാനത്തിനു വേണ്ടിയുള്ള ഔഗേൻ തീമോത്തിയോസിന്റെ ശ്രമങ്ങളും വളരെ ത്യാഗപൂർണ്ണമായിരുന്നു. സഭയിലെ ഇരു വിഭാഗങ്ങളെയും ഒന്നിച്ചുകൊണ്ടു വരുവാൻ നിരവധി സന്ധിയാലോചനകൾ നടത്തുകയും അതിനു പിന്നിൽ പ്രവർത്തിയ്ക്കുകയും ചെയ്തത് ഇദ്ദേഹമാണ്. അവയിൽ ആലുവാ വട്ടമേശസമ്മേളനം വളരെ പ്രധാനപ്പെട്ട ഒന്നാണ്. പാത്രിയർക്കീസിന്റെ പ്രതിനിധി യൂലിയോസും മറ്റും ചേർന്ന് മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ അംഗീകരിച്ചുകൊണ്ട് എങ്ങനെയും സഭയിൽ സമാധാനം ഉണ്ടാകട്ടെ എന്നു കരുതി അഭിമാനക്ഷതം വകവെയ്ക്കാതെയും സഭയിലെ ഒരു വലിയ വിഭാഗത്തിന്റെ എതിർപ്പ് അവണിച്ചുകൊണ്ടും വീണ്ടും പട്ടമേൽക്കുവാനായി വന്ന മഹാമനുഷ്യനായ ബസ്സേലിയോസ് ഗീവർഗ്ഗീസ് രണ്ടാമന്റെ ത്യാഗസന്നദ്ധത ഔഗേൻ തീമോത്തിയോസിനെ സ്വാധീനിച്ചു. *"എനിക്കു ലാഭമായിരുന്നതൊക്കെയും ഞാൻ ക്രിസ്തു നിമിത്തം ചേതം എന്നെണ്ണിയിരിക്കുന്നു"* എന്നു പറഞ്ഞ പൗലോസ് ശ്ലീഹായുടെ സ്വയപരിത്യാഗം ബസ്സേലിയോസ് ഗീവർഗീസ് രണ്ടാമനിൽ ദർശിച്ചപ്പോൾ, യൂലിയോസ് മെത്രാനാകട്ടെ ഗീവർഗീസ് ദ്വിതീയനെ വെട്ടിൽ വീഴ്ത്തുവാൻ കിട്ടിയ അവസരം പ്രതികാരമനോഭാവത്തോടെ വിനിയോഗിക്കുവാൻ ശ്രമിച്ചു. ഇത് ഔഗേൻ തീമോത്തിയോസിനെ വല്ലാതെ വേദനിപ്പിയ്ക്കുകയും യൂലിയോസ് മെത്രാനോടുള്ള അകൽച്ച വർദ്ധിക്കുവാൻ കാരണമാവുകയും ചെയ്തു. അന്നു മുതൽ ബസ്സേലിയോസ് ഗീവർഗീസ് രണ്ടാമനെ സ്നേഹിക്കുവാനും ആദരിക്കുവാനും തുടങ്ങി. സഭയിൽ സമാധാനം കൈവരുത്തുക എന്നതിനെക്കാൾ പാത്രിയർക്കീസിന്റെ ആധിപത്യം ഇവിടെ ഉറപ്പിക്കുക എന്നതായിരുന്നു യൂലിയോസിന്റെയും പാർശ്വവർത്തികളുടെയും ലക്ഷ്യം എന്ന് ആലുവാ വട്ടമേശസമ്മേളനത്തിൽനിന്നു മനസ്സിലാക്കിയ ഔഗേൻ തീമോത്തിയോസിൽ പാത്രിയർക്കീസ് വിഭാഗത്തോടുള്ള അവജ്ഞയും വിദ്വേഷവും വർദ്ധിയ്ക്കുകയും ചെയ്തു. നേരത്തെ തന്നെ

ജീവിതകാലാനുക്രമണിക

1884 ജൂൺ 25/26-1059 മിഥുനം 13

പെരുമ്പാവൂരിനടുത്തുള്ള വെങ്ങോല തുരുത്തി കുടുംബത്തിൽപെട്ട ചേറ്റാകുളത്തുംകര അബ്രഹാം കത്തനാരുടെയും പുത്തൻകുരിശു വാളയിൽ അന്നമ്മയുടെയും ദ്വീതിയ പുത്രനായി ജനിച്ചു. മാമോദീസാപേര് - മത്തായി

1901

വടക്കൻ പറവൂർ മാർതൊമ്മൻ പള്ളിയിൽ വച്ച് കടവിൽ പൗലോസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായിൽ നിന്ന് ശെമ്മാശുപട്ടം സ്വീകരിച്ചു.

1905 ചിങ്ങം 15

അസിറിയായിലെ നിനുവയിലുള്ള മാർ മത്തായി ആശ്രമത്തിൽ വച്ച് പൂർണ്ണ ശെമ്മാശപട്ടമേറ്റു. തുറബ്ദീനിലുള്ള മാർ ഔഗേന്റെ ദയറായിൽ വച്ച് *'ഔഗേൻ'* എന്ന പേര് സ്വീകരിച്ചു.

1908

ജറുസലേമിലെ മാർ മർക്കോസിന്റെ ദയറായിൽ വച്ച് മാർ ഇഗ്നാത്തിയോസ് അബ്ദള്ളാ ദ്വിതീയൻ പാത്രിയർക്കീസ് ബാവാ റമ്പാൻ സ്ഥാനം നൽകി.

1909 ജൂൺ 6 - ഇടവം 24 (സുറിയാനി കണക്ക്) ഞായർ

കോട്ടയം ചെറിയ പള്ളിയിൽ വച്ച് സ്ലീബാ മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ ഔഗേൻ റമ്പാന് കശീശാ പട്ടം നൽകി.

1927 മെസ് 15 ഞായർ

ജറുസലേമിലെ മാർ മർക്കോസിന്റെ ദയറായിൽ വച്ച് മാർ ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ *'ഔഗേൻ മാർ തീമോത്തിയോസ്'* എന്ന പേരിൽ മെത്രാപ്പോലീത്തയായി വാഴിക്കപ്പെട്ടു. തുടർന്ന് പാത്രിയർക്കീസ് കക്ഷിയുടെ കണ്ടനാട് ഭദ്രാസനാ ധിപനായി

1942 ഒക്ടോബർ 7

കാതോലിക്ക കക്ഷിയിൽ ചേർന്നു.

1962 മെയ് 17 വ്യാഴം

നിരണം സെന്റ് മേരീസ് വലിയ പള്ളിയിൽ കൂടിയ മലങ്കര അസോസിയേഷൻ പൗരസ്ത്യ കാതോലിക്കായുടെയും മലങ്കരമെത്രാപ്പോലീത്തായുടെയും പിൻഗാമിയായി തെരഞ്ഞെടുത്തു.

1964 ജനുവരി 3 വെള്ളി

പരിശുദ്ധ ഗീവർഗീസ് ദ്വതീയൻ ബാവാ കാലം ചെയ്തതിനെ തുടർന്ന് മലങ്കര മെത്രാപ്പോലീത്തയായി.

1964 മെയ് 22 സ്വർണ്ണവെള്ളി

കോട്ടയം മാർ ഏലിയാ ചാപ്പലിൽ വച്ച് മാർ ഇഗ്നാത്തിയോസ് യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ പൗരസ്ത്യ കാതോലിക്കായായി സ്ഥാനാരോഹണം ചെയ്തു.

1966 ആഗസ്റ്റ് 24 ബുധൻ

കോലഞ്ചേരി സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് പള്ളിയിൽ വച്ച് മൂന്നു മേല്പട്ടക്കാരുടെ സ്ഥാനാഭിഷേക ശുശ്രൂഷയിൽ പ്രധാന കാർമ്മികത്വം വഹിച്ചു.

1967 ഡിസംബർ 21 വ്യാഴം (മാർതോമ്മാശ്ലീഹായുടെ ഓർമ്മ)

കോട്ടയം പഴയസെമിനാരിയിൽ വിശുദ്ധ മൂറോൻ കൂദാശ നടത്തി

1975 ഫെബ്രുവരി 16 ഞായർ

നിരണം സെന്റ് മേരീസ് വലിയ പള്ളിയിൽ വച്ച് അഞ്ചു മേല്പട്ടക്കാരുടെ സ്ഥാനാഭിഷേകം ശുശ്രൂഷയിൽ പ്രധാന കാർമ്മികത്വം വഹിച്ചു.

1975 സെപ്റ്റംബർ 24 ബുധൻ

മലങ്കര മെത്രാപ്പോലീത്ത സ്ഥാനം പിൻഗാമിയെ ഏൽപ്പിച്ചു.

1975 ഒക്ടോബർ 27 തിങ്കൾ

സ്ഥാനമൊഴിഞ്ഞതിനെതുടർന്ന് പിൻഗാമി (മാർ ബസേലിയോസ് മാർതോമ്മ മാത്യൂസ് പ്രഥമൻ ബാവാ) കാതോലിക്കയായി സ്ഥാനാരോഹണം ചെയ്തു.

1975 ഡിസംബർ 8 തിങ്കൾ

രാവിലെ 9.25ന് കാലം ചെയ്തു. പിറ്റേന്ന് ദേവലോകം കാതോലിക്കേറ്റ് അരമന ചാപ്പലിൽ കബറടക്കി.

യൂലിയോസിന്റെ പ്രവർത്തനങ്ങളിൽ ഔഗേൻ തീമോത്തിയോസ് എതിർപ്പുകൾ പ്രകടിപ്പിച്ചിരുന്നു. ആലുവാ വട്ടമേശ സമ്മേളനത്തോടുകൂടി എതിർപ്പുകളുടെ ആഴം വർദ്ധിയ്ക്കുകയും ചെയ്തു. ബസ്സേലിയോസ് ഗീവർഗീസ് രണ്ടാമനോട് ഔഗേൻ തീമോത്തിയോസിന് എന്തോ അനുഭാവം ഉണ്ടെന്നു മനസ്സിലാക്കിയ യൂലിയോസും അനുഭാവികളും പാത്രിയർക്കീസ് വിഭാഗത്തിൽ അദ്ദേഹത്തെ ഒറ്റപ്പെടുത്തുവാൻ തുടങ്ങി.

എന്നാൽ നേരത്തെത്തന്നെ ഔഗേൻ മാർ തീമോത്തിയോസ് അതിനനുകൂലമായ ഒരു പശ്ചാത്തലം ഒരുക്കിയിരുന്നു. കാതോലിക്കോസിനെ നേരത്തെ ക്ഷണിച്ചിരുന്നതിനാൽ അദ്ദേഹവും പുത്തൻകാവ് മാർ പീലക്സിനോസും അവിടെയെത്തുകയും കണ്ടനാട് ഭദ്രാസനത്തിന്റെ തീരുമാനത്തെ അംഗീകരിച്ചുകൊണ്ട് അവരെ സഭയിലേക്ക് സ്വീകരിക്കയും ചെയ്തു. ഇത് മലങ്കരസഭയിൽ യൂലിയോസിനും കൂട്ടർക്കും ലഭിച്ച കനത്ത ആഘാതമായിരുന്നു. എന്നാൽ സാഹചര്യത്തെ തന്ത്രപൂർവ്വം നേരിടുവാനുള്ള ഉപദേശങ്ങൾ യൂലിയോസിനു കിട്ടിക്കൊണ്ടിരുന്നു. അദ്ദേഹം *"മാർ ഔഗേൻ തീമോത്തിയോസിനെ പാത്രീയർക്കീസ് മുടക്കിയതായി ഒരു പ്രചരണം നടത്തി."* തന്മൂലം കൂടുതൽ പള്ളികളും പാത്രീയർക്കീസ് പക്ഷത്തേക്കു മടങ്ങുകയും ചെയ്തു. എന്നാൽ ഔഗേൻ മാർ തീമോത്തിയോസ് യാതൊരു സങ്കോചവും കൂടാതെ കാതോലിക്കാ പക്ഷത്തുതന്നെ നിലനിന്നു. ശാന്തമായ ഒരു അന്തരീക്ഷം ഭദ്രാസനത്തിൽ ഇല്ലാതിരുന്നതിനാൽ ഭരണകാര്യങ്ങളിൽ വളരെ പ്രയാസങ്ങൾ നേരിട്ടുവെങ്കിലും താല്പര്യപൂർവ്വം ഭരണകാര്യങ്ങളിൽ ശ്രദ്ധിയ്ക്കുകയും ഒപ്പം സുറിയാനി പഠനത്തിലും വിവർത്തനത്തിലും കൂടുതൽ സമയം ചെലവഴിയ്ക്കുകയും ചെയ്തു. *വൈദികസെമിനാരിയുടെ ഉയർച്ചയിലും ശ്രദ്ധിച്ചിരുന്ന അദ്ദേഹം 1947 മുതൽ 1948 വരെ സെമിനാരിയുടെ വിസിറ്റർ ബിഷപ്പായി സെമിനാരിയിൽ താമസിക്കുകയും സുറിയാനിയിൽ ഉപരിപഠനം നടത്തുന്നവർക്ക് ക്ലാസ്സുകൾ എടുക്കുകയും ചെയ്തിരുന്നു. പിന്നീട് 1949 മുതൽ രണ്ടു വർഷം വൈദിക സെമിനാരിയുടെ പ്രിൻസിപ്പലായി പ്രവർത്തിച്ചു.*

വൈദികസെമിനാരിയുടെ ചുമതലയും അതോടൊപ്പം കണ്ടനാടു ഭദ്രാസനത്തിന്റെ ചുമതലയും ഒപ്പം സുറിയാനിഭാഷാവിവർത്തനത്തിലുമായി സമയം മുഴുവൻ ചെലവഴിച്ച ഔഗേൻ തീമോത്തിയോസ് 1957-ൽ തുമ്പമൺ ഇടവകയുടെ ഗീവർഗീസ് മാർ പീലക്സിനോസ് നിര്യാതനായപ്പോൾ ആ ഭദ്രാസനത്തിന്റെ ചുമതലകൂടി ഏറ്റെടുത്തു കുറെ നാൾ പത്തനംതിട്ടയിൽ താമസിച്ചു. ആ കാലഘട്ടത്തിലാണ് കാതോലിക്കേറ്റ് കോളജ് സ്ഥാപിതമായത്. കോളജ് ഗവേണിംഗ് ബോർഡിന്റെ ആദ്യത്തെ ചെയർമാൻ ഔഗേൻ മാർ തീമോത്തിയോസ് ആണ്. പലവിധ പ്രലോഭനങ്ങളും സന്ധികളിലും മെത്രാച്ചൻ വീഴുകയില്ല എന്ന് ബോധ്യമായ വിഘടിത വിഭാഗം എങ്ങനെയും ഔഗേൻ മാർ തീമോത്തിയോസിനെ പീഡിപ്പിക്കുക എന്ന വഴിയിലേക്കു മാറി. കുപ്രസിദ്ധമായ പിറവം മർദ്ദനം അതിന്റെ ഭാഗമായിരുന്നു.

മൂന്നാമത്തെ കാതോലിക്കാ ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയന് പ്രായാധിക്യത്താൽ ശരീരക്ഷീണം കൂടി വന്നതുകൊണ്ട് ഭരണകാര്യങ്ങളിൽ സഹായിക്കുവാനായി *1962 മെയ് 17-ന് നിരണത്തു കൂടിയ അസോസിയേഷൻ നിയുക്ത കാതോലിക്ക ആയി ഔഗേൻ തീമോത്തിയോസിനെ തിരഞ്ഞെടുത്തു.* 1964 ജനു 3-ാം തീയതി ഗീവർഗീസ് രണ്ടാമൻ കാലം ചെയ്തപ്പോൾ ഔഗേൻ തീമോത്തിയോസ് സ്വയമേവ മലങ്കര മെത്രാപ്പോലീത്താസ്ഥാനം പ്രാപിക്കുകയും ചെയ്തു. അന്ത്യോഖ്യൻ പാർശ്വവർത്തികൾ ഗീവർഗീസ് രണ്ടാമന്റെ കാലത്തുതന്നെ ചില വിഘടിതശ്രമങ്ങൾ ആരംഭിച്ചിരുന്നു. ചില മെത്രാന്മാരിൽ നിന്നുള്ള സഹായവും ലഭിച്ചിരുന്നു. പാത്രിയർക്കീസിനെ ഇവിടെ കൊണ്ടുവരുവാനും കുറെ ജനങ്ങളെയും ചില മെത്രാന്മാരെയും പിടിച്ചുനിർത്തുവാനും കഴിയും എന്നു മനസ്സിലാക്കിക്കൊണ്ട് ഈ കാര്യം പുറത്തുവിടാതെ സമാധാനകാംക്ഷികളായി അഭിനയിച്ചുകൊണ്ട് കാതോലിക്കോസിനെ സമീപിയ്ക്കുകയും ഇപ്പോൾ സഭയിലുള്ള നാമമാത്രമായുള്ള ഭിന്നത അവസാനിപ്പിയ്ക്കുവാൻ പാത്രിയർക്കീസിനെ ഇവിടെ വരുത്തുകയും കാതോലിക്കായുടെ സ്ഥാനാരോഹണത്തിൽ പങ്കെടുപ്പിക്കുകയും ചെയ്യുന്നതു മൂലം കഴിയും എന്ന് തെറ്റിദ്ധരിപ്പിക്കുകയും അതിനുള്ള തീരുമാനങ്ങൾ എടുക്കുകയും പാത്രിയർക്കീസിനെ ഇവിടേക്കു വരുത്തുവാനുള്ള ക്രമീകരണങ്ങളുണ്ടാക്കുകയും ചെയ്തു. അതനുസരിച്ച് 20 മെയ് 1964-ൽ പാത്രിയർക്കീസ് ഇവിടെ എത്തിച്ചേരുകയും ചെയ്തു. 1964 മെയ് 22-ന് പാത്രിയർക്കീസിന്റെ സാന്നിദ്ധ്യത്തിൽ പ. സുന്നഹദോസ് കാതോലിക്കാസ്ഥാനാരോഹണം നടത്തി. പിന്നീട് പ്രാത്രിയർക്കീസ് നേരിട്ടും അല്ലാതെയും സഭയിൽ ഭരണപരമായ ഇടപെടലുകൾ

നടത്തി സഭാന്തരീക്ഷം ഏറെ പ്രശ്നപങ്കിലാമാക്കി തീർത്തു. 203 നമ്പർ കല്പ നയും അന്ത്യോഖ്യൻ മൂവ്മെന്റും മുടക്കും ഉടക്കും തുടരെപോന്നു.

1974 ഒക്ടോബർ 2-നു നിരണത്തുവച്ച് അസ്സോസിയേഷൻ കൂടുകയും അഞ്ചു പേരെ മെത്രാൻസ്ഥാനത്തേക്ക് തെരെഞ്ഞെടുക്കുകയും ചെയ്തു. കൂടാതെ പുതിയ മാനേജിംഗ് കമ്മിറ്റിയെയും തെരഞ്ഞെടുത്തു. ഇത്രയുമായ പ്പോഴേക്കും പാത്രിയർക്കീസിന് ഭയമായി. തന്റെ ഉദ്ദേശ്യങ്ങൾ ഒന്നുംതന്നെ ഫലിയ്ക്കുന്നില്ല. എന്നു കണ്ട പാത്രിയർക്കീസ് സാധാരണ അറ്റ കൈയ്ക്കു പ്രയോഗിക്കാറുള്ള തന്ത്രംതന്നെ, *"മുടക്ക്"* എന്നതു കൈയിലെടുത്തു. കാതോലിക്കോസിനെ സസ്പെന്റു ചെയ്തുകൊണ്ട് കല്പനയിറക്കി. *1975 ജനു വരി 10-നു 15/TS നമ്പർ കല്പന വഴി കാതോലിക്കോസിനെ ആത്മികവും സഭാപരവുമായി ഏതൊരു കാര്യം പ്രയോഗിയ്ക്കുന്നതിൽ നിന്നും നിരോധി ക്കുകയും, മേലാൽ ഒരു കല്പന ഉണ്ടാകുന്നതുവരെ വിലക്കപ്പെട്ട വനായി രിക്കും'* എന്ന് അറിയിക്കുകയും ചെയ്തു. തത്ക്കാലം സസ്പെൻഷൻ നടത്തി യാൽ ദുർബലനായ ഔഗേൻ കാതോലിക്കാ ഭയന്നുവിറച്ച് തന്റെ ഹിതപ്രകാരം പ്രവർത്തിച്ചുകൊള്ളുമെന്നാണ് പാത്രിയർക്കീസ് കരുതിയത്. എന്നാൽ പ്രതീക്ഷയ്ക്കു വിപരീതമായുള്ള പ്രതികരണമാണ് കിട്ടിയത്. പാത്രിയർക്കീ സിന് മലങ്കരയുടെ മേൽ യാതൊരു അധികാരവുമില്ല എന്ന് ഇവിടത്തെ സുന്ന ഹദോസ് തീരുമാനിച്ചിരിക്കുന്നു എന്നായിരുന്നു മറുപടി. തന്റെ സസ്പെൻഷൻ വേണ്ടവിധം ഫലിച്ചില്ലെന്നു മനസ്സിലാക്കിയ യാക്കോബു തൃതീയൻ ശക്തമായ ഒരു മുടക്കു പ്രഖ്യാപനം ചെയ്തു. സാധാരണ മുടക്കുകൾ പാത്രിയർക്കീസ് തന്നെയാണ് നടത്താറുള്ളത്. തോമ്മാശ്ലീഹായെപ്പോലും അയോഗ്യനായി പ്രഖ്യാപിച്ചത് മറ്റാരുടെയും അറിവോ ആലോചനയോ ഇല്ലാതെ പാത്രിയർ ക്കീസ് തന്നെയായിരുന്നു. ദുർബലൻ എന്നു കരുതിയിരുന്ന പ്രബലനായ ഔഗേൻ കാതോലിക്കായെ മുടക്കാൻ തന്നാൽ മാത്രം കഴിയുകയില്ലെന്നു മനസ്സിലാക്കിയ യാക്കോബ് തൃതീയൻ 1975 ജൂൺ 16-ാം തീയതി ആകമാന സുറിയാനിസഭയുടെ ഒരു സുന്നഹദോസ് വിളിച്ചുകൂട്ടുകയും കാതോലിക്കോസി നെയും കൂടെയുള്ള മെത്രാന്മാരെയും മുടക്കുകയും ചെയ്തതായി 1975 ആഗസ്റ്റ് 25-ാം തീയതി കാതോലിക്കോസിനെ അറിയിക്കയും ചെയ്തു.

സഭാസ്ഥാപകൻ മുതൽ മലങ്കരസഭയുടെ എല്ലാ പ്രധാന മേല്പട്ടക്കാരെയും മുടക്കിലൂടെ ഭീഷണിപ്പെടുത്തിയിട്ടുള്ള പാത്രീയർക്കീസിന്റെ പ്രവർത്തന ശൈലിയിൽ ഔഗേൻ കാതോലിക്കായിക്ക് യാതൊരു ഭാവദേദവും പുതുമയും തോന്നിയില്ലാ. കാരണം ദീർഘനാൾ സിറിയായിലും മറ്റും താമസിച്ച് അവരുടെ ബലവും ദൗർബല്യവും മറ്റും നേരിൽ മനസ്സിലാക്കിയിട്ടുള്ള ആളാണ്. അതിനാൽ ഈ മുടക്ക് യാതൊരു തരത്തിലും അദ്ദേഹത്തിന്റെ പ്രവർത്ത നത്തെ തടസ്സപ്പെടുത്തിയില്ല എന്നു മാത്രമല്ല, കൂടുതൽ ശക്തിയോടെ അവസ രോചിതമായി പ്രവർത്തിക്കുവാൻ ഇടയാക്കുകയും ചെയ്തു.

രാത്രിയിൽ കണ്ട കുഴിയിൽ പകൽ വീഴാതെ അദ്ദേഹം ജാഗ്രത പുലർത്തി. പലയടവുകളും പാത്രിയർക്കീസ് പ്രയോഗിച്ചുനോക്കിയിട്ട് പലിക്കാതെ വന്നതി നാൽ അല്പം നിരാശനായി എങ്കിലും മറ്റു വഴികൾ അന്വേഷിച്ചു തുടങ്ങി. സഭയെ ഭിന്നിപ്പിയ്ക്കുവാനും തമ്മിലടിപ്പിച്ച് ശിഥിലമാക്കുവാനുമുള്ള വഴികൾ അദ്ദേഹം അന്വേഷിച്ചു തുടങ്ങി. സഭയെ ഭിന്നിപ്പിയ്ക്കുവാനും തമ്മിലടിപ്പിച്ച് ശിഥിലമാക്കുവാനുമുള്ള വഴികൾ അദ്ദേഹം കണ്ടെത്തിക്കൊണ്ടിരുന്നു. അതിനു പറ്റിയൊരായുധമായി മാർ പൗലോസ് പീലക്സീനോസിനെ ലഭിയ്ക്കുകയും ചെയ്തു. 1975 സെപ്റ്റംബർ 7-ാം തീയതി പൗലോസ് പീലക്സിനോസിനെ ബസേലിയോസ് പൗലോസ് ദ്വീതിയൻ എന്ന പേരിൽ ദമസ്കോസിൽ വച്ച് കാതോലിക്കായായി വാഴിച്ച് ഇൻഡ്യയിലേക്കയച്ചു. ഇദ്ദേഹത്തിന്റെ രംഗപ്രവേ ശനത്തോടെ സഭയിൽ വേർതിരിവിന്റെ ദൃശ്യമായ ലക്ഷണങ്ങൾ കണ്ടു തുടങ്ങി. കാതോലിക്കാ ബസ്സേലിയോസ് ഔഗേൻ ആകട്ടെ വർദ്ധക്യവും ക്ഷീണവും ഉള്ളവനായി കാണപ്പെട്ടു. 91 വയസ്സു പൂർത്തിയാക്കിയ ഔഗേൻ കാതോലിക്കാ തന്റെ അനാരോഗ്യം സഭയുടെ ഭാവിയെ ബാധിയ്ക്കരുതെന്നു കരുതി യാതൊരു ദുരഭിമാനവും വിചാരിക്കാതെ 1975 ഒക്ടോബർ 27-ന് അധി കാരവും ഭരണചുമതലയും തന്റെ പിൻഗാമിയെ ഏൽപ്പിച്ചു.

ഒരു കാതോലിക്കായാൽ മറ്റൊരു കാതോലിക്കാ കബറടക്കപ്പെട്ടു എന്ന അസുലഭ ഭാഗ്യം സിദ്ധിച്ചുകൊണ്ട് 1975 ഡിസംബർ 8-നു ആ മഹാമനുഷ്യൻ കാലയവനികയ്ക്കുള്ളിൽ മറയുകയും ചെയ്തു. മലങ്കരയിൽ കക്ഷിഭേദമി ല്ലാതെ എല്ലാവരുടെയും സാന്നിദ്ധ്യത്തിൽ വാഴിക്കപ്പെട്ട പ്രഥമ കാതോലിക്ക എന്ന സ്ഥാനം നേടിയ ഇദ്ദേഹത്തിന്റെ ഏതാണ്ട് അര നൂറ്റാണ്ടുകാലത്തെ മഹാപൗരോഹിത്യവൃത്തിയിൽ അദ്ദേഹം കൈവരിച്ച നേട്ടങ്ങളും ചെയ്ത

സംഭാവനകളും കേവലമായ ചിന്തകൾക്ക് അപ്പുറമാണ്. *എൺപത് വർഷ ക്കാലത്തോളം വൈദികപദവിയിൽ സഭാസേവനം നടത്തിയ അദ്ദേഹം 40 വർഷ ത്തോളം മെത്രപ്പോലീത്താ എന്ന നിലയിലും 10 വർഷത്തിലധികം കാതോ ലിക്കാ എന്ന നിലയിലും അവിസ്മരണീയ സംഭാവനകൾ മലങ്കരസഭയ്ക്ക് നൽകിയിട്ടുണ്ട്* വചാലന്മായ പ്രസംഗങ്ങളെക്കാൾ ആദർശ ധീരമായ ജീവിതം നയിച്ച അദ്ദേഹത്തിന്റെ ഒരു നൂറ്റാണ്ടുകാലത്തെ ജീവിതത്തിൽ പല വിലപ്പെട്ട സംഭാവനകളും സഭയ്ക്കും സമൂഹത്തിനും ലഭിച്ചിട്ടുണ്ട്. ഓറിയന്റൽ ഓർത്ത ഡോക്സ് സഭകളുടെ ഐക്യം ശക്തിപ്പെടുത്തുവാൻ വളരെ ആഗ്രഹിക്കുകയും അതിനായി 1965-ൽ വിളിച്ചുകൂട്ടിയ ആഡിസ് അബാബ സുന്നഹദോസിൽ പ. ബസേലിയോസ് ഔഗേൻ കാതോലിക്കാ പങ്കെടുക്കുകയും ആലോചനായോ ഗങ്ങളിൽ സജീവ പങ്കാളിത്വം വഹിക്കുകയും ചെയ്തു. ക്രിസ്തിയമൂല്യങ്ങൾ വാക്കുകളിൽ മാത്രം ഒതുക്കിനിർത്താതെ സ്വന്തജീവിതത്തിലൂടെ സമൂഹ ത്തിനു കാണിച്ചുകൊടുത്ത ആ മഹാചാര്യന്റെ ജീവിതത്തിലെ പല നല്ല ഗുണ ങ്ങളും കൊട്ടിഘോഷിക്കപ്പെടാതിരുന്നതിനാൽ വേണ്ടവിധം സമൂഹം അറിഞ്ഞി രുന്നുവോ എന്നത് സംശയമുള്ള സംഗതിയാണ്. സഭയിൽ വീണ്ടും ഭിന്നതയും തർക്കങ്ങളും ഉണ്ടായപ്പോൾ ഉറച്ച നിലപാട് സ്വീകരിച്ച സ്ഥിരമാനസ്സനായിരുന്നു അദ്ദേഹം. സ്വന്തം കഴിവുകളെപ്പറ്റിയുള്ള അഭിമാനത്തെക്കാൾ, കഴിവില്ലായ്മയെ പ്പറ്റിയുള്ള ബോധവും സമ്മതവും ആയിരുന്നു അദ്ദേഹത്തിനുണ്ടായിരുന്നത്. അതിലുപരി അദ്ദേഹത്തിന്റെ ത്യാഗസന്നദ്ധതയാണ്. അവസരവാദിയായി അധി കാരത്തിൽ കടിച്ചുതുങ്ങി കിടക്കുന്നതിനോ സ്വന്തം പേരിനോ പ്രശംസയ്ക്കോ ശ്രമിയ്ക്കാതെ, സഭയുടെ ഉയർച്ചയും പുരോഗതിയും മാത്രം ലക്ഷ്യമാക്കിയി രുന്ന അദ്ദേഹം സഭയുടെ നിലനിൽപ്പിനുവേണ്ടി എന്തു ത്യാഗവും സഹിയ്ക്കു വാൻ തയ്യാറായിരുന്നു. മാർ തോമ്മാശ്ലീഹായുടെ സിംഹാസനം എന്ന പ്രയോഗം എടുത്തുമാറ്റുന്നതിനെ പറ്റി ഉഗ്രവാദം ഉണ്ടായപ്പോൾ അദ്ദേഹം പറഞ്ഞത് *"മാർതോമ്മായുടെ സിംഹാസനം എന്ന പ്രയോഗം കല്പനകളിൽ നിന്നു മാറ്റു ന്നതിനെക്കാൾ താൻ സ്ഥാനം ഒഴിഞ്ഞുകൊടുക്കുന്നതാണ് എളുപ്പം"* എന്നാ യിരുന്നു. സഭയുടെ നിലനിർപ്പിനു വേണ്ടി ത്യാഗപൂർണ്ണമായ നിലപാട് സ്വീക രിപ്പാൻ അദ്ദേഹത്തിനു മടിയില്ലായിരുന്നു എന്ന് പിൽക്കാലസംഭവങ്ങളും തെളിയിച്ചു.

91 വയസു പൂർത്തിയാക്കിയപ്പോൾ തന്റെ അനാരോഗ്യവും, ക്ഷീണവും സഭയുടെ പുരോഗതിയെ ബാധിക്കരുതെന്നു കരുതി സ്വന്തതീരുമാനപ്രകാരം യാതൊരു ദുരഭിമാനവും അഭിമാനക്ഷതവും വിചാരിയ്ക്കാതെ, ഭരണചുമതല പിൻഗാമിയെ ഏല്പിക്കുവാൻ അദ്ദേഹം തയ്യാറായി. തുടർന്ന് സംതൃപ്തമായി ശിഷ്ടകാലം കഴിയ്ക്കുകയും ചെയ്തു. കാതോലിക്കാസിംഹാസനത്തിന്റെ രണ്ടായിരം വർഷത്തെ ചരിത്രത്തിലുള്ള ആദ്യസംഭവം ആണ് ജീവിച്ചിരിക്കെ ഒരു കാതോലിക്കാ മറ്റൊരാൾക്ക് സ്ഥാനം ഒഴിഞ്ഞുകൊടുക്കുന്നത്. ബാഹ്യ മായ പ്രൗഢിയിലും ആഡംബരങ്ങളിൽ നിന്നുമെല്ലാം കഴിയുന്നത്ര ഒഴിഞ്ഞു മാറി, ലളിതമായ ജീവിതം നയിച്ചിരുന്ന ഔഗേൻ കാതോലിക്കാ പൊതുവെ മെലിഞ്ഞ ശരീരമുള്ളവനായിരുന്നു. ഉപവാസവും പ്രാർത്ഥനയും നിഷ്ഠയോടു കൂടി അനുഷ്ഠിച്ചിരുന്ന അദ്ദേഹം എല്ലാ പ്രാർത്ഥനകളും അതാതു സമയത്തു തന്നെ നടത്തുക പതിവായിരുന്നു. ബാഹ്യദൃഷ്ടിയിൽ മെലിഞ്ഞവനായിരുന്നു വെങ്കിലും ആത്മീയമായി കരുത്തുറ്റവനായിരുന്നു. പ്രതികൂലസാഹചര്യങ്ങളെ ആലോചനയോടും വിവേകത്തോടും നേരിടുവാനുള്ള അദ്ദേഹത്തിന്റെ കഴിവ് അസാധാരണമായിരുന്നു. സുഖദുഃഖങ്ങളെയും, വിജയപരാജയങ്ങളെയും സമചിത്തതയോടെ സ്വീകരിപ്പാൻ കഴിവുള്ള ഒരു ഭരണകർത്താവു കൂടിയായി രുന്നു ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവാ. ചരമ സുവർണ്ണ ജൂബിലി യുടെ അവസരത്തിൽ പരിശുദ്ധ പിതാവിന്റെ പ്രാർത്ഥനയും മദ്ധ്യസ്ഥതയും മലങ്കരസഭയ്ക്കു കോട്ടയാകട്ടെ. ❑

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

പരിശുദ്ധ ബസേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവായും മലങ്കരസഭയും

ഡെറിൻ രാജു

"എന്റെ മാതാവ് എന്നെ പ്രസവിച്ചത് കാതോലിക്കാ സിംഹാസനമെന്ന പവിത്രപീഠത്തിലിരുന്ന് പാരമ്പര്യങ്ങളും പ്രമാണങ്ങളും ലംഘിക്കാനല്ല. പ. മാർത്തോമാ ശ്ലീഹാ സ്ഥാപിച്ചതും പ്രതിസന്ധികളുടെയും പ്രതികൂലതകളുടെയും ഇടയിലും ദൈവകൃപയാൽ പരിശുദ്ധ പിതാക്കന്മാർ സംരക്ഷിച്ചും ഭദ്രമായി ഭരമേല്പിച്ചതുമായ മലങ്കരസഭയുടെ സ്വതന്ത്രമായ നിലനിൽപ്പിന്റെ വിലയേറിയ നിധിയും സ്ഥാനവും കളഞ്ഞു കുളിച്ചു കടന്നുപോകുവാൻ ഞാൻ ഒരുക്കമല്ല. എന്റെ പദവിയും ജീവനും പോയാലും മാർത്തോമാ ശ്ലീഹായുടെ സഭയുടെ സിംഹാസനത്തിന്റെ മാറ്റിനും മഹിമയ്ക്കും ഹാനി വരുത്തുന്ന ഒന്നിനും ഞാൻ കൂട്ടുനിൽക്കയില്ല."

(പ. ബസേലിയോസ് ഔഗേൻ പ്രഥമൻ ബാവാ പാറേട്ട് മാത്യൂസ് മാർ ഈവാനിയോസ് തിരുമേനിയുടെ 80-ാം ജന്മദിന ആഘോഷങ്ങളിൽ ഏലിയാ കത്തീഡ്രലിൽ വച്ച് ചെയ്ത പ്രസംഗത്തിൽ നിന്നും)[1]

പുലർകാലത്ത് നാം കാണുന്ന പ്രശാന്തമായ സമുദ്രമുണ്ടല്ലോ, അതായിരുന്നു ഔഗേൻ പ്രഥമൻ ബാവാ. വലിയ തിരമാലകളെ ഉള്ളിലൊതുക്കിയ ശാന്തമായ സമുദ്രം. പിൻഗാമിയെ തിരഞ്ഞെടുത്ത വിവരം പ. ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ ബാവായെ അറിയിച്ചപ്പോൾ അദ്ദേഹം പറഞ്ഞ മറുപടി വളരെ രസാവഹമായിരുന്നു: 'മാർ ഔഗേന് വിനയം കുറച്ച് കൂടുതലാണ്.'[2] ആ മനുഷ്യനാണ് അധിനിവേശത്തെ ഒരു വള്ളപ്പാടകലെ നിർത്തിയത്. ഏതു ധൈര്യശാലിയും ഭഗ്നാശനാകാമായിരുന്ന സാഹചര്യത്തെ തന്റെ അതിവൃദ്ധതയിൽ നേരിട്ടിട്ടും ഒരു തരിമ്പും ഇളകാതെ നിന്ന മഹാമഹർഷിയായിരുന്നു ഔഗേൻ പ്രഥമൻ ബാവാ. ഒമ്പതു പതിറ്റാണ്ടിലധികം നീണ്ട ആ പുണ്യ ജീവിതം അനുസ്മരിക്കുന്നത് തന്നെ സുകൃതമാണ്. ആ ജീവിതം മലങ്കര സഭയുടെ 20-ാം നൂറ്റാണ്ടിന്റെ മുക്കാൽ ഭാഗത്തിന്റെ ചരിത്രം തന്നെയാണ്.

ജീവിതരേഖ

പരിശുദ്ധ ഔഗേൻ പ്രഥമൻ ബാവാ 1884 ജൂൺ 25-നു പെരുമ്പാവൂരിനടുത്തുള്ള വെങ്ങോല തുരുത്തി കുടുംബത്തിൽപ്പെട്ട ചേറ്റാകുളത്തുംകര അബ്രഹാം കത്തനാരുടെയും പുത്തൻകുരിശ് വാളയിൽ അന്നമ്മയുടെയും രണ്ടാമത്തെ പുത്രനായി ജനിച്ചു. മത്തായി എന്നായിരുന്നു മാമോദീസാ പേര്. തിരുമേനിയുടെ കുട്ടിക്കാലം പുത്തൻകുരിശിലെ മാതൃഭവനത്തിലായിരുന്നു. പ്രാഥമിക വിദ്യാഭ്യാസവും അവിടെ തന്നെയായിരുന്നു. തന്റെ പിതാവിന്റെ പ്രാർത്ഥനാജീവിതശൈലി അദ്ദേഹത്തിന്റെ ജീവിതത്തെ സ്വാധീനിച്ചിരുന്നു. 1901-ൽ വടക്കൻപറവൂർ മാർത്തോമ്മൻ പള്ളിയിൽ വച്ച് കടവിൽ പൗലോസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായിൽ നിന്ന് ശെമ്മാശുപട്ടം സ്വീകരിച്ചു. 1905 ചിങ്ങം 15-നു അസീറിയായിലെ നിനുവയിലുള്ള മാർ മത്തായിയുടെ ആശ്രമത്തിൽ വച്ച് പൂർണശെമ്മാശപട്ടമേറ്റു. തുറബ്ദീനിലുള്ള മാർ ഔഗേന്റെ ദയറായിൽ വച്ച് ഔഗേൻ എന്ന പേര് സ്വീകരിച്ചു. 1908-ൽ യെരുശലേമിലെ മാർ മർക്കോസിന്റെ ദയറായിൽ വച്ച് ഇഗ്നാത്തിയോസ് അബ്ദുള്ളാ ദ്വിതീയൻ പാത്രിയർക്കീസ് അദ്ദേഹത്തിനു റമ്പാൻ സ്ഥാനം നൽകി. 1909 ജൂൺ 6-നു കോട്ടയം ചെറിയപള്ളിയിൽ വച്ച് സ്ലീബാ മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ ഔഗേൻ റമ്പാന് കശീശാ സ്ഥാനം നൽകി. അദ്ദേഹം പാത്രിയർക്കീസ് (ബാവാ) കക്ഷിയോട് ചേർന്നായിരുന്നു നിന്നിരുന്നത്. 1911 ഇടവമാസത്തിൽ വട്ടശേരിൽ മാർ ദീവന്നാസിയോസ് തിരുമേനിയുടെ മുടക്ക് കല്പന പരസ്യമായി വായിക്കുവാൻ പദ്ധതിയിട്ട ദിവസം വി. കുർബാന ചൊല്ലുവാൻ നിയോഗിക്കപ്പെട്ടത് ഔഗേൻ റമ്പാനായിരുന്നു.[3] പാത്രിയർക്കീസ് കക്ഷിയോട് ചേർന്ന് നിന്നിരുന്നുവെങ്കിലും സമുദായാന്തരീക്ഷത്തിൽ തലയുയർത്തിയിരുന്ന വഴക്കിൽ തലയിടാതെ കഴിച്ചുകൂട്ടാൻ ഔഗേൻ റമ്പാൻ പരമാവധി ശ്രമിച്ചു.[4]

മലങ്കരയിൽ കാതോലിക്കേറ്റ് സ്ഥാപിക്കുവാനായി 1912-ൽ ഇഗ്നാത്തിയോസ് അബ്ദ്ദേദ് മശിഹാ പാത്രിയർക്കീസ് മലങ്കരയിൽ എത്തിയപ്പോൾ ഔഗേൻ റമ്പാൻ നിരണത്ത് ചെന്ന് പാത്രിയർക്കീസ് ബാവായെ സന്ദർശിക്കുകയും തന്റെ പിതാവിന്റെ ഗുരു കൂടിയായ മുറിമറ്റത്തിൽ പൗലോസ് മാർ ഈവാനിയോസിനെ മലങ്കരയിലെ പ്രഥമ കാതോലിക്കായായി വാഴിച്ച ചടങ്ങിൽ പങ്കെടുക്കുകയും ചെയ്തു. ഇതിൽ പാത്രിയർക്കീസ് കക്ഷിയിൽപെട്ടവർക്ക് റമ്പാനോട് വലിയ അതൃപ്തി തോന്നി. കണ്ടനാട് ഇടവകയുടെ ഐകകണ്ഠ്യേന ഉള്ള താൽപര്യപ്രകാരം 1927 മെയ് 15-ാം തീയതി യെരുശലേമിലെ മാർ മർക്കോസിന്റെ ദയറായിൽ വച്ച് ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് അദ്ദേഹത്തെ മേൽപ്പട്ടസ്ഥാനത്തേക്ക് ഉയർത്തി. നാട്ടിൽ തിരിച്ചെത്തിയ മെത്രാപ്പോലീത്താ പിറവം പള്ളിയിൽ താമസം ആരംഭിച്ചു. എന്നാൽ പല കാരണങ്ങളാൽ അവിടെ അരമന പണി നടന്നില്ല.[5] തുടർന്ന് അദ്ദേഹം മൂവാറ്റുപുഴയിൽ ഒന്നാം കാതോലിക്കാ ബാവാ സമ്പാദിച്ചിരുന്നതായ സ്ഥലത്തേക്ക് താമസം മാറി. അവിടെ അദ്ദേഹം ഒരു അരമനകെട്ടിടവും പണികഴിപ്പിച്ചു. ഈ കാലയളവിൽ പല സമാധാനശ്രമങ്ങളും നടന്നുവെങ്കിലും ഒന്നും വിജയിച്ചില്ല. 1942 ഒക്ടോബർ ഏഴിനു മൂവാറ്റുപുഴ അരമനയിലേക്ക് പ. ഗീവറുഗീസ് ദ്വിതീയൻ

ബാവായെ ക്ഷണിച്ചുകൊണ്ടുവരികയും ഔഗേൻ മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായും ഒരു വലിയ വിഭാഗവും കാതോലിക്കാ പക്ഷത്തേക്ക് ചേരുകയും ചെയ്തു. അതിന്റെ ഫലമായി പിറവം മർദ്ദനം എന്ന പേരിൽ പിന്നീട് കുപ്രസിദ്ധമായ മർദ്ദനത്തിനും ദേഹോപദ്രവം ഏൽക്കലിനും (1946-ൽ) അദ്ദേഹം വിധേയനായി. കുറച്ചുകാലം അദ്ദേഹം കോട്ടയം വൈദിക സെമിനാരിയുടെ പ്രിൻസിപ്പലായി സെമിനാരിയിൽ താമസമാക്കി. തുമ്പമൺ ഇടവകയുടെ ഗീവറുഗീസ് മാർ പീലക്സിനോസ് കാലം ചെയ്തതിനെ തുടർന്ന് കുറച്ച് നാളുകൾ തുമ്പമൺ മെത്രാസനഭരണവും നിർവഹിച്ചു. ദാനിയേൽ മാർ പീലക്സിനോസ് മെത്രാപ്പോലീത്താ തുമ്പമൺ മെത്രാസന ഇടവകഭരണം ഏറ്റെടുത്തതിനെ തുടർന്ന് മൂവാറ്റുപുഴയിൽ തിരികെയെത്തി താമസമാക്കി.[6] 1958-ൽ പല കോടതികൾ കടന്ന് ഒന്നാം സമുദായക്കേസിന്റെ വിധി സുപ്രീംകോടതി പുറപ്പെടുവിച്ചു. പാത്രിയർക്കീസ് വിഭാഗത്തിന്റെ വാദങ്ങളെ പൂർണമായും തള്ളിക്കൊണ്ട് കാതോലിക്കാപക്ഷത്തിനു പൂർണമായും അനുകൂലമായ ആ വിധിയെ തുടർന്ന് സമാധാനാലോചനകൾ കൂടുതൽ ശക്തമായി. അതിനെ തുടർന്ന് 1958 ഡിസംബർ 16-നു പഴയസെമിനാരിയിൽ വച്ച് പരസ്പര സ്വീകരണത്തോടെ സഭയിൽ സമാധാനം സ്ഥാപിക്കപ്പെട്ടു. തുടർന്ന് മെത്രാസനങ്ങൾ പുനഃക്രമീകരിച്ചു. 1962 മെയ് 17-നു നിരണത്തു കൂടിയ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ ഔഗേൻ മാർ തീമോത്തിയോസിനെ പൗരസ്ത്യ കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും പിൻഗാമിയായി തിരഞ്ഞെടുത്തു. പ. ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ ബാവാ 1964 ജനുവരി 30-നു കാലം ചെയ്തതിനെ തുടർന്ന് അദ്ദേഹം മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് പ്രവേശിച്ചു. സഭാ സമാധാനത്തിന്റെ പശ്ചാത്തലത്തിൽ കാതോലിക്കാ വാഴ്ചയ്ക്ക് അന്ത്യോഖ്യൻ പാത്രിയർക്കീസ് ഇഗ്നാത്തിയോസ് യാക്കോബ് തൃതീയൻ ബാവായെ ക്ഷണിക്കുകയും അദ്ദേഹം ക്ഷണം സ്വീകരിച്ച് മലങ്കരയിലേക്ക് വരികയും ചെയ്തു. പാത്രിയർക്കീസ് അധ്യക്ഷനായ പ. സുന്നഹദോസ് ഔഗേൻ മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായെ 'ബസേലിയോസ് ഔഗേൻ പ്രഥമൻ' എന്ന പേരിൽ 1964 മെയ് 22-നു കാതോലിക്കാ സ്ഥാനത്തേക്ക് ഉയർത്തി. 1965 ജനുവരിയിൽ നടന്ന ഓറിയന്റൽ ഓർത്തഡോക്സ് സഭകളുടെ ആഡിസ് അബാബ കോൺഫ്രൻസിൽ ഔഗേൻ ബാവാ സംബന്ധിച്ചു. ഔഗേൻ പ്രഥമൻ ബാവാ 1966-ൽ കോലഞ്ചേരിയിൽ വച്ച് മൂന്നു പേരെയും 1975-ൽ നിരണത്തു വച്ച് അഞ്ച് പേരെയും മെത്രാപ്പോലീത്താമാരായി വാഴിച്ചു. 1967 ഡിസംബർ 21-നു കോട്ടയം പഴയസെമിനാരിയിൽ അദ്ദേഹം മൂറോൻ കൂദാശയും നിർവഹിച്ചു. 1975 സെപ്റ്റംബറിൽ ഔഗേൻ പ്രഥമൻ ബാവാ സ്ഥാനത്യാഗം ചെയ്യുകയും പിൻഗാമി മലങ്കര മെത്രാപ്പോലീത്താ - കാതോലിക്കാ സ്ഥാനങ്ങൾ സ്വീകരിക്കുകയും ചെയ്തു. സംഭവബഹുലമായ ആ ജീവിതം 1975 ഡിസംബർ എട്ടിനു പര്യവസാനിച്ചു. പിറ്റേ ദിവസം ദേവലോകം കാതോലിക്കേറ്റ് അരമന ചാപ്പലിൽ കബറടക്കി.

പ. ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവായും മലങ്കരസഭയും

മലങ്കരസഭയും പരിശുദ്ധ ഔഗേൻ പ്രഥമൻ ബാവായും എന്നത് വിവിധ നിലകളിൽ പരാമർശിക്കേണ്ടതായ വിഷയമാണ്. അതിൽ സഭാ സമാധാനമുണ്ട്, സഭാ സ്വാതന്ത്ര്യമുണ്ട്, സഭാ സാഹിത്യത്തിന്റെ പരിപോഷണമുണ്ട്. അങ്ങനെ നിരവധി തലങ്ങളിൽ നമുക്കത് വിശകലനം ചെയ്യാവുന്നതാണ്. പ്രവർത്തന മേഖലകളില്ലൊം അദ്ദേഹം ഒരു സവിശേഷ വ്യക്തിമുദ്ര പതിപ്പിച്ചു. പലതിലും അദ്ദേഹത്തിനു മുൻഗാമികളില്ലായിരുന്നു. എന്നാൽ കാലം ചെയ്തിട്ട് അമ്പതു വർഷം പൂർത്തിയാക്കുന്ന ഈ വേളയിലും നമ്മൾ എത്രത്തോളം പ. ഔഗേൻ പ്രഥമൻ ബാവായുടെ സംഭാവനകളെപ്പറ്റി ബോധവാന്മാരാണ്? ആ സംഭാവനകളെ അനുസ്മരിക്കുക എന്നത് തന്നെ ഒരു കൃതജ്ഞതാർപ്പണമാണ്. അത് നമ്മുടെ കടമയുമാണ്.

ഔഗേൻ ബാവായും സഭയുടെ സ്വാതന്ത്ര്യവും

മലങ്കരസഭയുടെ സ്വാതന്ത്ര്യം അതിന്റെ ജന്മസിദ്ധമായ അവകാശമാണ്. അതാരുടെയും ഔദാര്യമല്ല. കാതോലിക്കാ സിംഹാസനം പാത്രിയർക്കാ സിംഹാസനത്തേക്കാൾ ഏതെങ്കിലുംവിധത്തിൽ കുറവുള്ളതല്ല. അതുകൊണ്ടാണ് കാതോലിക്കാ സ്ഥാനം പ്രാപിച്ച ശേഷം ചെയ്ത പ്രസംഗത്തിൽ പ. ഔഗേൻ പ്രഥമൻ ബാവാ 'അന്ത്യോഖ്യൻ സിംഹാസനത്തെ സ്നേഹിക്കുന്നവർക്ക് തോമാ ശ്ലീഹായുടെ സിംഹാസനത്തെ സ്നേഹിക്കാതിരിക്കാൻ കഴിയുകയില്ല. രണ്ടും രണ്ടാണെങ്കിലും ഒന്നു തന്നെയാണ്' എന്ന് പ്രഖ്യാപിച്ചത്.[7] പാത്രിയർക്കീസ് കക്ഷിയിൽ മേൽപ്പട്ടസ്ഥാനം പ്രാപിച്ചെങ്കിലും അദ്ദേഹം

ഒരിക്കലും അന്ധമായ പാത്രിയർക്കീസ് ഭക്തനോ കാതോലിക്കാ വിരുദ്ധനോ ആയിരുന്നില്ല. അതുകൊണ്ടാണ് അബ്ദുദേദ് മശിഹാ പാത്രിയർക്കീസ് ബാവാ മലങ്കരയിൽ വന്ന സമയത്ത് നിരവധി എതിർപ്പുകൾ ഉണ്ടായിരുന്നിട്ടും അദ്ദേഹം നിരണത്തു വന്ന് പാത്രിയർക്കീസിനെ കാണുകയും കാതോലിക്കാ വാഴ്ചയിൽ സംബന്ധിക്കുകയും ചെയ്തത്. തന്റെ ബോദ്ധ്യത്തിന്റെ അടിസ്ഥാനത്തിലാണ് അദ്ദേഹം കാതോലിക്കാ പക്ഷത്തേക്ക് വന്നത്. 1958 മുതൽ 1975 വരെയുള്ള കാലഘട്ടം കൂടി പരിഗണിച്ചാൽ മാത്രമേ സഭാ സ്വാതന്ത്ര്യത്തിനായുള്ള അദ്ദേഹത്തിന്റെ പോരാട്ടത്തിന്റെ വ്യാപ്തി നമുക്ക് മനസിലാകുകയുള്ളു. 1958-ൽ സഭാ സമാധാനത്തെ തുടർന്ന് മെത്രാസനങ്ങൾ പുനഃക്രമീകരിച്ചു. പഴയ പാത്രിയർക്കീസ് കക്ഷിയിൽ മൂന്ന് മെത്രാസനങ്ങളുടെ ചുമതല വഹിച്ചിരുന്ന പൗലോസ് മാർ പീലക്സീനോസ് പുതിയ വിഭജനത്തിൽ കണ്ടനാട് ഇടവകയുടെ അസിസ്റ്റന്റായി (ഔഗേൻ മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായുടെ കീഴിൽ) മാത്രം നിയോഗിക്കപ്പെട്ടു. കണ്ടനാടിന്റെ സഹായ മെത്രാൻ മാത്രം എന്ന നില അദ്ദേഹത്തെ ഒട്ടുമേ തൃപ്തിപ്പെടുത്തിയില്ല.[8] ഇത് അസ്വാരസ്യങ്ങൾ ഉണ്ടാക്കി. മലങ്കരയിൽ ഭിന്നത വീണ്ടും ആരംഭിച്ചു. പഴയ പാത്രിയർക്കീസ് കക്ഷിയിൽപെട്ടവർ അന്ത്യോഖ്യൻ മൂവ്മെന്റ് എന്ന ഒരു സംഘടനയ്ക്ക് രൂപം നൽകി. 1970 ജൂൺ മാസത്തിൽ മാർത്തോമാ ശ്ലീഹായ്ക്ക് പട്ടത്വമില്ലെന്നും സിംഹാസനമില്ലായെന്നുമുള്ള അത്യന്തം അവഹേളനപരമായ ഒരു കല്പന യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവാ പുറപ്പെടുവിച്ചു. ഇത് ഭിന്നതയ്ക്ക് ആക്കം കൂട്ടി. അങ്ങേയറ്റം അവഹേളനപരമായ ഒരു കത്തായിരുന്നു പാത്രിയർക്കീസിന്റേതായി പുറത്തു വന്നത്. മാർത്തോമൻ പൈതൃകം നസ്രാണികളുടെ ഏറ്റവും വലിയ സ്വത്താണ്. കണ്ടിട്ടും കേട്ടിട്ടുമില്ലാത്ത ഒരു ഭൂപ്രദേശത്തേക്ക് തന്റെ നാഥനിലുള്ള വിശ്വാസം മാത്രം കൈമുതലാക്കി കടന്നു വന്ന് ഇവിടെ സുവിശേഷം അറിയിച്ച് ഈ മണ്ണിൽ അടങ്ങിയ മാർത്തോമാ നസ്രാണികളുടെ പിതാവാണ്. ആ സ്ഥാനത്തെ പാത്രിയർക്കീസ് ബാവാ അവഹേളിച്ചതായി സഭയ്ക്ക് ബോദ്ധ്യപ്പെട്ടു. എപ്പിസ്കോപ്പൽ സിനഡിന്റെ കൂടി അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ പ. ഔഗേൻ പ്രഥമൻ ബാവാ മറുപടി അയച്ചു. എന്താണ് പാത്രിയർക്കീസ് ബാവായുടെ കല്പനയുടെ പരിണിതഫലമെന്ന് ആ മറുപടിയിൽ ബാവാ വ്യക്തമായി ചേർത്തു. *'...പ. സഭയെ കലക്കുന്നതിനും നശിപ്പിക്കുന്നതിനും അന്തിക്രിസ്തു ആഗ്രഹിക്കുന്നതിന്റെ ഫലമായി മതപരമായ ജീവിതമോ വിശ്വാസമോ ഇല്ലാത്തവരും സഭയുടെ തത്വങ്ങളെ സംബന്ധിച്ച് പരിജ്ഞാനമില്ലാത്തവരുമായ ചുരുക്കം ചില വഴക്കാളികൾ മാത്രം ഈദൃശ്യ സംഗതികളിൽ തൽപരന്മാരായി ഉണ്ടായേക്കാം. എന്നാലും സഭയിലെ ഭൂരിപക്ഷം ജനങ്ങൾക്കും ഇത് വളരെ സങ്കട കാരണമായിരിക്കുന്നു.'*[9] ഇതോടെ വിവാദങ്ങൾ കെട്ടടങ്ങേണ്ടതായിരുന്നു. എന്നാൽ എക്കാലത്തും ഭിന്നത ആഗ്രഹിക്കുന്ന അതിനു വളമേകുന്ന ഒരു വിഭാഗം മലങ്കരയിൽ ഉണ്ടാകുമല്ലോ. അവർ വിഷയം ഏറ്റെടുത്തു. സഭാസ്വാതന്ത്ര്യം അടിയറവു വച്ചുള്ള ഒരു സന്ധിക്കും പ. ഔഗേൻ ബാവാ തയ്യാറായില്ല. തൊണ്ണൂറിനോടടുത്ത തന്റെ പ്രായത്തിലും ഒളിമങ്ങാത്ത തന്റെ ബുദ്ധിയും പോരാട്ടവീര്യവും അദ്ദേഹം പുറത്തെടുത്തു. സഭയുടെ ഭാവിയെ കരുതിയുള്ള തീരുമാനങ്ങളുമായി മുന്നോട്ടു പോയി. 1970

ഡിസംബറിൽ ഔഗേൻ പ്രഥമൻ ബാവായുടെ പിൻഗാമിയായി കാതോലിക്കാ-മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് ബാഹ്യകേരള മെത്രാസനത്തിന്റെ മാത്യൂസ് മാർ അത്താനാസിയോസ് തിരഞ്ഞെടുക്കപ്പെട്ടു. തിരഞ്ഞെടുപ്പ് ഐക കണ്ഠ്യേന ആയിരുന്നു. എങ്കിലും കലഹത്തിന്റെ നാളുകളായിരിക്കും ഇനി അങ്ങോട്ട് എന്ന് ഏറെക്കുറെ ഉറപ്പായിരുന്നു. 1972 ഓഗസ്റ്റിൽ കൂടിയ മാനേജിംഗ് കമ്മിറ്റി കോലാഹലപൂർണമായിരുന്നു. കാതോലിക്കാ ബാവായുടെ കല്പന യിലെ 'മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിൽ ആരൂഢനായിരിക്കുന്ന' എന്ന തലവാചകം ഒഴിവാക്കണമെന്ന് പഴയ പാത്രിയർക്കീസ് കക്ഷിയിലെ ചിലർ അഭിപ്രായപ്പെട്ടു. ആ ക്രമപ്രശ്നം തള്ളിയതിനു ശേഷം ചെയ്ത ഉപക്രമ പ്രസംഗത്തിൽ *ശ്ലീഹന്മാർക്കെല്ലാം തുല്യസ്ഥാനവും തുല്യ അധികാരവും ആണെന്നും പത്രോസ് ശ്ലീഹായ്ക്ക് സിംഹാസനം ഉള്ളതുപോലെ തോമ്മാ ശ്ലീഹായ്ക്കും സിംഹാസനം ഉണ്ടെന്നും കർത്താവ് അങ്ങനെയാണ് ശ്ലീഹന്മാ രുടെ പദവി ക്രമപ്പെടുത്തിയിട്ടുള്ളതെന്നും, സ്വസ്ഥാനമോ സ്വജീവൻ തന്നെയോ കളയേണ്ടി വന്നാലും ആ സത്യവിശ്വാസത്തിൽ ഉറച്ചു നിൽക്കുകയും അത് ഉച്ചൈസ്തരം ഉദ്ഘോഷിക്കുകയും ചെയ്യുമെന്നും സത്യം മറച്ചുപിടിക്കുന്നതും സത്യത്തെ എതിർക്കുന്നതും ദൈവം ക്ഷമിക്കുകയില്ലായെന്നും*[10] പ. പിതാവ് പ്രഖ്യാപിച്ചത് സഭാ തർക്കത്തിന്റെ എക്കാലത്തേക്കുമുള്ള ഒരു ഓർമ്മപ്പെടു ത്തലാണ്. 1973-ൽ പാത്രിയർക്കീസ് ഒരാളെയും 1974-ൽ മൂന്ന് പേരെയും ഏക പക്ഷീയമായി മെത്രാപ്പോലീത്താമാരായി വാഴിച്ചു. 1975 സെപ്റ്റംബർ 7-നു ബദൽ കാതോലിക്കായി പൗലോസ് മാർ പീലക്സിനോസിനെ വാഴിച്ചു. പിളർപ്പ് അതോടെ പൂർണമായി. 1970 മുതൽ 1975-ൽ ഒരു പിൻഗാമി വരുന്നത് വരെ തീച്ചൂളയിൽ എന്ന കണക്കെ ചൂടായിക്കൊണ്ടിരുന്ന ഒരു സഭാ അന്തരീക്ഷ ത്തെയാണ് പ. ഔഗേൻ ബാവായ്ക്ക് നേരിടേണ്ടി വന്നത്. തന്റെ നിയോഗ ത്തോട്, സഭ ഏല്പിച്ച ഉത്തരവാദിത്തത്തോട് ഒരു തരിമ്പും പിറകോട്ട് മാറാതെ നിന്ന് സഭാ നൗകയെ നയിച്ച വ്യക്തിയായിരുന്നു ഔഗേൻ ബാവാ. സഭാ സ്വാതന്ത്ര്യത്തെപ്പറ്റി പഠിക്കുമ്പോൾ പരിശുദ്ധ വട്ടശേരിൽ തിരുമേനി കഴി ഞ്ഞാൽ നമ്മൾ മനസിലാക്കേണ്ടതായ പോരാട്ടം പ. ഔഗേൻ ബാവായുടേത് ആയിരുന്നു. കാലം ചെയ്തതിന്റെ സുവർണ ജൂബിലി ആകുന്ന ഈ സമയ ത്തെങ്കിലും അത് അനുസ്മരിക്കേണ്ട ഉത്തരവാദിത്തം നമുക്കുണ്ട്.

ഔഗേൻ ബാവായും സഭയുടെ സമാധാനവും ഐക്യവും

സഭാ സമാധാനത്തിനു വേണ്ടി നിലകൊള്ളുകയും പോരാടുകയും മർദ്ദനമേ ൽക്കുകയും ചെയ്ത പിതാവാണ് ഔഗേൻ പ്രഥമൻ ബാവാ. നേരത്തെ സൂചി പ്പിച്ചതുപോലെ പഴയ പാത്രിയർക്കീസ് കക്ഷിയിലാണ് പട്ടമേറ്റ് നിലനിന്നിരു ന്നത് എങ്കിലും സഭാ തർക്കത്തിലെ അർഥശൂന്യത വ്യക്തമായി ബോദ്ധ്യപ്പെട്ട പിതാവാണ് പ. ഔഗേൻ പ്രഥമൻ ബാവാ. അതുകൊണ്ടാണ് അദ്ദേഹം ഒന്നാം കാതോലിക്കായുടെ സ്ഥാനാരോഹണ ശുശ്രൂഷയിൽ നിരണത്തു വന്ന് സംബന്ധിച്ചത്. തന്റെ ഈ വരവ് വലിയ കോലാഹലം ഉണ്ടാക്കുമെന്ന് ഔഗേൻ റമ്പാൻ തന്നെ പറഞ്ഞതായി വട്ടശേരിൽ തിരുമേനി വട്ടിപ്പണക്കേസിൽ മൊഴി നൽകിയിട്ടുണ്ട്. *"...അവിടുന്ന് പറയുന്നത് സത്യമാണ്. എന്നിരുന്നാലും ഈ സ്ഥിതിയിലല്ലാതെ, എന്നു വച്ചാൽ എതൃ ഭാഗത്തോട് ചേർന്നു നിൽക്കാന ല്ലാതെ എനിക്കു നിർവാഹമില്ല. ഈവാനിയോസ് മെത്രാച്ചന്റെ കാതോലിക്കാ സ്ഥാനാരോഹണത്തിൽ സംബന്ധിപ്പാൻ ഞാൻ ഇപ്പോൾ വന്നതിനു തന്നെ ഞാൻ വടക്കോട്ട് ചെല്ലുമ്പോൾ എന്തെല്ലാം ഉപദ്രവങ്ങളാണ് എനിക്കുണ്ടാകു ന്നതെന്ന് എനിക്കറിഞ്ഞു കൂടാ..."*[11] പിന്നീട് ആലുവാ വട്ടമേശസമ്മേളനവുമായി ബന്ധപ്പെട്ട് ഔഗേൻ മാർ തീമോത്തിയോസ് ചില നിർദ്ദേശങ്ങൾ മുന്നോട്ട് വയ്ക്കുന്നുണ്ട്.[12] എവിടെയും സമാധാനത്തിനുള്ള മാർഗം അന്വേഷിച്ച വ്യക്തി യായിരുന്നു അദ്ദേഹം. മാത്രമല്ല, സത്യം പറയുവാൻ അദ്ദേഹം ഒന്നിനെയും ഭയപ്പെട്ടിട്ടില്ല. സമുദായക്കേസിൽ 'അബ്ദൽ മശിഹാ പാത്രിയർക്കീസ് ബാവാ യുടെ സ്ഥാനവും നൽവരവും ഫർമാൻ പിൻവലിച്ചതുകൊണ്ട് നഷ്ടപ്പെട്ടിട്ടി ല്ലെന്നും തുർക്കി രാജ്യത്ത് ഉണ്ടായിരുന്ന ചില സിവിൽ അധികാരങ്ങൾ നഷ്ട പ്പെടുക മാത്രമേ ഉണ്ടായുള്ളു' എന്നും ഔഗേൻ മാർ തീമോത്തിയോസ് മൊഴി കൊടുത്തു. താൻ കൂടി മുൻകൈ എടുത്ത ആലുവാ വട്ടമേശ സമ്മേളനം ഫലപ്രാപ്തിയിൽ എത്താത്തതിൽ തിരുമേനി ദുഃഖിതനായിരുന്നു. അതിന്റെ കൂടി വെളിച്ചത്തിൽ അദ്ദേഹം കുറേക്കൂടി ധീരമായ ഒരു നിലപാടിലേക്ക് കടന്നു. തുടർന്ന് 1943-ൽ അദ്ദേഹം കണ്ടനാട് ഇടവകയുടെ ഒരു പള്ളിപ്രതിപുരുഷ യോഗം മൂവാറ്റുപുഴ അരമനയിൽ വിളിച്ചുകൂട്ടുകയും കാതോലിക്കാ കക്ഷിയിൽ ചേരുകയും ചെയ്തു. ആകെയുണ്ടായിരുന്ന 54 പള്ളികളിൽ 50 പള്ളികളുടെ പ്രതിനിധികൾ ഈ യോഗത്തിൽ പങ്കെടുത്തതായി ഇസ്സഡ്. എം. പാറേട്ട് രേഖ

പ. ഔഗേൻ ബാവായോടൊപ്പം ഫാ. റ്റി. സി. ജേക്കബ് (മാനേജരച്ചൻ), ഫാ. റ്റി. ജി. സഖറിയാ, കെ. വി. മാമ്മൻ എന്നിവർ.

പ്പെടുത്തുന്നു.[13] അതിനെ തുടർന്നാണ് അദ്ദേഹം പീഡനവും മർദ്ദനവും ഏൽ ക്കേണ്ടി വന്നത്. എന്നാൽ 'നീതി നിമിത്തം പീഡനമേൽക്കുന്നവർ ഭാഗ്യവാ ന്മാർ' എന്ന കർത്തൃവചനം പോലെ അദ്ദേഹം പീഡനങ്ങളിലും ഉപദ്രവങ്ങ ളിലും തകർന്നു പോവുകയോ പരിഭ്രമിക്കുകയോ ചെയ്തില്ല. തന്റെ നില പാടിൽ അണുവിട മാറിയതുമില്ല. അദ്ദേഹത്തിന്റെ നിലപാടുകളോട് സഭ യ്ക്കുള്ള കരുതലിന്റെ ഒരു രൂപമായിരുന്നു അദ്ദേഹത്തിലേക്ക് എത്തിയ കാതോലിക്കാ സ്ഥാനം. ആ സ്ഥാനവും അദ്ദേഹം സഭയുടെ സമാധാനത്തിനാ യിട്ടാണ് ഉപയോഗിച്ചത്. തന്റെ പിൻഗാമിയെ തിരഞ്ഞെടുത്ത യോഗത്തിൽ പ. ഗീവറുഗീസ് ദ്വിതീയൻ ബാവാ തന്റെ പിൻഗാമിയെപ്പറ്റി പറയുന്ന ഹൃദയസ്പർ ശിയായ ഒരു ഭാഗമുണ്ട്. *"... മോശയ്ക്കും അഹറോനുമെല്ലാം പിൻഗാമികളു ണ്ടായിരുന്നു. അതിനാൽ നമുക്കും ഒരു പിൻഗാമി വേണമെന്നുള്ളത് ദൈവ യിഷ്ടമാണ്. സഭയെ സ്നേഹിക്കുന്നവരെല്ലാം ഇത് ആഗ്രഹിക്കുന്നു. ആകയാൽ ഈ ആഗ്രഹം വി. സഭയുടെ ആവശ്യമാണ്"*[14] (മലങ്കര സഭ, 1962 ജൂൺ). അപ്രകാരം സഭ തിരഞ്ഞെടുത്ത, ദൈവം അംഗീകരിച്ച ഒരു പിൻഗാമിയായി രുന്നു പ. ഔഗേൻ പ്രഥമൻ ബാവ. 1965-ൽ എം.ഡി. സെമിനാരിയിൽ കൂടിയ അസോസിയേഷന്റെ ഉപക്രമപ്രസംഗത്തിൽ സമാധാനത്തിന്റെ പ്രാധാന്യം അദ്ദേഹം വ്യക്തമായി വരച്ചിട്ടു. *"... ഒരു കുടുംബത്തിലെ അംഗങ്ങൾ പരസ്പരം ഭിന്നിച്ചാൽ സ്ഥിതി എന്താണ്? അധഃപതനമാണ്. എന്നാൽ ഐക്യതയോടു കൂടി ഇരുന്നാൽ അഭിവൃദ്ധിയും വളർച്ചയുമാണ്. സഭ ഒരു കുടുംബവും നിങ്ങൾ അതിലെ അനുഗ്രഹിക്കപ്പെട്ട കുടുംബാംഗങ്ങളുമാണ്."*[15] ഭിന്നത ആരംഭിച്ച ശേഷം 1970-ൽ കൂടിയ അസോസിയേഷന്റെ ഉപക്രമപ്രസംഗത്തിലും അദ്ദേഹം ശുഭാപ്തി വിശ്വാസം വെടിഞ്ഞില്ല. *"...ഏത് പ്രതിസന്ധി നേരിട്ടാലും ദൈവാശ്ര യത്തോടും സമചിത്തതയോടും കൂടെ നാം മുന്നോട്ടു പോകണം. സഹിപ്പാനും ക്ഷമിപ്പാനും സ്നേഹിപ്പാനും നമുക്ക് കഴിയണം."*[16] അവസാനം വരെ പരിശുദ്ധ പിതാവ് സമാധാനത്തിനുവേണ്ടി നിലകൊണ്ടു. സത്യത്തെ ബലി കഴിക്കാതെ, സ്വാതന്ത്ര്യം നഷ്ടപ്പെടുത്താതെ എന്തു വിട്ടുവീഴ്ചയ്ക്കും തയ്യാ റായി. മലങ്കരയിലെ സഭാസമാധാനത്തെപ്പറ്റി പഠിക്കുമ്പോൾ വട്ടശേരിൽ മാർ ദീവന്നാസിയോസ് തിരുമേനിയുടെ മർദ്ദീൻ യാത്രയും ഗീവറുഗീസ് ദ്വിതീയൻ ബാവായുടെ ഹോംസ് യാത്രയും പോലെ പരിഗണിക്കേണ്ട ഒന്നു തന്നെയാണ് പ. ഔഗേൻ പ്രഥമൻ ബാവായുടെ സമാധാനശ്രമങ്ങളും.

സഭാ സമാധാനം പോലെ തന്നെ പരിഗണിക്കേണ്ട ഒന്നാണ് പ. ഔഗേൻ ബാവായുടെ സഭൈക്യശ്രമങ്ങളും. 1964-ൽ അദ്ദേഹം ബോംബെയിൽ ചെന്ന് ദിവ്യകാരുണ്യ കോൺഫ്രൻസിൽ സംബന്ധിക്കുവാൻ എത്തിയ പോൾ ആറാ മൻ മാർപാപ്പായെ സന്ദർശിക്കുകയും മലങ്കരസഭയുടെ ആശംസകൾ അദ്ദേ ഹത്തെ അറിയിക്കുകയും ചെയ്തു. 1965-ൽ ആഡിസ് അബാബയിൽ നടന്ന ഓറിയന്റൽ ഓർത്തഡോക്സ് സഭകളുടെ സമ്മേളനത്തിലും അദ്ദേഹം സംബ ന്ധിച്ചു. തുടർന്ന് അദ്ദേഹം കെയ്റോയിലെ കോപ്റ്റിക് ഓർത്തഡോക്സ് സഭയുടെ ആസ്ഥാനവും സന്ദർശിച്ചു. ഇവിടെയെല്ലാം മലങ്കരസഭയുടെ പേരും പെരുമയും അദ്ദേഹം വർദ്ധിപ്പിച്ചു.

എന്താണ് സമാധാനമുണ്ടാക്കേണ്ടതിന്റെ അനിവാര്യതയെന്ന് പരിശുദ്ധ പിതാവ് തന്റെ ഒരു ലേഖനത്തിന്റെ ആരംഭത്തിൽ സൂചിപ്പിക്കുന്നുണ്ട്. ചെറിയ മഠത്തിൽ സ്കറിയാ മല്പാൻ പ്രസിദ്ധീകരിച്ച ആ ലേഖനത്തിലെ ആശയം ഇന്നും പ്രസക്തമാണ്. *'ദരിദ്രിക്കുന്ന രാജ്യം നശിച്ചു പോകും, ഭിന്നിച്ചിരിക്കുന്ന ഭവനം വീണുപോകും, ഭിന്നിച്ച സഭ നശിച്ചു പോകും. ദ്വേഷത നിമിത്തം അതെത്രയും ദരിന്നഭിന്നമായിരിക്കുന്നു. ദ്വേഷത യുദ്ധത്തെ നിർമ്മിക്കുന്നു. ദ്വന്ദ യുദ്ധത്തെ ക്ഷണിക്കുന്നു. പക അകൽച്ചയെ സ്നേഹിക്കുന്നു. ദ്വേഷത സമാധാനത്തെ അപഹരിക്കുന്നു.'*[17]

ഔഗേൻ ബാവായും സഭാ സാഹിത്യവും

പലപ്പോഴും വേണ്ടവിധം പരിഗണിക്കാതെ പോകുന്ന ഒന്നാണ് നമ്മുടെ ആരാധനാസാഹിത്യത്തിലേക്കുള്ള പ. ഔഗേൻ ബാവായുടെ സംഭാവനകൾ. 20-ാം നൂറ്റാണ്ടിൽ ലോകം കണ്ട ഏറ്റവും വലിയ സുറിയാനി പണ്ഡിതൻ ഔഗേൻ ബാവായായിരുന്നു എന്ന് ഇന്ന് പണ്ഡിതലോകം ഒന്നടങ്കം സമ്മതിക്കുന്നുണ്ട്.[18] സുറിയാനി ആരാധനയുടെ മഹത്വവും മനോഹാരിതയും നിലനിർത്തിക്കൊണ്ടു തന്നെ സാധാരണജനങ്ങൾക്ക് അർത്ഥം അറിഞ്ഞു ആരാധനയിൽ സംബന്ധിക്കുവാൻ ഉതകുന്നവിധത്തിൽ അദ്ദേഹം പാശ്ചാത്യ സുറിയാനി ആരാധനക്രമങ്ങളെ മലയാളത്തിലേക്ക് തർജമ ചെയ്തു. പെങ്കീസാ നമസ്കാരങ്ങളിൽ നിന്ന് മാർത്തോമ്മാ ശ്ലീഹായുടെയും ഗീവറുഗീസ് സഹദായുടെയും പെരുന്നാൾ ക്രമങ്ങൾ അദ്ദേഹം പരിഭാഷപ്പെടുത്തി. കൂടാതെ 1948-ൽ എല്ലാ പെരുന്നാളുകളുടെയും ഞായറാഴ്ചകളുടെയും ഉപയോഗത്തിനായി പ്രുമിയോൻ-സെദറാകളും അദ്ദേഹം തർജമ ചെയ്തു. ഇപ്പോഴും നമ്മൾ ഉപയോഗിക്കുന്ന പെങ്കീസാ നമസ്കാരങ്ങളുടെ പ്രുമിയോൻ-സെദറാകൾ ഔഗേൻ ബാവായുടെ തർജമ തന്നെയാണ്. അത്രമാത്രം പദ്യംപോലെ താളാത്മകമായ ഒരു ഗദ്യ ഭാഷയാണ് ആ തർജമയുടേത്. പട്ടംകൊട ക്രമത്തിന്റെ തർജമയാണ് പ. ഔഗേൻ പ്രഥമൻ ബാവായുടെ മറ്റൊരു പ്രധാന തർജമ. ഔഗേൻ ബാവായുടെ ഈ ക്രമത്തെ അടിസ്ഥാനമാക്കി പ. മാത്യൂസ് പ്രഥമൻ ബാവാ ക്രോഡീകരിച്ച പട്ടംകൊട പുസ്തകമാണ് ഇന്ന് മലങ്കരസഭ ഉപയോഗിക്കുന്നത്. 1953-ൽ കോട്ടയം ഏലിയാ കത്തീഡ്രലിൽ (അന്ന് ചാപ്പലിൽ) വച്ച് അഞ്ച് മേൽപ്പട്ടക്കാരെ വാഴിച്ചപ്പോഴാണ് ആദ്യമായി മലയാളത്തിൽ മേൽപ്പട്ടസ്ഥാനാഭിഷേക ശുശ്രൂഷ നിർവഹിച്ചത്. അതിന്റെ തർജമ നിർവഹിച്ചതും പ. ഔഗേൻ ബാവാ തന്നെയാണ്. പരിഭാഷകൾ പരിശോധിച്ചാൽ പ. പിതാവിന്റെ ഏറ്റവും അവസാന പരിഭാഷ കഷ്ടാനുഭവ ആഴ്ചയിലെ നമസ്കാരക്രമാണ്. മലങ്കരയിൽ ഏറ്റവും അധികം കോപ്പികൾ അച്ചടിച്ച പുസ്തകങ്ങളിൽ ഒന്നും ഇതാണ്. എന്താണ് ഈ പരിഭാഷകൾ കൊണ്ട് മലങ്കരസഭയ്ക്കുണ്ടായ നേട്ടം? സാധാരണ ജനങ്ങളെ അതിസുന്ദരവും വേദാധിഷ്ഠിതവുമായ സുറിയാനി ആരാധനക്രമത്തിലേക്ക് അടുപ്പിക്കുവാൻ സാധിച്ചു എന്നതാണ് അതിന്റെ പ്രാഥമിക നേട്ടം. കൈമോശം വന്നുപോകാമായിരുന്ന ഒരു വലിയ പൈതൃകം മലയാളത്തിൽ നിലനിർത്താൻ പ. ഔഗേൻ ബാവായുടെ പരിശ്രമത്തിനു സാധിച്ചു. അതിലൂടെ പ. പിതാവിന്റെ സുറിയാനി പാണ്ഡിത്യം ലോകത്തിനു വെളിവാക്കപ്പെടുകയും ചെയ്തു. തർജമ മാത്രമല്ല, സുറിയാനിയിൽ തന്നെ ആരാധനക്രമങ്ങൾ രചിക്കുകയും ചെയ്തു അദ്ദേഹം. 1947-ൽ പ. പരുമല തിരുമേനിയെ പരിശുദ്ധനായി പ്രഖ്യാപിച്ചു. തുടർന്ന് അദ്ദേഹത്തിന്റെ പെരുന്നാളിനു പ്രത്യേക പെങ്കീസാക്രമം രചിക്കുവാനുള്ള ചുമതല ഔഗേൻ മാർ തീമോത്തിയോസിൽ എത്തി. അദ്ദേഹം സുറിയാനിയിൽ പെങ്കീസാക്രമം രചിച്ചു. അത് മലയാളത്തിലേക്ക് യൂഹാനോൻ മാർ സേവേറിയോസ് തിരുമേനി തർജമ ചെയ്യുകയും സഭാകവി സി. പി. ചാണ്ടി മലയാളത്തിൽ ഗീതങ്ങളാക്കുകയും ചെയ്തു. ഔഗേൻ ബാവായുടെ രചനകളെപ്പറ്റി മനസിലാക്കുമ്പോൾ ആദ്യമായി പരാമർശിക്കപ്പെടുന്ന ഒന്ന് ആണ്ടടക്കമുള്ള വി. കുർബാനയുടെ ഹൂത്തോമോകളാണ്. ഇത് സുറിയാനിയിലും മലയാളത്തിലുമായി പിതാവ് രചിച്ചു. യാക്കോബിന്റെ ബോവൂസായുടെ രീതിയിൽ നാല് വീതം വരികളുള്ള രണ്ട് പദ്യങ്ങളായി അവ രചിക്കപ്പെട്ടു. ഇത് മലങ്കര സഭയിൽ മാത്രമുള്ള ഒരു രീതിയാണ്. വി. കുർബാന തക്സായിൽ ഉള്ള വളരെ കുറച്ച് ഹൂത്തോമോകൾ മാത്രമേ അന്ത്യോഖ്യൻ സഭയിൽ ഉപയോഗിക്കാറുള്ളൂ. എന്നാൽ ഓരോ ഞായറാഴ്ചയ്ക്കും പ്രധാന പെരുന്നാളുകൾക്കും ആ ദിവസത്തെ ധ്യാനവിഷയത്തെ ആധാരമാക്കി ഹൂത്തോമോകൾ മലങ്കരയിൽ മാത്രമുള്ള പ്രത്യേകതയാണ്. ഈ രചനയുടെ മൗലികതയും പ്രാധാന്യവും പാശ്ചാത്യ-സുറിയാനി ലോകത്ത് അവതരിപ്പിച്ച് ബോദ്ധ്യപ്പെടുത്താനുള്ള ബാധ്യത നമുക്കുണ്ട്. അതൊരു കടപ്പാടാണ്. ആരാധനക്രമങ്ങളുടെ പരിഭാഷ

മാത്രമല്ല സഭാ-വേദശാസ്ത്ര സംബന്ധിയായ നിരവധി ഗ്രന്ഥങ്ങളും പ. ഔഗേൻ പ്രഥമൻ ബാവാ സഭയ്ക്ക് സമ്മാനിച്ചിട്ടുണ്ട്. സമാധാനമാർഗം (1934), വിശുദ്ധ മതോപദേശസത്യങ്ങൾ (1950), മരണാനന്തരാവസ്ഥ (1952), പരമയാഗം (1954), വിശുദ്ധ സുന്നഹദോസുകൾ (1954) ഇവയെല്ലാം പ. പിതാവിന്റെ പാണ്ഡിത്യത്തിന് നിദർശനങ്ങളാണ്. ചർച്ച് വീക്ക്ലി, മലങ്കരസഭ തുടങ്ങിയ പ്രസിദ്ധീകരണങ്ങളിലും നിരവധി ലേഖനങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. ഇവയിലൂടെ പ. പിതാവ് നിർവഹിച്ചത് അനന്യസാധാരണമായ ഒരു സഭാ സേവനമാണ്.

ഔഗേൻ ബാവായും സഭയും സമൂഹവും

സഭാ സ്വാതന്ത്ര്യത്തിനായ് പ. ഔഗേൻ പ്രഥമൻ ബാവാ സ്വീകരിച്ച നിലപാടുകളും പ. പിതാവിന്റെ സുറിയാനി-സാഹിത്യ സംഭാവനകളും ചർച്ച ചെയ്യുന്നവർ പോലും മറന്നുപോകുന്നതായ ഒന്നാണ് അദ്ദേഹം സഭയ്ക്കും സമൂഹത്തിനുമായി ചെയ്ത പ്രവർത്തനങ്ങൾ. റമ്പാൻ സ്ഥാനം സ്വീകരിച്ച് മടങ്ങിയെത്തിയ ഔഗേൻ റമ്പാൻ വടകരപ്പള്ളി ആസ്ഥാനമാക്കി സുവിശേഷപ്രവർത്തനങ്ങളിൽ വ്യാപൃതനായി. നിരവധിപേരെ സുവിശേഷത്തിന്റെ വെളിച്ചത്തിലേക്ക് നയിക്കുവാൻ ഔഗേൻ റമ്പാന്റെ പ്രവർത്തനങ്ങൾക്കു സാധിച്ചു. സമൂഹത്തിന്റെ താഴേത്തട്ടിലുള്ള ജനവിഭാഗത്തെ ഉദ്ധരിച്ച് സമൂഹത്തിന്റെ ഉയർന്ന നിലയിലേക്ക് കൊണ്ടുവരുവാൻ ഏറ്റവും മികച്ചതും ഫലപ്രദവുമായ മാർഗം അവർക്ക് വിദ്യാഭ്യാസം നൽകുക എന്നതാണ്. ആ ബോദ്ധ്യത്തിന്റെ അടിസ്ഥാനത്തിലാകണം വടകരയിലെ കുരിശുംതൊട്ടി മൈതാനത്ത് 1918-ൽ അദ്ദേഹം ഒരു ഇംഗ്ലീഷ് സ്കൂൾ സ്ഥാപിച്ചു.[19] വീടുകൾതോറും കയറിയിറങ്ങി, പിരിച്ചെടുത്ത തുക കൊണ്ടാണ് ആ സ്കൂൾ പണി തീർത്തത്. വളരെയധികം കഷ്ടപ്പാടുകളും തിക്താനുഭവങ്ങളും ഇതിനായി അദ്ദേഹം സഹിച്ചിട്ടുണ്ട്. പക്ഷേ ഔഗേൻ റമ്പാന്റെ നിശ്ചയദാർഢ്യത്തിന്റെ ഫലമായി ആ സ്കൂൾ നിലവിൽ വന്നു. ഒരു ഗ്രാമത്തിന്റെ മുഖച്ഛായ മാറ്റിയെടുക്കുവാൻ ആ സ്കൂളിനു സാധിച്ചു. ഇതിനു ശേഷമാണ് തന്റെ ദയറാ ജീവിതത്തിനു ഉതകുംവിധം ഒരു ആശ്രമം കോടനാട്ട് പണിയുവാൻ റമ്പാച്ചൻ തീരുമാനിക്കുന്നത്. കോടനാട് ആശ്രമവും ആ പ്രദേശത്തെ ആളുകളുടെ ഒരു അഭയകേന്ദ്രമായി തീർന്നു. ആശ്രമസ്ഥാപനത്തിനു ശേഷം ആശ്രമം കേന്ദ്രമാക്കിയായിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ. ഒരു മികച്ച അദ്ധ്യാപകനായിരുന്ന അദ്ദേഹം കോടനാടിനു പുറമെ കടമറ്റത്തും തുടർന്ന് വൈദിക സെമിനാരിയിലും പഠിപ്പിച്ചു. കോലഞ്ചേരി മിഡിൽ സ്കൂൾ, പിറവം മാർ കൂറിലോസ് മെമ്മോറിയൽ സ്കൂൾ തുടങ്ങിയ സ്കൂളുകൾ അദ്ദേഹം സ്ഥാപിച്ചു. കോതമംഗലം മാർ ബേസിൽ സ്കൂൾ സ്ഥാപിക്കുന്നതിൽ സഹായവും നേതൃത്വവും അദ്ദേഹം വഹിച്ചിട്ടുണ്ട്.[20] കാതോലിക്കാ പദവിയിലേക്കുയർത്തപ്പെട്ടു കഴിഞ്ഞും, നിരവധി പ്രതിസന്ധികൾ അകത്തു നിന്നും പുറത്തു നിന്നും അദ്ദേഹം നേരിട്ടുകൊണ്ടിരുന്ന സമയമായിരുന്നിട്ടും കോടനാട് ഒരു സ്കൂൾ ആരംഭിക്കുന്നതിനു വേണ്ട സഹായങ്ങൾ അദ്ദേഹം ചെയ്തിട്ടുണ്ട്. സഭയുടെ കോട്ടയം ബസേലിയോസ് കോളജ്, സുൽത്താൻ ബത്തേരി സെന്റ്. മേരീസ് കോളജ്, പത്തനംതിട്ട കാതോലിക്കേറ്റ് കോളജ് (പുത്തൻകാവിൽ തിരുമേനി കാലം ചെയ്ത ശേഷം തുമ്പമൺ മെത്രാസനത്തിന്റെ ചുമതല വഹിച്ചുകൊണ്ടിരുന്ന സമയത്ത്) എന്നിവ സ്ഥാപിക്കപ്പെട്ടത് പ. പിതാവിന്റെ സമയ

ത്താണ്. സെമിനാരി ഒരു ബി.ഡി. കോളജായി ഉയർത്തപ്പെട്ടതും അദ്ദേഹത്തിന്റെ സമയത്താണ്. വിദ്യാഭ്യാസത്തിനും അറിവ് സമ്പാദിക്കുന്നതിനും തന്റെ ജീവിതത്തിൽ വലിയ പ്രാധാന്യം പ. പിതാവ് നൽകിയിരുന്നു. സുറിയാനി ബാലപാഠങ്ങൾ പഠിച്ചശേഷം ഭാഷയിലെ പ്രാവീണ്യം ഉറപ്പിക്കാനായിട്ട് അദ്ദേഹം ഉറവിങ്കലേക്ക് തന്നെ യാത്ര ചെയ്തു. മൂന്നു വർഷക്കാലം മർദ്ദീനിൽ താമസിച്ച് സുറിയാനി സംസാരിച്ചും രചനകൾ വായിച്ചും അഗാധമായ ജ്ഞാനം അദ്ദേഹം സമ്പാദിച്ചു. ആ ജ്ഞാന സമ്പാദനത്തിനുള്ള ആഗ്രഹം അവസാന സമയം വരെയും അദ്ദേഹം തുടർന്നു. അത് മറ്റുള്ളവരിലേക്ക് പകരുവാനും ഭാവി തലമുറയ്ക്കായി സൂക്ഷിക്കുവാനും അദ്ദേഹത്തിനു സാധിച്ചു.

ഉപസംഹാരം

ആദ്യം ആമുഖമായി സൂചിപ്പിച്ചതുപോലെ തന്നെ പ. ബസേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവായുടെ ചരിത്രം മലങ്കരസഭയുടെ ചരിത്രം തന്നെയാണ്. പല വീക്ഷണകോണുകളിൽ ആ പുണ്യചരിതത്തെ നമുക്ക് നോക്കി കാണാവുന്നതാണ്. അതിനാണ് ഈ പഠനത്തിലൂടെ ശ്രമിച്ചതും. സുറിയാനി പാണ്ഡിത്യത്തിൽ അദ്ദേഹം താരതമ്യം ചെയ്യപ്പെടുന്നത് മഹാനായ ഗ്രീഗോറിയോസ് ബാർ എബ്രായയോടാണ്. സഭാ സ്വാതന്ത്ര്യത്തിനായുള്ള പോരാട്ടത്തിൽ വട്ടശേരിൽ തിരുമേനിയുടെ പിൻഗാമിയായി അദ്ദേഹം പരിഗണിക്കപ്പെടുന്നു. സഭാ സമാധാനം പുലരാൻ അദ്ദേഹം അത്യധ്വാനം ചെയ്തു. ഈ പ്രതിസന്ധികൾക്കിടയിലും പ്രശ്നങ്ങൾക്കിടയിലും അദ്ദേഹം സാമൂഹിക പ്രശ്നങ്ങളിൽ ഇടപെട്ടു. വിദ്യാലയങ്ങൾ സ്ഥാപിച്ചു, അശരണരെ കരുതി. അദ്ദേഹം വെട്ടിയ വഴിയിലൂടെയാണ് നമ്മൾ നടക്കുന്നത്. അദ്ദേഹം തെളിച്ച മെഴുകുതിരിയാണ് പ്രതിസന്ധികളിൽ നമുക്ക് പ്രകാശമേകുന്നത്. ആ വിജ്ഞാന ഉറവയാണ് ആരാധനയിലൂടെ നമ്മുടെ ആന്തരിക ദാഹം തീർക്കുന്നത്. ആ പേര് അനുസ്മരിക്കുന്നത് തന്നെ ഒരു നന്ദിപ്രകടനമാണ്, നമ്മുടെ ഒരു കടപ്പാടാണ്.

പ. ഔഗേൻ ബാവാ ബിഷപ്പ് വാൽഷിനൊപ്പം തടാകം ആശ്രമത്തിൽ.

1. കെ. വി. മാമ്മൻ, ഔഗേൻ ബാവാ: *കാതോലിക്കേറ്റിന്റെ കാവൽഭടൻ* (കോട്ടയ്ക്കൽ പബ്ലിക്കേഷൻസ്, കോട്ടയം) പേജ് നമ്പർ 145.
2. കെ. വി. മാമ്മൻ, *മലങ്കരയിലെ കാതോലിക്കാമാർ* (കോട്ടയ്ക്കൽ പബ്ലിഷേഴ്സ് കോട്ടയം) പേജ് നമ്പർ 387.
3. ഇസഡ്. എം. പാറേട്ട് വട്ടശേരിൽ മാർ ദീവന്നാസ്യോസ് (എം.ഒ.സി പബ്ലിക്കേഷൻസ്, കോട്ടയം 2015) പേജ് നമ്പർ 237.
4. കെ.വി. മാമ്മൻ, *ഔഗേൻ ബാവാ: കാതോലിക്കേറ്റിന്റെ കാവൽഭടൻ* (കോട്ടയ്ക്കൽ പബ്ലിക്കേഷൻസ്, കോട്ടയം) പേജ് നമ്പർ 48.
5. അതേ ഗ്രന്ഥം, പേജ് 64.
6. അതേ ഗ്രന്ഥം, പേജ് 70.
7. കെ.വി. മാമ്മൻ, *മലങ്കരയിലെ കാതോലിക്കാമാർ* (കോട്ടയ്ക്കൽ പബ്ലിഷേഴ്സ് കോട്ടയം) പേജ് നമ്പർ 395
8. ഡെറിൻ രാജു, *മലങ്കര സഭാ തർക്കം: എന്താണ് സത്യം?* (സോഫിയ ബുക്ക്സ്, കോട്ടയം 2020) പേജ് നമ്പർ 104
9. അതേ ഗ്രന്ഥം, പേജ് 335.
10. ഇസഡ്. എം. പാറേട്ട്, *മലങ്കര നസ്രാണികൾ* (എം.ഒ.സി പബ്ലിക്കേഷൻസ്, കോട്ടയം 2018) പേജ് നമ്പർ 283
11. ഇസഡ്. എം. പാറേട്ട് വട്ടശേരിൽ മാർ ദീവന്നാസ്യോസ്, പേജ് നമ്പർ 59.
12. ഇസഡ്. എം. പാറേട്ട്, *മലങ്കര നസ്രാണികൾ വാല്യം 5*, പേജ് നമ്പർ 102.
13. അതേ ഗ്രന്ഥം, പേജ് 162.
14. മലങ്കരസഭാ മാസിക, 1962 ജൂൺ.
15. ഡെറിൻ രാജു, *ജോയ്സ് തോട്ടയ്ക്കാട്, മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ: ചരിത്രം, രേഖകൾ* (സോഫിയ ബുക്സ്, കോട്ടയം 2021), പേജ് നമ്പർ 437.
16. അതേ ഗ്രന്ഥം, പേജ് 454.
17. സഖറിയാ ജേക്കബ്, *പരിശുദ്ധ ഔഗേൻ ബാവാ മലങ്കരയുടെ ബാർ എബ്രായ* (എം.ഒ.സി പബ്ലിക്കേഷൻസ്, 2020) പേജ് നമ്പർ 271.
18. ഡോ. എം. കുര്യൻ തോമസ്, മലങ്കരസഭാ മാസിക, ഔഗേൻ ബാവാ ചരമ രജതജൂബിലി സുവനീർ, മലങ്കരസഭാ മാസിക, ഡിസംബർ 2000.
19. ഡോ. സാമുവൽ ചന്ദനപ്പള്ളി, മലങ്കരസഭാപിതാക്കന്മാർ വാല്യം 2 (സീഡീസ് പബ്ലിക്കേഷൻസ്, ചന്ദനപ്പള്ളി, രണ്ടാം പതിപ്പ്, 2012), പേജ് നമ്പർ 679.
20. ഫാ. ടിജോ മണലേൽ, *പരിശുദ്ധ ഔഗേൻ ബാവാ: മലങ്കരയുടെ ബാർ എബ്രായ* (എഡിറ്റർ സഖറിയാ ജേക്കബ്) (എം.ഒ.സി പബ്ലിക്കേഷൻസ്, 2020) പേജ് നമ്പർ 39.

പരിശുദ്ധ കാതോലിക്കാ ബാവായുമായി മലങ്കരസഭാ ആസ്ഥാനത്ത് സി.പി.ഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം കൂടിക്കാഴ്ച്ച നടത്തി. ദേവലോകം അരമന മാനേജർ ഫാ. യാക്കോബ് റമ്പാൻ സ്വീകരിച്ചു. വൈദിക ട്രസ്റ്റി ഫാ. ഡോ. തോമസ് വർഗീസ് അമയിൽ, അൽമായ ട്രസ്റ്റി റോണി വർഗീസ് ഏബ്രഹാം, മലങ്കര അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ, മലങ്കര മൽപ്പാൻ ഡോ. ജോൺസ് ഏബ്രഹാം കോനാട്ട് റീശ് കോർ എപ്പിസ്ക്കോപ്പാ എന്നിവർ കൂടിക്കാഴ്ച്ചയിൽ പങ്കെടുത്തു.

നാഗ്പൂർ സെമിനാരി വിദ്യാർത്ഥിയായിരുന്ന ഡീക്കൻ ജെയ്സൺ ജോയ്സ് 2024-2025 വർഷത്തെ സെറാംപൂർ സർവകലാശാല പരീക്ഷകളിൽ ഒന്നാം റാങ്ക് നേടി. ഇപ്പോൾ ബാംഗ്ലൂർ ഭദ്രാസനത്തിലെ വൈദികനാണ്.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH



ഒരു എളിയ ശിഷ്യന്റെ ഗുരുദക്ഷിണ

ഫാ. ഡോ. കെ. എം. ജോർജ്

സർവ്വാദരണീയനായ വൈജ്ഞാനികനും വേദശാസ്ത്രജ്ഞനും ദാർശനികനുമായിരുന്ന ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയെ അറിയാവുന്നവരിലെല്ലാം അദ്ദേഹം വിസ്മയം സൃഷ്ടിച്ചിട്ടുണ്ട്. ഏതെങ്കിലും ഒന്നോ രണ്ടോ വിഷയങ്ങളിലും ചില ഭാഷകളിലും സവിശേഷമായ നൈപുണ്യം നേടിയ ധാരാളംപേർ നമുക്കിടയിലുണ്ട്. എങ്കിലും വിവിധ വിജ്ഞാനശാഖകളിലും നിരവധി സാമൂഹിക രാഷ്ട്രീയ സാമ്പത്തിക വ്യവഹാരങ്ങളിലും പ്രതിഭയെ വ്യാപരിപ്പിച്ച് അനന്യമായ ഒരു ദാർശനിക കാഴ്ചപ്പാടിലേക്കു നമ്മെ നയിക്കുന്നവർ അതീവ വിരളമാണ്. അക്കൂട്ടത്തിലാണ് ഡോ. പൗലോസ് മാർ ഗ്രീഗോറിയോസിന്റെ സ്ഥാനം. ദേശീയതലത്തിലും ആഗോളതലത്തിലും അദ്ദേഹത്തെ അടുത്തറിഞ്ഞ മഹൽ വ്യക്തികൾ 29 വർഷം മുമ്പ് അന്തരിച്ചുപോയ ആ മഹാമനീഷിയെക്കുറിച്ചു നൽകുന്ന സാക്ഷ്യങ്ങൾ പലതും ഈ പുസ്തകത്തിൽ സമാഹരിച്ചിരിക്കുന്നു.

കോട്ടയം ഓർത്തഡോക്സ് സെമിനാരിയിൽ വിദ്യാർത്ഥിയായും പിന്നീട് ഡൽഹി ഭദ്രാസനത്തിൽ അദ്ദേഹത്തിന്റെ മേൽനോട്ടത്തിൽ വൈദികനായും പ്രവർത്തിച്ച ഫാ. കെ. ജി. അലക്സാണ്ടർ നിസ്തന്ദ്രമായ ശ്രമത്തിലൂടെയാണ് ഈ പുസ്തകം പ്രസിദ്ധീകരിക്കുന്നത്. ഇ. എം. എസ്. നമ്പൂതിരിപ്പാട് മുതൽ ദലൈ ലാമാ വരെ വിവിധ പ്രത്യയശാസ്ത്ര നിലപാടുകളും വ്യത്യസ്തമായ ആത്മീയ-ബൗദ്ധിക കാഴ്ചപ്പാടുകളുമുള്ള നിരവധി വ്യക്തികളാണ് അവരുടെ സാക്ഷ്യങ്ങളുമായി ഈ പുസ്തകത്തിൽ അണിനിരക്കുന്നത്. അത്ര സുസാധ്യമല്ലാത്ത ഈ യജ്ഞം നടത്തിയതിന്റെ പുറകിൽ അദ്ദേഹത്തിനു തന്റെ ഗുരുവിനോടുള്ള അചഞ്ചലമായ ഭക്തിയും ആദരവും ഉണ്ട്. താൻ അടുത്തറിഞ്ഞ മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ വിവിധ ജീവിതമാനങ്ങളെ ലോകത്തിനു മുമ്പിൽ അവതരിപ്പിക്കണം എന്നുള്ള അദമ്യമായ ആഗ്രഹവും പ്രതിജ്ഞാബദ്ധതയുമാണ് ഇക്കാര്യത്തിൽ അലക്സാണ്ടർ അച്ചന് പ്രത്യേക ശക്തിയായി തീർന്നത്. മാർ ഗ്രീഗോറിയോസ് തിരുമേനിയെക്കുറിച്ച് ധാരാളം എഴുതപ്പെട്ടിട്ടുള്ളതുകൊണ്ട് അതൊന്നും ഇവിടെ ആവർത്തിക്കേണ്ടതില്ലല്ലോ. എങ്കിലും ഒന്നു രണ്ടു വാക്കുകൾ സൂചിപ്പിക്കേണ്ടതുണ്ട്.

നാം ജീവിക്കുന്ന ഇന്നത്തെ ലോകത്തിന്റെ ഏറ്റവും വലിയ പ്രസിദ്ധിയും അതുപോലെ പ്രതിസന്ധിയും ഉടലെടുക്കുന്നത് അറിവ് (knowledge) എന്ന വാക്കിൽ നിന്നാണ് എന്നു പറയാം. എല്ലാ കാലത്തും പ്രതിഭാശാലികളായ മനുഷ്യർ അന്വേഷിച്ചതും കൈവശപ്പെടുത്താൻ ശ്രമിച്ചതും ഈ അറിവാണ്. എന്നാൽ ഇരുപതാം നൂറ്റാണ്ടിൽ ആരംഭിച്ച വൈജ്ഞാനിക വിസ്ഫോടനം ഒരേസമയം നമുക്ക് സന്തോഷവും വിസ്മയവും ആശങ്കയും ഉളവാക്കുന്നു. നിർമ്മിതബുദ്ധി എന്ന ആർട്ടിഫിഷൽ ഇന്റലിജൻസ്, സാധാരണ മനുഷ്യനെ സൂപ്പർമാനും അമർത്യനുമാക്കാൻ ശ്രമിക്കുന്ന Synthetic biology, Enhancement Technology, ക്വാണ്ടം കമ്പ്യൂട്ടിംഗ് എന്നിവ തുറക്കുന്ന പ്രപഞ്ചം നമ്മുടെ സാധാരണ യുക്തിയുടെ അതിരുകളെ അലിയിച്ചു കളയുന്നു. മനുഷ്യനെന്നാൽ എന്താണ് എന്ന ചോദ്യം വർദ്ധിതവീര്യത്തോടെ നാം ചോദിക്കാൻ തുടങ്ങിയിരിക്കുന്നു. Post Human Humanity അഥവാ മനുഷ്യാനന്തര മനുഷ്യൻ എന്ന ആശയം പ്രായോഗികതലത്തിലേക്കു നീങ്ങിക്കൊണ്ടിരിക്കുന്നു. ഇവിടെ അറിവിന്റെ വിമർശം അനുപേക്ഷണീയമായിത്തീരുന്നു. അറിവാണ് ശക്തി (Knowledge is power) എന്ന് 17-ാം നൂറ്റാണ്ടിൽ അടിവരയിട്ടു പറഞ്ഞ ചിന്തകനും ശാസ്ത്രീയ വീക്ഷണത്തിന്റെ തലതൊട്ടപ്പന്മാരിൽ ഒരാളുമായ ഫ്രാൻസിസ് ബേക്കൺ ഇന്ന് ഉണ്ടായിരുന്നെങ്കിൽ അദ്ദേഹം എന്തു പറയുമായിരുന്നു എന്ന് നമുക്ക് ഊഹിക്കാം. അറിവിനുണ്ടായ ഈ മൗലിക മാറ്റത്തെക്കുറിച്ച് പൗലോസ് മാർ ഗ്രീഗോറിയോസും ഉജ്ജ്വലമായ ഒരു ധൈഷണിക മൽപിടുത്തം നടത്തിയേനേ. യൂറോപ്പിലുണ്ടായ ജ്ഞാനോദയ പ്രസ്ഥാനത്തിന്റെ (Enlightenment) ചില അടിസ്ഥാന ധാരണകളെ അതിനിശിതമായി വിമർശിച്ച് തന്റെ നിലപാട് വ്യക്തമാക്കിയ മാർ ഗ്രീഗോറിയോസ് ആ കാലത്ത് പാശ്ചാത്യ പണ്ഡിതന്മാരിൽ പലരുടെയും വിമർശനത്തിനും അസൂയക്കും പാത്രമായി എങ്കിലും ഇപ്പോൾ ഉണ്ടായിരിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ മൂലം നിരവധി വൈജ്ഞാനികർ അദ്ദേഹത്തിന്റെ നിലപാടിനെ പിന്തുണയ്ക്കുന്നുണ്ട്. മനുഷ്യവിജ്ഞാനത്തിന്റെ അന്തസ്സത്ത ജീവന്റെ അതീന്ദ്രിയ മാനങ്ങളിലും പ്രപഞ്ചത്തിന്റെ അതിസൂക്ഷ്മതലങ്ങളിലും ജൈവപാരസ്പര്യങ്ങളിലും സമഗ്രമായ അഖണ്ഡതയിലുമാണ് അർത്ഥപൂർണ്ണമാകുന്നത് എന്ന് മാർ ഗ്രീഗോറിയോസ് ഊന്നിപ്പറഞ്ഞിരുന്നു. മാത്രമല്ല യൂറോപ്യൻ ജ്ഞാനോദയ പ്രസ്ഥാനത്തിനു ബദലായി ഒരു ഏഷ്യൻ/ഇന്ത്യൻ പ്രബുദ്ധത അദ്ദേഹം രൂപകല്പന ചെയ്യുന്നുണ്ട്. ഏഷ്യയുടെ ബൗദ്ധ പാരമ്പര്യത്തിലൂന്നിയ ഈ പുതിയ ഏഷ്യൻ Enlightenment ദർശനം നമ്മുടെ ഗൗരവപൂർവ്വമായ വിചിന്തനത്തിന് വിധേയമാക്കേണ്ടതാണ്.

ഭൗതികതയും അതി ഭൗതികതയും തമ്മിൽ ആധുനിക കാലത്ത് നാം ഉണ്ടാക്കിയ കനത്ത മതിലുകൾ ഭേദിച്ചെങ്കിൽ മാത്രമേ അറിവിന് അറിവുണ്ടാവുകയുള്ളൂ. മനുഷ്യവർഗ്ഗം ഒന്നാകെ ഒരു പുതിയ പ്രബുദ്ധതയുടെ പ്രകാശത്തിലേക്കു പ്രവേശിച്ചില്ലെങ്കിൽ നമ്മുടെ വിജ്ഞാനം മനുഷ്യന്റെയും ജൈവലോകത്തിന്റെയും അന്ത്യം കുറിക്കാൻ ഇടവരും. ഇപ്പോഴും നമ്മുടെ യൂണിവേഴ്സിറ്റികളും മറ്റും പുതിയ അറിവിന്റെ ഉൽപാദനം (production of new knowledge) എന്നാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. പക്ഷേ ജ്ഞാനോൽപാദനം പ്രകൃതിയെ ചൂഷണം ചെയ്യുന്ന വ്യവസായങ്ങളിലേക്കും മനുഷ്യവർഗ്ഗത്തെ മുച്ചൂടും മുടിക്കുവാൻ പര്യാപ്തമായ ആയുധവർഗ്ഗങ്ങളിലേക്കും നമ്മെ കൊണ്ടുപോകുന്നു എന്നതാണ് വാസ്തവം. രാഷ്ട്രീയ നേതൃത്വങ്ങളും അതിനോടു ചേർന്നുപോകുന്ന മത-സാംസ്കാരിക നേതൃനിരകളുമൊക്കെ അന്തിമമായി ഈ ആയുധവൽക്കരണത്തിന്റെയും വംശീയ വിദ്വേഷത്തിന്റെയും മതസ്പർദ്ധയുടെയും വിജയക്കൊടികൾ പാറിക്കാനാണ് ശ്രമിക്കുന്നത്. ഇപ്പോൾ നാം കാണുന്നതുപോലെ മഹത് ശക്തികളായ രാഷ്ട്രങ്ങളുടെ നേതാക്കൾ ഭ്രാന്തമായ ജല്പനങ്ങൾ നടത്തുകയും വിനാശത്തിന്റെ ഉത്തരവുകൾ പുറപ്പെടുവിക്കുകയും ചെയ്യുന്നു. ഇത് വളരെ നാടകീയമായിട്ടാണ് സംഭവിക്കുന്നത്. ജനാധിപത്യമെന്നും സംസ്കാരമെന്നും സാങ്കേതികവിദ്യയുടെ നേട്ടങ്ങളെന്നുമൊക്കെ നാം പറയുമ്പോൾ നമ്മുടെ അറിവ് അന്തിമമായി ഹൈജാക്ക് ചെയ്യപ്പെടുകയാണ്. ഇവിടെയാണ് അറിവിന്റെ സമൂലവിമർശനം ഇന്ന് അനുപേക്ഷണീയമായി തീരുന്നത്. ഒരറിവും അതിൽത്തന്നെ പൂർണ്ണമാകുന്നില്ല. അതിന്റെ അന്തിമ ലക്ഷ്യത്തിന്റെ അടിസ്ഥാനത്തിൽ വേണം അറിവിന്റെ അൽഗരിതങ്ങളെ നാം പുനർ വിചിന്തനം ചെയ്യേണ്ടത്.

പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ ഉള്ളിന്റെ ഉള്ളിൽ തീ പിടിച്ചു നിന്ന ഒരു ദൈവ - മനുഷ്യ ദർശനം ലോകത്തിൽ കുറേപ്പേർക്കെങ്കിലും മനസ്സിലായിട്ടുള്ളതുകൊണ്ടാണ് അദ്ദേഹത്തിന്റെ നാമവും ചിന്തയും രചനകളും വീണ്ടും വീണ്ടും അനുസ്മരിക്കപ്പെടുന്നതും ആലോചനാവിഷയം ആകുന്നതും. മനുഷ്യഭാവിയെക്കുറിച്ചുള്ള ഒരു വലിയ ദർശനത്തിന്റെ രൂപരേഖകൾ വരയ്ക്കാനാണ് തന്റെ രചനകളെ പ്രധാനമായും അദ്ദേഹം ഉപാധിയാക്കിയത്. ആ ദർശനത്തിന്റെ ചില മിന്നായങ്ങളിലേക്കു നമ്മെ നയിക്കാൻ ഈ പുസ്തകം പ്രേരകമാകട്ടെയെന്നു ആശംസിക്കാം. ഇതിനുവേണ്ടി കഠിനാദ്ധ്വാനം നടത്തിയ ഫാ. കെ. ജി. അലക്സാണ്ടർ ഒരു എളിയ ശിഷ്യന്റെ ഗുരുദക്ഷിണയാണ് ഇവിടെ നൽകുന്നത്. അദ്ദേഹത്തിന് എല്ലാ ഐശ്വര്യങ്ങളും നേരുന്നു.

❑

വേദപുസ്തകത്തിലെ സ്ത്രീ കഥാപാത്രങ്ങൾ

ബിഥ്യ

സിസ്റ്റർ മേരി OSM
(ബേത്‌ലഹേം ദയറ കിഴക്കമ്പലം)

ബൈബിൾ ചില വ്യക്തികളെ കുറിച്ച് വളരെക്കുറച്ചു വരികളിൽ മാത്രമേ പരാമർശിച്ചിട്ടുള്ളുവെങ്കിലും അവരുടെ ജീവിതം വിശ്വാസത്തിന്റെയും മാന വികതയുടെയും ശക്തമായ സന്ദേശങ്ങൾ നൽകുന്നവയായിരിക്കും. അത്തര ത്തിൽ പ്രാധാന്യമുള്ള ഒരു വ്യക്തിയാണ് ബിഥ്യ. അവളേക്കുറിച്ച് 1 ദിന വൃത്താന്തം 4:18-ൽ മാത്രമാണ് പരാമർശിച്ചിരിക്കുന്നത്. അവിടെ അവൾ മേരെ ദിന്റെ ഭാര്യ, ഫറവോന്റെ മകൾ, കൂടാതെ യെരേദ്, ഹേബർ, യെക്കൂഥീയേൽ എന്നീ പുത്രന്മാരുടെ അമ്മ എന്ന നിലയിലാണ് പ്രത്യക്ഷപ്പെടുന്നത്. പേരിന്റെ ഉത്ഭവവും പരമ്പരാഗത വ്യാഖ്യാനങ്ങളും കൂടി പരിശോധിക്കുമ്പോൾ, അവളുടെ വ്യക്തിത്വം സാധാരണയായ ഒരു സ്ത്രീയുടെ ജീവിതമല്ലെന്ന് മനസ്സിലാക്കാം. അവൾ സംസ്കാരപരമായി, മതപരമായി, രാഷ്ട്രീയപരമായി വളരെ ശക്തമായ ഒരു രാജ്യത്തിന്റെ രാജകുമാരിയായിരുന്നിട്ടും, ദൈവജനമായി പരിഗണിക്കപ്പെ ടുന്ന ഇസ്രായേൽ ജനതയെ സ്വീകരിക്കുകയും അവരുടെ ജീവിതത്തിൽ പങ്കാ ളിയാവുകയും ചെയ്തതാണ് ചരിത്രത്തിൽ ബിഥ്യയെ ശ്രദ്ധിക്കപ്പെട്ടവളാക്കു ന്നത്.

1. ബിഥ്യയുടെ പശ്ചാത്തലം

ബിഥ്യ ഒരു സാധാരണ സ്ത്രീയല്ലായിരുന്നു. അവൾ ഫറവോന്റെ മകളും, മിസ്രയീം രാജ്യത്തിന്റെ രാജകുമാരിയും ആയിരുന്നു. ഒരു രാജകുമാരിയായതി നാൽ, ആഡംബര ജീവിതം, സുരക്ഷ, സാമ്രാജ്യത്തിന്റെ മര്യാദകൾ എന്നിവ യെല്ലാം അവളുടെ നിത്യജീവിതത്തിന്റെ ഭാഗമായിരുന്നു. അവൾ രാജ്യത്തിന്റെ ശക്തിയെയും മഹത്വത്തെയും നേരിട്ട് അനുഭവിച്ച ഒരാളായിരുന്നു. എന്നാൽ ബൈബിളിലെ ലളിതമായ പരാമർശങ്ങൾ വഴി നമുക്ക് മനസ്സിലാക്കാൻ കഴി യുന്നത്, ഈ ലൗകിക മഹത്വങ്ങളിലും ആഡംബരങ്ങളിലും അവളുടെ ഹൃദയം പൂർണ്ണമായി തൃപ്തിപ്പെട്ടിരുന്നില്ല എന്നതാണ്. അവൾക്ക് നന്മയോടുള്ള ഒരു ആകർഷണവും മനുഷ്യരോടുള്ള കരുണയും ഉണ്ടായിരുന്നു.

മിസ്രയീം രാജവംശം, പ്രത്യേകിച്ച് ഫറവോന്മാർ,ഹീബ്രു ജനതയോട് കഠിന മായി പെരുമാറിയിരുന്ന ഒരു കാലഘട്ടത്തിലാണ് ബിഥ്യ ജീവിച്ചിരുന്നത്. ഇസ്രാ യേൽ മക്കൾ അടിമകളായിരുന്നു, അവരുടെ പുത്രന്മാരുടെ ജീവന് ഭീഷണിയു മുണ്ടായിരുന്നു. രാജകീയ കുടുംബത്തിൽ ജനിച്ചതിനാൽ, അധികാരം കൈവശം വയ്ക്കുന്നവരുടെ പക്ഷത്ത് നിൽക്കുക, അവരുടെ അതേ രാഷ്ട്രീയ നിലപാട് പിന്തുടരുക, ഇതൊക്കെ ബിഥ്യയ്ക്ക് സ്വാഭാവികമായൊരു തിരഞ്ഞെടുപ്പായി രുന്നു. എന്നാൽ പരമ്പരാഗത വ്യാഖ്യാനങ്ങൾ പറയുന്നത് അനുസരിച്ച്, അവളുടെ മനസ്സ് അത്തരത്തിൽ മാത്രം പ്രവർത്തിച്ചില്ല. അധികാരത്തിന്റെ സൗകര്യപ്രദമായ നിലപാടിനെ പിന്തുടരുന്നത് സ്വാഭാവികമായിരുന്നുവെങ്കിലും, മനുഷ്യർ അനുഭവിക്കുന്ന കഷ്ടപ്പാടുകളെ കാണാതെ പോകാൻ അവൾക്ക് കഴി ഞ്ഞില്ല. അവരുടെ വേദനകൾ അവളുടെ മനസിനെ സ്പർശിച്ചു, അതുകൊണ്ടു തന്നെ അവർ അനുഭവിക്കുന്ന അനീതിയെ അവൾ അവഗണിച്ചില്ല. ഈ പശ്ചാ ത്തലത്തിൽ, അവളുടെ കരുണയും ആത്മീയതയും മറ്റുള്ളവർക്കു വെളിച്ചമായി തെളിഞ്ഞു.

2. ബിഥ്യയുടെ വിവാഹവും കുടുംബജീവിതവും

ബിഥ്യ യെഹൂദാ ഗോത്രത്തിൽപ്പെട്ട മേരെദിന്റെ ഭാര്യയായിരുന്നു. ഇതിന്റെ അർത്ഥം ഒരു രാജകീയ മിസ്രയീം സ്ത്രീ ഒരു ഹീബ്രു പുരുഷനുമായി വിവാഹി തയായി. അതിലൂടെ അവൾ യഹൂദ്യ സമൂഹത്തിന്റെ ഭാഗമാവുകയായിരുന്നു. ഇതൊരു ചെറിയ തീരുമാനം അല്ല. സംസ്കാരം, ഭാഷ, മതം, ജീവിതരീതി എന്നിവ പൂർണ്ണമായും വ്യത്യസ്തമാണ്. എന്നാൽ ബിഥ്യ ഈ മാറ്റത്തെ ഭയ പ്പെട്ടില്ല; മറിച്ച് അവൾ പുതിയ സമൂഹത്തെ സ്വീകരിക്കുകയും അതിൽ ജീവിക്കു കയും ചെയ്തു.

അവൾക്ക് മൂന്ന് പുത്രന്മാർ ഉണ്ടായിരുന്നു യെരേദ്, ഹേബർ, യെക്കൂഥീയേൽ. ഇവർ യെഹൂദാ ഗോത്രത്തിലെ വിവിധ കുടുംബങ്ങളിൽ പ്രധാനപ്പെട്ടവരായി വളർന്നു. ഒരു വിദേശ രാജ്യത്ത് നിന്നുള്ള ഒരു രാജകുമാരി തന്റെ പുത്രന്മാരെ ഒരു പുതിയ വിശ്വാസത്തിൽ വളർത്തുകയും അവരുടെ ജീവിതം ആത്മീയമായി സ്വാധീനിക്കുകയും ചെയ്യുന്നത് വലിയ ഒരു ആത്മീയ മാറ്റത്തിന്റെ തെളിവാണ്. ഇതിലൂടെ ബിഥ്യയുടെ വിശ്വാസത്തിന്റെ ആഴവും ദൈവജനത്തിന്റെ ഭാഗമാവാ നുള്ള അവളുടെ താത്പര്യവും വ്യക്തമാണ്.

3. ബിഥ്യയുടെ സ്വഭാവസവിശേഷതകൾ

ബിഥ്യയെക്കുറിച്ച് ബൈബിളിൽ ഹൃസ്വ വാക്കുകളിൽ മാത്രമേ പരാമർശിക്കു ന്നുള്ളു. എങ്കിലും, അവളുടെ വ്യക്തിത്വം ആഴമുള്ളതും വ്യക്തതയുള്ളതുമാണ്.

ബിഥ്യ ഒരു രാജകുമാരിയായിരുന്നിട്ടും, അടിമകളോടും അന്യജനങ്ങളോടും കരുണ കാണിക്കുന്ന ഒരു മനസ്സായിരുന്നു അവൾക്കുള്ളത്. ഹീബ്രു പരമ്പരാ ഗത വ്യാഖ്യാനങ്ങളിൽ അവളെ മോശെയെ സംരക്ഷിച്ച രാജകുമാരിയെന്നും പറയുന്നു. ബൈബിളിൽ അത് ഉറപ്പായി പറയുന്നില്ലെങ്കിലും, അവളെക്കുറിച്ചുള്ള ആധ്യാത്മിക വിശകലനങ്ങളിൽ ഈ ചിന്ത വ്യാപകമാണ്. ഇത് അവളുടെ സ്വഭാവ സവിശേഷതകളുടെ പ്രതിഫലനമാണ്.

സ്വന്തം ദേശത്തിന്റെ സംസ്കാരവും ഭരണരീതിയും ഹീബ്രു ജനങ്ങളെ ദ്വേഷത്തോടെ സമീപിച്ചിരുന്ന കാലത്താണ് ബിഥ്യ ജീവിച്ചിരുന്നത്. സമൂഹം മുഴുവൻ അവർക്കെതിരെ നിലകൊണ്ടിരുന്നെങ്കിലും, ബിഥ്യ അതിന്റെ

പ്രവാഹത്തിൽ ഒഴുകിയില്ല. അവൾ തന്റെ ചുറ്റുപാടിലെ അന്യായവും വൈരാഗ്യവും മറികടന്ന്, സത്യം നീതി എന്നീ മൂല്യങ്ങളിലാണ് നിലനിന്നത്. മറ്റുള്ളവർ ഹീബ്രുക്കളെ നിരസിച്ചപ്പോഴും, അവൾ മനുഷ്യസ്നേഹത്തോടും നീതിബോധത്തോടും കൂടിയാണ് അവരെ സമീപിച്ചത്. അതുകൊണ്ട് തന്നെ, നിലവിലുള്ള സംസ്കാരത്തേയും രാജഭരണത്തിന്റെ അനീതിയെയും മറികടന്ന്, ബിഥ്യ തന്റെ വ്യക്തിഗത വിശ്വാസങ്ങളിൽ ഉറച്ച് നിന്ന് നീതിയുള്ള സ്ത്രീയായി ഉയർന്നു വന്നു. അവൾക്ക് ലഭിച്ചിരുന്ന രാജകീയ സ്വാതന്ത്ര്യവും അധികാരവും ഉപയോഗിച്ച് മറ്റുള്ളവരുടെ വേദനയോട് കണ്ണടയ്ക്കാമായിരുന്നു. പക്ഷേ അവൾ അതിന്റെ എതിർ ദിശയിലാണ് നീങ്ങിയത്. അവളുടെ നിശ്ചയദാർഢ്യം ദൈവം മനുഷ്യഹൃദയത്തിൽ സൃഷ്ടിക്കുന്ന നന്മയുടെ ഉദാഹരണമാണ്.

ബിഥ്യ യഹോവയുടെ ജനമായ യിസ്രായേൽമക്കളോട് ചേരാൻ തീരുമാനിച്ചത് തന്നെ ഒരു വലിയ വിശ്വാസപ്രഖ്യാപനം ആയിരുന്നു. അവൾ സ്വന്തം പാരമ്പര്യവും സംസ്കാരവും മാറ്റി ഒരു പുതിയ ആത്മീയ വഴിയിലേക്ക് കടന്നു. അവളുടെ പുത്രന്മാർ ദൈവജനമായി വളർന്നു, അവരുടെ പേരുകൾ ദൈവത്തിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടു. ഇതിലൂടെ ബിഥ്യയുടെ വിശ്വാസം വ്യക്തിപരമായ ഒരു അനുഭവം മാത്രമല്ലായിരുന്നു, അവൾ അത് കുടുംബത്തിനും പകർന്നു നൽകി.

മിസ്രയീം രാജകുമാരിയായിരുന്ന ബിഥ്യ ദൈവം തിരഞ്ഞെടുത്ത ഇസ്രായേൽ ജനത്തെ സ്വന്തം ജനമായി സ്വീകരിച്ചത് അത്യന്തം അപൂർവ്വവും ധീരവുമായ ഒരു പ്രവൃത്തിയായിരുന്നു. തന്റെ കാലഘട്ടത്തിലെ മത-സാംസ്കാരിക സാഹചര്യങ്ങളെ മറികടന്ന് അവൾ നടത്തിയ ഈ തീരുമാനം, അവളുടെ ആത്മീയതയുടെ ഉയർന്ന നിലയെയും സത്യത്തെ തിരിച്ചറിയാനുള്ള ഉൾബോധത്തെയും തെളിയിക്കുന്നു. ദൈവത്തിന്റെ ദാസന്മാരെ സ്വീകരിക്കുന്നവരെ ദൈവം തന്നെയാണ് ഏറ്റെടുക്കുന്നത്. ആവശ്യമുള്ളിടത്ത് നന്മ കാണിച്ച അവൾക്ക് ദൈവം പ്രത്യേക അനുഗ്രഹവും സംരക്ഷണവും മാന്യതയും ആത്മീയ പാരമ്പര്യവും നൽകി. മോശെയുടെ രക്ഷയിൽ നിർണായക പങ്ക് വഹിച്ചു എന്ന ഗൗരവമുള്ള സ്ഥാനം അവൾക്ക് ലഭിച്ചതും ഈ ദൈവാനുഗ്രഹത്തിന്റെ തെളിവാണ്. ഇങ്ങനെ ബിഥ്യയുടെ അനുഭവം നമ്മെ പഠിപ്പിക്കുന്നത്, ദൈവത്തിന്റെ ജനത്തോടുള്ള സ്നേഹവും സേവനവും ദൈവത്തോടുള്ള നന്മയായി തന്നെ കണക്കാക്കപ്പെടുന്നു; അത്തരം നന്മ കാണിക്കുന്നവർ ദൈവത്തിന്റെ പ്രത്യേക അനുഗ്രഹത്തിന്റെ ഉപഭോക്താക്കളാകുന്നു. അവളുടെ ഈ സ്വീകരണം ദൈവാനുഗ്രഹത്തിന്റെ ഭാഗമായിത്തീർന്നു, ചരിത്രത്തിൽ അവളെ വിശ്വാസവും ധൈര്യവും പ്രതിനിധീകരിക്കുന്ന ഒരാളായി നിലനിറുത്തി.

4. ബിഥ്യയുടെ ആത്മീയ പാഠങ്ങൾ

ബിഥ്യയുടെ ജീവിതം ഇന്ന് നമ്മെ പഠിപ്പിക്കുന്ന ചില ശാശ്വത പാഠങ്ങളുണ്ട്. ഒരു വിദേശ രാജകുമാരിയായിരുന്ന ബിഥ്യ, ദൈവജനത്തിന്റെ ചരിത്രത്തിൽ നിർണായക ഭാഗമാകുന്നു. ദൈവം ഏതൊരാളെയും, ഏത് പശ്ചാത്തലത്തിൽ നിന്നുള്ളവരെയും തന്റെ പദ്ധതികൾക്കായി ഉപയോഗിക്കുമെന്ന സത്യം ബിഥ്യയുടെ ജീവിതത്തിലൂടെ തെളിയുന്നു.

ദൈവത്തിന്റെ വിളിക്ക് മറുപടി പറഞ്ഞവരുടെ ജീവിതം മാറും. ബിഥ്യ തന്റെ വിശ്വാസത്തിനുവേണ്ടി രാജകുമാരിയുടെ സ്ഥാനവും പരിചിതമായ ജീവിത രീതിയും ഉപേക്ഷിച്ചു. വിശ്വാസം മനുഷ്യനെ എത്ര വലിയ മാറ്റങ്ങൾക്ക് പ്രേരിപ്പിക്കുമെന്നതിന് അവൾ ഉദാഹരണമാണ്.

ബിഥ്യയുടെ ജീവിതത്തിൽ ദൈവാനുഗ്രഹം നിറഞ്ഞു വന്നത് അവളുടെ ഹൃദയത്തിലെ കരുണ മൂലമാണ്. മറ്റുള്ളവരുടെ വേദനയെ അവൾ സ്വന്തം വേദനയായി കണ്ടു. അവർ അനുഭവിക്കുന്ന യാതനകളും ബുദ്ധിമുട്ടുകളും ഹൃദയത്തിൽ ഏറ്റുവാങ്ങി. പക്ഷേ അത് കാണുന്നതിൽ മാത്രം അവൾ നിന്നില്ല; സഹായിക്കാനുള്ള തീരുമാനം അവളെ ആത്മീയമായി ഉയർത്തി. കാരുണ്യ പ്രവർത്തനമായി മാറുമ്പോഴാണ് അത് യഥാർത്ഥ ആത്മീയതയുടെ അടിസ്ഥാനമായി നിലകൊള്ളുന്നത്. മറ്റുള്ളവരുടെ വേദന മനസിലാക്കി, അതിനെ തന്നാലാകുംവിധം കുറയ്ക്കാൻ തയ്യാറാകുന്നത് മനുഷ്യന്റെ ഉള്ളിലെ ദൈവസാന്നിധ്യത്തെ തെളിയിക്കുന്നുണ്ട്. ബിഥ്യയുടെ ഈ മനോഭാവമാണ് അവളുടെ ജീവിതത്തെ ദൈവത്തിന്റെ പ്രത്യേക അനുഗ്രഹത്തിലേക്കു നയിച്ചത്.

ബിഥ്യയുടെ പുത്രന്മാർ യഹൂദാ ഗോത്രത്തിലെ പ്രധാനപ്പെട്ട വ്യക്തികളായിരുന്നു. വിശ്വാസം മാതാപിതാക്കൾ നൽകുന്ന ഏറ്റവും വലിയ പൈതൃകമാണ്. ബിഥ്യ അതിന്റെ നല്ല ഉദാഹരണമാണ്.

ബൈബിളിൽ വളരെ കുറച്ചു വരികളിൽ മാത്രം പ്രത്യക്ഷപ്പെട്ടിട്ടും, ബിഥ്യയുടെ ജീവിതം ആഴമുള്ള ആത്മീയ പാഠങ്ങളും മനുഷ്യനന്മയുടെ തെളിവുകളുമാണ്. അവൾ ശക്തിയും ആഡംബരവുമുള്ള ഒരു രാജകുമാരിയായിരുന്നു; എങ്കിലും അവളുടെ ഹൃദയം കരുണയിലും നീതിയിലും നന്മയിലുമായിരുന്നു. അവൾ തന്റെ ജനത്തിന്റെ പാരമ്പര്യം വിട്ട് ദൈവജനത്തിന്റെ ഭാഗമാകാൻ തീരുമാനിക്കുകയും അവരുടെ വിശ്വാസത്തിൽ കുടുംബത്തെ വളർത്തുകയും ചെയ്തു. ദൈവം സത്യം അന്വേഷിക്കുന്നവരെയും കരുണ പ്രയോഗിക്കുന്നവരെയും അവരുടെ പശ്ചാത്തലമെന്തായാലും ഉയർത്തിപ്പിടിക്കും എന്ന് അവളുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു.

അപേക്ഷ ക്ഷണിച്ചു

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ കോട്ടയം,നാഗ്പൂർ വൈദിക സെമിനാരിയിലേക്കുള്ള പ്രവേശനപരീക്ഷയ്ക്ക് അപേക്ഷ ക്ഷണിച്ചു. ബിരുദധാരികൾക്ക് അപേക്ഷിക്കാം. സെമിനാരി വെബ്സൈറ്റിൽ നിന്ന് അപേക്ഷാ ഫോം ഡൗൺലോഡ് ചെയ്യാം. അവസാനതീയതി 2025 ഡിസംബർ 31.

അയക്കേണ്ട വിലാസം: പ്രിൻസിപ്പൽ, ഓർത്തഡോക്സ് തീയോജിക്കൽ സെമിനാരി, പി ബി നമ്പർ 98, കോട്ടയം-686001

www.ots.edu.in, admin@ots.edu.in

ബാംഗ്ലൂർ ക്രൈസ്റ്റ് യൂണിവേഴ്സിറ്റിയിൽ നിന്നും മാനേജ്മെന്റിൽ അനീറ്റ എൽസ സൈമണ് ഡോക്ടറേറ്റ് ലഭിച്ചു. ദുബായ് സെന്റ് തോമസ് കത്തീഡ്രൽ ഇടവകാംഗമായ ചാമക്കാലായിൽ സൈമൺ ഡാനിയേലിന്റെയും ബിന്ദു സൈമന്റെയും മകളാണ്. ഡോ. ഏബൽ എബ്രഹാം തോമസാണ് ഭർത്താവ്. പാലിയേക്കര സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി ആണ് മാതൃഇടവക.

Malankara Orthodox Syrian Church Delegation With His All Holiness Bartholomew, Ecumenical Patriarch of Constantinople.

Ecumenical Heads of Churches and Ministers meeting with His Holiness Baselios Marthoma Mathews III during his episcopal visit to Sydney.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

വചനതീർത്ഥം

യോഹന്നാൻ സ്നാപകന്റെ ജനനം

(ലൂക്കോസ് 1:57-80)

ഫാ. ബ്രിൻസ് അലക്സ് മാത്യൂസ്
(ഓർത്തഡോക്സ് സെമിനാരി, കോട്ടയം)

"അവൻ ജ്വലിച്ചു പ്രകാശിക്കുന്ന വിളക്കായിരുന്നു" എന്നാണ് യേശു ക്രിസ്തു യോഹന്നാൻ സ്നാപകനെ കുറിച്ച് പറയുന്നത് (യോഹ. 5:35). മനുഷ്യാവതാരത്തിന് മുൻ കുറിയായ യോഹന്നാൻ മാംദാനയുടെ ജനനം രക്ഷാ ചരിത്രത്തിൽ ഏറെ പ്രാധാന്യം അർഹിക്കുന്നു.

കാത്തിരിപ്പിന്റെ പൂർണ്ണതയിൽ അനുഭവിക്കുന്ന ദൈവ കരുണ

"എലീശബെത്തിന്നു പ്രസവിപ്പാനുള്ള കാലം തികഞ്ഞപ്പോൾ അവൾ ഒരു മകനെ പ്രസവിച്ചു; കർത്താവു അവൾക്കു വലിയ കരുണ കാണിച്ചു എന്നു അയൽക്കാരും ചാർച്ചക്കാരും കേട്ടിട്ടു അവളോടുകൂടെ സന്തോഷിച്ചു."

ഓരോ ശിശുവിന്റെയും ജനനം അമ്മയുടെ പത്ത് മാസത്തെ കാത്തിരിപ്പിന്റെ ഫലമാണ്. അപ്പന്മാരുടെ ആകാംക്ഷക്ക് അപ്പുറം അമ്മ കടന്ന് പോകുന്നത് വേറിട്ട ഗർഭകാല അനുഭവങ്ങളിലൂടെ ആണ്. എന്നാൽ ഇവിടെ അമ്മയോടോപ്പം ഒരു അപ്പനും പത്തു മാസം കാത്തിരുന്ന ജനനം ആണ് യോഹന്നാന്റെ ജനനം. സഖറിയാ പുരോഹിതൻ സംശയത്തോടെ സ്വീകരിച്ച നിയോഗം എന്താകും എന്ന കാത്തിരിപ്പിന്റെ ഫലം ആണ് യോഹന്നാൻ സ്നാപകൻ.

ഒരു ആയുസ്സ് മുഴുവൻ പരിഹാസത്തിലും നിന്ദയിലും ജീവിതം തള്ളി നീക്കിയ കുടുംബമായിരുന്നു അത്. ആ അവസ്ഥകളുടെ അവസാനത്തിനായുള്ള കാത്തിരിപ്പാണ് യോഹന്നാൻ. കഴിഞ്ഞ പത്ത് മാസങ്ങളായി തങ്ങളുടെ ജീവിതത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന അതിശയങ്ങളുടെ പൂർണ്ണതയാണ് യോഹന്നാൻ. സഖറിയാവിന്റെ മൌനത്തിന്റെ പരിഹാരമാണ് യോഹന്നാൻ. എല്ലാറ്റിനും ഉപരി നൂറ്റാണ്ടുകളായി ഒരു ജനത കാത്തിരിക്കുന്ന മശിഹായുടെ ആഗമനത്തിന്റെ സൂചനയാണ് യോഹന്നാൻ.

നീതിയുള്ളവരും കർത്താവിന്റെ സകല കല്പനകളിലും ന്യായങ്ങളിലും കുറ്റമില്ലാത്തവരായി നടന്നവരും എന്നത് ആയിരുന്നു ഈ കാത്തിരിപ്പിന്റെ നാളുകളിൽ ആ കുടുംബം പ്രകടിപ്പിച്ച ഭാവം. കാത്തിരിപ്പിന്റെ പൂർണ്ണതയിൽ അനുഭവിക്കുന്നതാണ് ദൈവ കരുണ എന്ന് അവിടെ കൂടി വന്ന ജനവും ആ കുടുംബവും തിരിച്ചറിയുകയാണ്.

തങ്ങളുടേത് അല്ല എന്ന തിരിച്ചറിവിന്റെ പ്രഖാപനം

പുതുതായി ജനിക്കുന്ന ആൺകുട്ടിക്ക് എട്ടാം നാൾ നടത്തുന്ന പരിച്ഛേദനയും പേരിടീലും യഹൂദന് പ്രധാനമാണ്. സുപ്രധാനമായ ഈ ചടങ്ങിൽ അയൽക്കാരും ചർച്ചക്കാരും എല്ലാം പങ്കുചേരും. പഴയ നിയമപാരമ്പര്യത്തിലും പേരിടിൽ സുപ്രധാനമാണ്. സൃഷ്ടികർത്താവ് സൃഷ്ടി നടത്തിയ ശേഷം പേരിടീലിന്റെ അധികാരം ആദമിന് നൽകുന്നുണ്ട്. പേരിടീൽ കൊണ്ട് ഉദ്ദേശിക്കുന്നത് വ്യക്തികളെയും വസ്തുക്കളെയും തിരിച്ചറിയുക എന്നത് മാത്രമല്ല പിന്നെയോ തങ്ങളാണ് അധികാരി എന്ന ഒരു പ്രഖ്യാപനവും കൂടിയാണത്. നാമകരണം അധികാരത്തിന്റെ ഒരു പ്രവൃത്തിയായിരുന്നു,

സക്കറിയാവിന് ജനിച്ച പൈതലിന് സക്കറിയാവ് എന്ന പേരിടുക എന്നതായിരുന്നു നാട്ടുനടപ്പ്. ഈ പൈതൽ തങ്ങളുടെ കുടുംബത്തിന് ഭാഗമാണ് എന്ന പ്രഖ്യാപനവും കൂടെയാണത്. എന്നാൽ പൈതലിന് 'യോഹന്നാൻ' എന്നാണ് പേരിടേണ്ടത് എന്ന് ആ മാതാപിതാക്കൾ ഏക മനസ്സോടെ തീരുമാനിക്കുമ്പോൾ തങ്ങൾക്ക് ദാനമായി ലഭിച്ച ഈ പൈതൽ തങ്ങളുടേതല്ല എന്ന് ഉറച്ച പ്രഖ്യാപനമാണ് അത്. തങ്ങളുടെ ജീവിതത്തിൽ സംഭവിക്കുന്നത് ദൈവപദ്ധതികളാണ് എന്ന ഒരു ബോധ്യവുമാണത്.

അത് കൊണ്ടാവണം സഖര്യാവ് "നീയോ പൈതലേ, അത്യുന്നതന്റെ പ്രവാചകൻ എന്ന വിളിക്കപ്പെടും" എന്ന് വിളിച്ച് പറയുന്നത്. അധികാരികൾ

അല്ല പിന്നെയോ ഈ പൈതലിന്റെ ജീവിതത്തിലെ ദൗത്യ നിർവഹണത്തിൽ മുഖാന്തരങ്ങൾ മാത്രമാണ് തങ്ങൾ എന്ന് ഈ മാതാപിതാക്കൾ തിരിച്ചറിയുന്നുണ്ട്. കർത്താവിന്റെ വഴിയൊരുക്കുവാനും ജനത്തിന് പാപമോചനത്തിൽ രക്ഷാപരിജ്ഞാനം കൊടുക്കുവാനും ആണ് ഈ പൈതൽ വന്നിരിക്കുന്നത് എന്ന സക്കറിയയുടെ സാക്ഷ്യം ഇതിന് അടിവരയിടുന്നു.

ബന്ധനങ്ങളിൽ നിന്നുള്ള വിമോചനത്തിന്റെ സന്തോഷം

ഒരു പൊതുയുഗത്തിന്റെ പിറവിയാണ് യോഹന്നാന്റെ ജനനത്തോടെ ആരംഭിക്കുന്നത്. മലാഖി പ്രവാചകൻ പ്രവചിക്കുന്ന "ഏലിയാവിന്റെ ആത്മാവോടുകൂടി" വന്നവനാണ് യോഹന്നാൻ (മലാഖി 4:5). ഏലിയാവ് വന്നു കഴിഞ്ഞുവെന്ന് യേശുക്രിസ്തു തന്നെ പിന്നീട് യോഹന്നാൻ സ്നാപകനെ കുറിച്ച് സാക്ഷിക്കുന്നുണ്ട് (മത്തായി 17:12).

യിസ്രായേൽ ജനം ആണ്ടു കിടക്കുന്ന സർവ്വ വിധ ബന്ധനങ്ങളിൽ നിന്നുമുള്ള മോചനത്തിന് തുടക്കമായി എന്ന പ്രഖ്യാപനമാണ് യോഹന്നാൻ സ്നാപകന്റെ ജനനം. മുന്നോടി ആഗതനായെങ്കിൽ രക്ഷകൻ പിന്നാലെ എത്തും എന്ന ആഹ്ലാദം സഖറിയാവിന്റെ പാട്ടിൽ വ്യക്തമാണ്. തൻറെ നാവിന്റെ കെട്ടഴിഞ്ഞു എന്ന സന്തോഷമോ, തങ്ങൾക്ക് ഒരു മകൻ ജനിച്ചുവെന്ന അമിതാ ആഹ്ലാദമോ അല്ല മറിച്ച് നമ്മുടെ കുലത്തെ വിമോചിപ്പിക്കുവാൻ രക്ഷയുടെ കൊമ്പ് ഉയരുന്നു എന്ന ഘോഷമാണ് ആ പാട്ട്. നാലുതരം ആരവങ്ങൾ ആ പാട്ടിൽ വ്യക്തമാണ് 1) സ്തോത്രാർപ്പണത്തിന്റെ ആരവം(1:6870) 2) വിമോചനത്തിന്റെ ആരവം (1:7175) 3) പ്രവാചകത്വത്തിന്റെ ആരവം (1:7677) 4) മശിഹൈക രക്ഷയെ ചൊല്ലിയുള്ള ആരവം (1:7879). ❑

◆ നിത്യവും ദൈവപ്രാർത്ഥന ചെയ്യുന്നവൻ ഒരിക്കലും അസത്യവാനോ ദുർമ്മാർഗ്ഗിയോ, അവിശ്വാസിയോ, ഭക്തിഹീനനോ, ജനദ്വേഷിയോ, സ്വാമിദ്രോഹിയോ ആയിത്തീരുന്നതല്ല.

– പ. പരുമല തിരുമേനി

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Church Calendar

The Prophet of Truth

(Birth of John the Baptist Luke 1:57-80)



Philipose Ramban
(Jyothis Ashram, Abu Road, Rajasthan)

The Holy Gospel portion is from Luke 1:57-80. Today, the Church celebrates the birth of John the Baptist, who came as the forerunner of our Lord. John was born as part of the fulfilment of God's promise.

"As an answer to your prayer, your wife Elizabeth will bear you a son, and you shall name him John. He will be great in the sight of the Lord. He will go before him in the spirit and power of Elijah to prepare a people ready for the Lord."

Parents Who are Obedient to God's Will

Diverging from the Jewish naming custom, the naming of the son of the couple Zechariah and Elizabeth as 'John' astonished all the neighbours and relatives who had gathered for the ceremony. The birth of John is an act of God's great mercy. The name 'John' means "God has been gracious." This act of God's mercy brought joy to many. The angel's prophecy that many would rejoice at John's birth was fulfilled (Luke 1:14).

In the naming, both Elizabeth and Zechariah broke from Jewish custom. Instead of yielding to the persuasion of those gathered for the naming, they obeyed God's command (Luke 1:13). Because he obeyed God, Zechariah's tongue was loosed. When God's word was fulfilled, Zechariah's temporary muteness was removed. In this, too, the Lord's word was fulfilled. Believe that the Lord is one who fulfils His promises.

According to Jewish law, a male child must be circumcised and named on the eighth day after his birth. The law regarding circumcision can be found in Genesis 17:12. Although there was no specific law regarding naming, it was part of the tradition for both to happen together. The common custom for naming was to give the son the father's name. Accordingly, when they prepared to give him the name Zechariah, Elizabeth said that his name must be "John." Elizabeth knew the instruction the angel had given Zechariah in the vision. When they remarked that no one in their family had this name, they asked for Zechariah's wish. Zechariah wrote, "His name is John." At that very moment, Zechariah began to speak.

Whatever anxieties and obstacles we may face in our lives, let us believe that nothing happens without His knowledge. Let us live in obedience to God's will. Often, we are tempted to yield to the persuasion of others or to make decisions based on majority opinion. We must learn not to act according to the majority opinion or the insistence of others, but to understand God's will and order our lives accordingly. Here, the mother and father agree on the name for the son they received as a gift from God. This means the parents have the same vision for their son's future mission. When parents think and guide their children in the same way, that house becomes a blessed home. Moreover, this was a home that lived in obedience to God's will.

Let us submit to God's will. Let us raise our children to be obedient to God's will.

Parents Who Share Their Joy with Others

"When her neighbours and relatives heard that the Lord had shown her great mercy, they rejoiced with her" (Luke 1:58).

The neighbours and relatives shared in the powerful divine presence that was evident in the lives of this couple, who had walked blamelessly in all of God's commandments. God is able to transform "the barren one into a happy mother through children." Those who once mocked her now recognized God's grace and glorified Him. They shared the joy and blessings they experienced with others. These parents were people who led a blessed social life.

Are we able today to have our neighbours and relatives rejoice with us in our joy, and for us to rejoice with them in theirs? The current situation is one where neighbours and relatives are becoming alienated, as modern life conveniences allow people to find happiness and entertainment within their own homes. When we give them a place in our lives, we too will have a place in theirs. Only those with a spirit of mutual cooperation and sharing can maintain this mutual bond.

Zechariah and Elizabeth were people who maintained a good relationship with their relatives and neighbours. That is why the joy in this family became a source of joy for everyone. May we too be able to share in the joys and sorrows of others.

Parents Who Had Clarity About Their Son's Future

"All who heard it kept it in their hearts, saying, 'What will this child

become?' For the hand of the Lord was with him" (Luke 1:66). The events surrounding John's birth and naming filled everyone with fear. A thought arose in everyone: "Who will this child become?" John's father, Zechariah, himself gives a clear answer to this: "And you, child, will be called the prophet of the Most High. You will go before the Lord to prepare His way and to give His people the knowledge of salvation through the forgiveness of their sins, by the tender mercy of our God." Zechariah clearly understood what God's plan was for his son.

The birth of a child is in itself a wondrous reality. Even if there are no miracles like those that happened at the time of John's birth, every child is a mysterious treasure chest of immense possibilities. When we remember that the words, glances, and even the thoughts of adults who are near a child are factors that influence their development, we must understand how carefully each child needs to be raised.

The Church observes the Sunday of the Birth of St. John the Baptist as Children's Day. We pray that today's children may be able to grow under the shadow of God's grace from birth and through the various stages of development. Parents must pay attention to their children's physical and spiritual growth right from the beginning. Children who are raised with such care are the ones who become the promises of the future. To raise them with such care, an unseen care and protection from God is necessary.

In today's Old Testament reading, we read about two children who received God's unseen care and protection. We read that God protected Ishmael, the son of Hagar, from the harsh thirst of the desert (Genesis 21:1–21) and Moses from the waters of the Nile River (Exodus 2:1–10).

John the Baptist also lived as a preacher of truth because the hand of the Lord was with him. He was filled with the Holy Spirit from his mother's womb. He walked in the power and spirit of the prophet Elijah to sow the gospel of salvation in the hearts of the people, to preach the baptism of repentance, and to promise the forgiveness of sins.

Let us pray, as we read in today's Sedra: "According to Your true word, turn us from evil and make us prophets of truth, that we may bring forth fruit worthy of repentance."

❑

ഫാ. സജി താന്നിമൂട്ടിൽ അന്തരിച്ചു



മുംബൈ ഭദ്രാസനത്തിലെ സീനിയർ വൈദികനായിരുന്ന ഫാ. സജി താന്നിമൂട്ടിൽ (60) അന്തരിച്ചു. മലങ്കരസഭാ മുൻ മാനേജിംഗ് കമ്മിറ്റി അംഗമാണ്. മുംബൈ ഉല്ലാസ് നഗർ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി വികാരിയായിരുന്നു.

ഭൗതിക ശരീരം വെള്ളിയാഴ്ച രാവിലെ 7-ന് മുംബൈ വാഷി അരമനയിൽ കൊണ്ടുവരുകയും പ്രാർത്ഥനകൾക്ക് ശേഷം നാട്ടിലേക്ക് കൊണ്ടുപോകുകയും ചെയ്യും. സംസ്കാര ശുശ്രൂഷ തിങ്കളാഴ്ച മാത്യ ഇടവകയായ റാന്നി പെരുനാട് ബഥനി ഓർത്തഡോക്സ് പള്ളിയിൽ നടത്തപ്പെടും. ഭാര്യ: ബെറ്റ്സി. മക്കൾ: ഫാ. റൂബൻ മാത്യു, റബേക്ക ജോയൽ. മരുമക്കൾ: ഡോ. കെസിയ റൂബൻ, ജോയൽ.

സജി അച്ചൻ വിട പറയുമ്പോൾ....

എന്റെ സതീർഥ്യനും ബാല്യകാലസഖിയും സഹചാരിയുമായിരുന്ന റാന്നി പെരുന്നാട് താന്നിമൂട്ടിൽ സജി മാത്യൂസ് അച്ചന്റെ അപ്രതീക്ഷിത വിയോഗ വാർത്ത വലിയ ഹൃദയഭാരത്തോടെയാണ് കേട്ടത്. 10 ദിവസം മുമ്പ് ഒരു വിവാഹ ചടങ്ങിൽ പങ്കെടുത്ത ശേഷം വീട്ടിലേക്ക് മടങ്ങവേ, വാഹനാപകടത്തിൽ ഗുരുതരമായി പരിക്കേറ്റ അച്ചനെ ബോംബെ ഫോർട്ടിസ് ഹോസ്പിറ്റലിൽ പ്രവേശിപ്പിച്ചിരിക്കുകയായിരുന്നു. വെന്റിലേറ്റർ സഹായത്തോടെ ചികിത്സകൾ തുടർന്നെങ്കിലും ഇന്നലെ രാവിലെ അഞ്ചരയോടെ നമ്മോടു വിട പറഞ്ഞിരിക്കുന്നു. വന്ദ്യ അച്ചന്റെ നിര്യാണത്തോടെ എനിക്ക് നഷ്ടമായത് എന്റെ ബാല്യകാല സുഹൃത്തിനെയും, ഒരു സഹോദരനെയും ആണ്. കൃത്യം 60 വയസ്സ് പൂർത്തിയാക്കി, തന്റെ വേല തികച്ചു അച്ചൻ ദൈവസന്നിധിയിലേക്ക് മടങ്ങിയിരിക്കുന്നു. ബോംബെയിൽ ആയിരുന്നതിനാൽ അദ്ദേഹത്തെ ജീവനോടെ ഒന്നു പോയി കാണാൻ സാധിച്ചില്ല എന്ന സങ്കടം ബാക്കിനിൽക്കുന്നു.

1970-കളിൽ റാന്നി പെരുനാട് ബഥനി പള്ളിയിലെ മദ്ബഹ ശുശ്രൂഷകരായിരുന്നു ഞങ്ങൾ ഇരുവരും. സജി അച്ചനും, പുതുക്കടയിലെ മാത്യൂസ് ജോണും (മോൻ) ഞാനുമായിരുന്നു അക്കാലങ്ങളിൽ ബഥനി പള്ളി മദ്ബഹയിലെ സ്ഥിര സാന്നിധ്യം. ഒരേ സമയം മദ്ബഹായിൽ പ്രവേശിച്ചവർ, ഒരേ സ്കൂളിൽ പഠിച്ചവർ, സെമിനാരിയിൽ ഒരേ കാലഘട്ടത്തിൽ അഭ്യസനം നേടിയവർ, ആത്മാർത്ഥ സുഹൃത്തുക്കൾ, അയൽവാസികൾ എന്നീ വിവിധതരത്തിലാണ് ഞങ്ങൾ തമ്മിലുള്ള ബന്ധം. സെമിനാരി വിദ്യാഭ്യാസത്തെ തുടർന്ന് അച്ചൻ ബോംബെയിലേക്കും ഞാൻ ഡൽഹിയിലേക്കും ശുശ്രൂഷയ്ക്കായി പോവുകയായിരുന്നു. രണ്ട് സ്ഥലങ്ങളിൽ ആയിരുന്നെങ്കിലും ഞങ്ങളുടെ സൗഹൃദത്തിന് ഒരു മങ്ങലും ഏറ്റിരുന്നില്ല.

സ്കൂൾ പഠനകാലത്ത് എല്ലാ അവധി വേളകളിലും ഞങ്ങൾ മൂവരും ഒരുമിച്ച് ബഥനി ആശ്രമത്തിൽ ആഴ്ചകളോളം താമസിക്കുമായിരുന്നു. വൈദിക ജീവിതത്തിനുള്ള ഫോർമേഷൻ ഇക്കാലങ്ങളിലാണ് ഉണ്ടായത്. സൺഡേസ്കൂൾ മത്സരങ്ങളിൽ പ്രസംഗത്തിന് ഞാനും അച്ചനും തമ്മിൽ മത്സരിച്ചിരുന്നു. ഞാൻ ശുശ്രൂഷിച്ച മിക്ക ഇടവകകളിലും അച്ചൻ സന്ദർശിച്ചിരുന്നു, മറിച്ചും. 1997-ൽ ഹൃദയത്തിനു ഒരു മേജർ ശസ്ത്രക്രിയ നടത്തിയിരുന്നെങ്കിലും അദ്ഭുതകരമായി അദ്ദേഹം രക്ഷപ്പെട്ടു. പിന്നീട് 28 വർഷത്തിലധികം ഔഷധങ്ങളുടെ പിൻബലത്തോടെ അദ്ദേഹം ജീവിച്ചു. ഹൃദയസംബന്ധമായ പ്രയാസങ്ങൾ ഉണ്ടായിരുന്നു എങ്കിലും ഒരു അപകടത്തെ തുടർന്നാണ് മരണദൂതൻ വന്നെത്തിയത് എന്നോർക്കുമ്പോൾ ദൈവ ഇഷ്ടം എന്നല്ലാതെ എന്തു പറയാൻ?

വിദ്യാർത്ഥിപ്രസ്ഥാനത്തിലും, മലങ്കര സഭയുടെ ബോംബെ ഭദ്രാസനത്തിലുമായി ഏതാണ്ട് 34 വർഷങ്ങൾ സ്തുത്യർഹമായി പ്രവർത്തിച്ച ശേഷമാണ് അച്ചൻ വിടവാങ്ങുന്നത്. അച്ചന്റെ വിയോഗം വ്യക്തിപരമായി എനിക്ക് പരിഹരിക്കാൻ ആവാത്ത ഒരു നഷ്ടമാണ്. സഹോദരാ, സമാധാനത്തോടെ പോയാലും. അശ്രുപൂജകളോടെ, നിറഞ്ഞ പ്രത്യാശയോടെ

- ഫാ. പി. എ. ഫിലിപ്പ്

സിക്കന്ദരാബാദ് സെന്റ് ആൻഡ്രൂസ് പള്ളി പ്ലാറ്റിനം ജൂബിലിക്ക് തുടക്കം

സിക്കന്ദരാബാദ്: സിക്കന്ദരാബാദ് സെന്റ് ആൻഡ്രൂസ് ഓർത്തഡോക്സ് വലിയ പള്ളി പ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾക്കു തുടക്കം. 1951-ൽ ആണ് ഇടവക സ്ഥാപിക്കപ്പെട്ടത്. ബാംഗ്ലൂർ ഭദ്രാസനത്തിനു കീഴിലാണു പള്ളി.

ഒരു വർഷം നീണ്ടുനിൽക്കുന്ന 75-ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി മെഡിക്കൽ - രക്ത ദാന ക്യാംപുകൾ, യുവജന കായികമേള, സംഗീതസന്ധ്യ എന്നിവ സംഘടിപ്പിക്കുമെന്നും ഒട്ടേറെ ജീവകാരുണ്യ പദ്ധതികൾ നടപ്പാക്കുമെന്നും വികാരി ഫാ. ബിനോ സാമുവൽ പറഞ്ഞു.

മറുപുറം

മരുഭൂമിയിലെ ആടുകൾ

ഫാ. അജീഷ് ബാബു

സ്നേഹത്തെയും സൗഹൃദത്തെയും ചിലപ്പോഴൊക്കെ രഹസ്യപൂർവ്വം മൂടിവെക്കുന്ന ഒരു പുതപ്പ് വേദപുസ്തകത്തിൽ ഉണ്ട്. ചില ആളുകളുടെ നിശബ്ദതകൾ, നിലവിളികൾ, വാചാലതകൾ എല്ലാം ആ പുതപ്പുകൊണ്ട് മൂടപ്പെട്ടിരിക്കും. ആവർത്തിച്ചുള്ള വായനകളിൽ വചനത്തിലെ വാക്കുകൾ അനുഭവത്തോട് ചേർത്തു വെക്കുമ്പോൾ രഹസ്യത്തിന്റെ പുതപ്പുകൾ തനിയെ തുറക്കും, അതും വ്യക്തിപരമായി.

കൂട്ടത്തിൽ നിന്ന് വ്യക്തിപരമായി അന്വേഷിക്കുന്ന ആടിന്റെ ജീവിതം എത്ര സുന്ദരമാണ്. നഷ്ടപ്പെട്ട ആ ഒരു ആടിനെ അന്വേഷിച്ച് ഇടയൻ ഏറെ ദൂരം നടന്നു കഴിഞ്ഞു. നഷ്ടമായ ആടിലേക്ക് അടുക്കുമ്പോൾ 99 മായുള്ള ദൂരം അല്പം കൂടിയിട്ടുണ്ട്. കാണാത്ത ആടിനെ നോക്കിക്കൊണ്ട് അകലങ്ങളിലേക്ക് നടന്നു നീങ്ങുന്ന ഇടയൻ, 99 ആടുകളും ഇടയൻ വരുന്നത് വരെ പാലിക്കുന്ന ഒരു നിശബ്ദതയുണ്ട്. തങ്ങളുടെ ചങ്ങാതി തിരികെ വരുന്നതുവരെ ഒരുപക്ഷേ ആ ചങ്ങാതിക്ക് വേണ്ടി ഏറ്റെടുക്കുന്ന നിശബ്ദതയാണ്. അതും അല്ലെങ്കിൽ ഇടയൻ തങ്ങളുടെ കണ്ണുകളിൽ നിന്ന് അപ്രത്യക്ഷമായ സമയം മുതൽ നിശബ്ദതകൾക്ക് വേണ്ടി സ്വയം ആർജ്ജിക്കുന്ന ഒരു കരുത്തുണ്ട് ആ കരുത്തിൽ നിന്നാണ് അച്ചടക്കം. പൊതുവേ ആളുകളെ കുറിച്ച് പറയുന്നത് ആടുകൾ ഒരു ടീരശമഹ മിശാമഹ ആടുകൾ കൂട്ടമായി ജീവിക്കാൻ ഇഷ്ടപ്പെടുന്നു. ഒറ്റയ്ക്കായാൽ അവ ഭയപ്പെടുകയും അശാന്തരാകുകയും ചെയ്യും. കൂട്ടായ്മയിൽ സുരക്ഷയും ആത്മവിശ്വാസവും അവ അനുഭവിക്കുന്നു.

ചങ്ങാതി നഷ്ടപ്പെട്ടവൻ

കൂട്ടത്തിൽ ചങ്ങാതി നഷ്ടപ്പെട്ടു പോയെന്ന് ആ കുഞ്ഞിനോട് സങ്കടപൂർവ്വം തന്റെ ഇടയനോട് പറഞ്ഞു വിരിഞ്ഞുപോയ സുഹൃത്തിനെ കുറിച്ച്. ചങ്ങാതി മാർ നഷ്ടപ്പെടുന്നത് പെട്ടെന്നാണ്, നഷ്ടപ്പെടുന്ന ചങ്ങാതിമാരെ കുറിച്ച് ഹൃദയത്തിൽ വേദന ഉള്ളവനാണ് സൗഹൃദത്തെക്കുറിച്ച് എന്റെ പരിസരങ്ങളോട് പറയുന്നത്.

വിങ്ങി വിങ്ങി സങ്കട പൂർവ്വം സുഹൃത്തിനെ കുറിച്ച് കൂട്ടത്തിലെ ആ കുഞ്ഞാടാണ് ഇടയനോട് പറഞ്ഞു: 'അവൻ നമ്മളിൽനിന്ന് വഴിപിരിഞ്ഞു പോയി.'

ഒരുപക്ഷേ ഇടയന്റെ അന്വേഷിച്ചുള്ള യാത്രയ്ക്ക് പ്രചോദനമായി തീർന്നതും ജീവൻ നഷ്ടപ്പെട്ടു പോകാതെ സൗഹൃദം ഉള്ളിൽ സൂക്ഷിക്കുന്ന ആ ചങ്ങാതി ഉള്ളതുകൊണ്ടാണ്. എന്തുകൊണ്ട് ആ ഒരാട് തങ്ങളുടെ കൂട്ടത്തെയും ഇടയനെയും മറന്നു പോയി എന്നത് ഒരു മിസ്റ്ററിയാണ്. ഒരുപക്ഷേ കാണാതെ പോയതിനെ അന്വേഷിച്ചുള്ള ഇടയന്റെ യാത്ര ആ മിസ്റ്ററിയിലേക്കുള്ള യാത്രയാണ്. വീണ്ടെടുപ്പ് എല്ലാകാലത്തും അതിൽ തന്നെ ഒരു രഹസ്യമാണ്.

പാലസ്തീനിലെ ഇടയന്മാർ ആടുകൾക്ക് മുമ്പിൽ നടക്കുകയാണ് പതിവ്. അതുകൊണ്ടുതന്നെ പിറകിൽ വരുന്ന ആട്ടിൻപറ്റം ഇടയനോട് അത്രതന്നെ വിശ്വസ്തത പാലിക്കണം.

മരുഭൂമിയിലെ ആടുകൾ

ഇടയൻ ഒന്നിനെ തേടിപ്പോകുമ്പോൾ 99 ആടുകൾ എവിടെയാണ്.

'അവൻ തൊണ്ണൂറ്റൊമ്പതിനെയും മരുഭൂമിയിൽ...' (ലൂക്കോസ് 15:4)

മരുഭൂമിയിലെ മണൽ കാറ്റിനോട് ഇടയൻ വരുന്നതുവരെ അവർ സൗഹൃദം കൂടി, കാറ്റ് പരിശുദ്ധ റൂഹാണെന്ന് അടയാളപ്പെടുത്തുന്നത് ഇങ്ങനെയുള്ള ജീവിതം കൊണ്ടാണ്. ഒറ്റയ്ക്ക് നിൽക്കുന്ന ആട്ടിൻ കൂട്ടത്തിന്, ഇടയൻ ഇല്ലാത്ത ആട്ടിൻ കൂട്ടത്തിന് മരുഭൂമിയിലെ മണൽ കാറ്റാണ് സംരക്ഷണം.

ആടുകളുടെ കൂട്ടം വളരെ നിശബ്ദമാണ് കാരണം തങ്ങളിൽ ഒരാൾ വഴി തെറ്റിയതിന് തേടി ഇടയൻ പോയിരിക്കുകയാണ്. വഴിതെറ്റിയ സുഹൃത്തിനെ അന്വേഷിച്ച് ഇടയൻ തിരിച്ച് നടന്നു നീങ്ങുമ്പോൾ ആട്ടിൻകൂട്ടത്തിന്റെ കണ്ണുകൾ ഇടയനിലേക്ക് തന്നെയാണ്. ആടിന്റെ മിഴികൾ കണ്ണുനീരിൽ കുതിർന്നു. ഇനി അവർക്ക് ഇടയൻ തിരിച്ചു വരുന്നതുവരെ ഇടയ ഓർമ്മകളിൽ മരുഭൂമിയിലെ മണൽ കാറ്റിന്റെ സ്വാന്ത്വനം അനുഭവിക്കുന്നു. മാത്രമല്ല കൂട്ടത്തിന് ഓർമ്മകളിൽ ഇടയന്റെ ശബ്ദം ഒരു ധ്യാനമായി ചേർത്തുനിർത്തുന്നു.

മരുഭൂമി തങ്ങൾക്ക് അത്ര സുരക്ഷിതമായ ഒരിടമല്ല. ഭക്ഷണവും വെള്ളവും കിട്ടാൻ ഒരു സാധ്യതയുമില്ല. മരണത്തിനും ജീവനും ഇടയിൽ കഴിയുന്ന നിമിഷമാണ്. ഓർമ്മകളിലെ ഇടയൻ ഒരു ധ്യാനമായി ആ സംഘത്തോടൊപ്പം. മരുഭൂമിയിൽ ദൈവത്തിന്റെ സൗഹൃദം പരസ്പരം രുചിച്ചറിഞ്ഞവരാണ് 99 ആടുകൾ.

ഇടയന്റെ തോളിൽ വഴി മറന്നുപോയ ആട്

മുന്നോട്ടു നീങ്ങുവാൻ കഴിയാതെ സൗഹൃദം നഷ്ടപ്പെട്ടവൻ തെറ്റിയ വഴിയിൽ തന്നെ നിൽക്കുന്നു. ഇടയൻ താൻ സഞ്ചരിച്ച വഴിയിൽ തന്നെയാണ് തിരികെ വരുന്നത്. അതുവഴി പല മനുഷ്യരെയും, ആടുകളെയും താൻ കണ്ടു. എന്നാൽ തന്റെ ആടിനെ കാണാൻ അല്പം സമയമെടുത്തു. ഇടയന്റെ സഞ്ചാരപഥത്തിൽ നിന്ന് മാറിനിൽക്കുന്ന ആട് തനിക്ക് ദൂരത്തുകൂടി സഞ്ചരിക്കുന്ന ഇടയന്റെ സുഗന്ധം തിരിച്ചറിഞ്ഞു. ഇടയനിലേക്കുള്ള തന്റെ വഴി ഇടയഗന്ധത്തിൽ നിന്നാണ് ആ ആടിന് കിട്ടുന്നത്. ആ സൗരഭ്യത്തിലേക്കുള്ള ആടിന്റെ ഓട്ടം എന്റെ എല്ലാ ബലഹീനതയും മറന്നാണ്. ഓടിവരുന്ന തന്റെ ആടിനെ ചുമലിലേറ്റി. പിന്നീട് ഇടയൻ തന്റെ ചുമലിൽവച്ചാണ് മടക്കിയ യാത്ര. മരുഭൂമിയിലെ 99 ആടുകളുടെ സംഘം ആദ്യം കാണുന്ന ദൂരക്കാഴ്ച തങ്ങളുടെ സുഹൃത്തിന്റെ തലയാണ്. പിന്നീടാണ് മനസ്സിലായത് സുഹൃത്ത് ഇടയന്റെ തോളിലാണ്.ഇടയന്റെ മടങ്ങിവരവ് വാചാലമാക്കുന്നു...

മരുഭൂമിയിൽ ദൈവത്തിന്റെ സങ്കീർത്തനം ആടുകൾ ഉറക്കെ പാടി.

'ഞാൻ എല്ലാ കാലത്തും യഹോവയെ വാഴ്ത്തും അവന്റെ സ്തുതി എപ്പോഴും എന്റെ നാവിൻമേൽ ഇരിക്കും'...

വീണ്ടെടുക്കുന്ന ഇടയന്റെ ഓർമ്മകളാണ്

കമ്പിളികണ്ടത്തെ കൽഭരണികൾ എന്ന പുസ്തകത്തിൽ ബാബു എബ്രഹാമിന്റെ അമ്മ ഏറ്റെടുക്കുന്നത്. പുസ്തകം പറഞ്ഞുവെക്കുന്ന ചില സുന്ദരമായ വാക്കുകൾ, നമ്മൾ തീർക്കുന്ന നരകങ്ങൾ മാത്രമേ നമ്മുടെ ചുറ്റുമുള്ളൂ. നരകം വേണ്ടാ എന്ന് നമ്മൾ തീരുമാനിക്കുമ്പോൾ അത് നമ്മെ വിട്ടുപോകും. തലയ്ക്കു മീതേ വെള്ളം വന്നാൽ അതുക്കും മേലെ തോണി എന്നല്ലേ.

'കമ്പിളികണ്ടത്തെ കൽഭരണികൾ' ബാബു എബ്രഹാമിന്റെ ഓർമ്മക്കുറിപ്പാണ്. ആഞ്ഞുകൊത്തുന്ന അനുഭവങ്ങളുടെ പുസ്തകം എന്നാണ് അഷ്ട മൂർത്തി ഈ പുസ്തകത്തെ പറയുന്നത്. സഹനങ്ങൾ ഒരു പെരുമഴപോലെ പെയ്തു നിൽക്കുമ്പോൾ പുഞ്ചിരിയോടെ നൃത്തംചവിട്ടുന്നവർ മഴയെ തോൽപ്പിച്ചു കളയും. ചൂടുകൊണ്ട് വിണ്ടുകീറിയ ഭൂമിയിൽ ഇനിയും ജീവനുണ്ടെന്ന് സ്വപ്നം കണ്ട് ഭൂമിയെ തൊടുന്നവർ ഒരിക്കലും മരണമില്ലാത്തവരാണ്.

എത്രയോ പ്രഭാതങ്ങൾ നാം കണ്ടു എത്രയോ അസ്തമയങ്ങൾ നാം അനുഭവിച്ചു, ഇനിയും അതെല്ലാം അങ്ങനെതന്നെ ഉണ്ടാവും തീർച്ച. ആകുലതയും അപമാനവും പേറി ജീവിതം എന്നേക്കുമായി അവസാനിപ്പിക്കാം എന്ന് തോന്നുന്നവർക്ക് ബാബു എബ്രഹാമിന്റെ അമ്മ ഒരു തിരിഞ്ഞു നോട്ടമാണ്. തന്റെ മകനെ കുറിച്ച് ഇത്രമാത്രം സ്വപ്നം കാണുന്ന, അവൻ ഒരത്ഭുതമായി മാറുമെന്ന് ഉറച്ച തീരുമാനമുള്ള അമ്മയാണ്.

ആ കൽഭരണികളിലെ വെള്ളത്തെ വീര്യമേറിയ, മുന്തിയ ഇനം വീഞ്ഞാക്കി മാറ്റുവാനും വിരുന്നുവന്നവർക്കെല്ലാം വിളമ്പാനും മകന് കഴിയും എന്നുള്ള വിശ്വാസം.

കമ്പിളികണ്ടത്തെ കൽഭരണികൾ സാദ്ധ്യതകളുടെ അവസാനിക്കുന്നു എന്ന് തോന്നുന്ന ഇടങ്ങളിൽനിന്ന് പുറത്ത് ശുദ്ധീകരണത്തിന് മാത്രം സൂക്ഷിച്ചു വച്ചിരിക്കുന്ന കൽഭരണികളെ പ്രണയിച്ച വ്യത്തിയാക്കി വെള്ളമൊഴിച്ചുവെച്ച ഒരമ്മയുടെ ജീവിതം.

❑

തിരുവനന്തപുരം ഭദ്രാസന സഹായ മെത്രാപ്പോലീത്തായായി ചുമതലയേറ്റ ഡോ. ഗീവർഗീസ് മാർ യൂലിയോസ് ഭദ്രാസനത്തിലെ വൈദികകരോടൊപ്പം.

തിരുവനന്തപുരം ഭദ്രാസനം സഞ്ചാര സുവിശേഷ സംഘം 'ദിവ്യദൂത്' അവതരിപ്പിക്കുന്ന 'സ്വർഗ്ഗം ഭൂമിയിൽ' എന്ന ക്രിസ്മസ് ഗാനോപഹാരത്തിന്റെ ഓഡിയോ ലോഞ്ച് ഭദ്രാസന സഹായ മെത്രാപ്പോലീത്താ ഡോ. ഗീവർഗീസ് മാർ യൂലിയോസ് നിർവഹിച്ചു. ഗാനരചന, സംഗീതം ഇവ നിർവഹിച്ചിരിക്കുന്നത് ഫാ. ഷിനോ കെ. തോമസ്.

കോട്ടയം തെള്ളകം കപ്പൂച്ചിയൻ വിദ്യാഭവനിലെ ശെമ്മാശന്മാരും അദ്ധ്യാപകരും കോട്ടയം പഴയസെമിനാരി സന്ദർശിച്ചപ്പോൾ.

ബാംഗ്ലൂരിൽ ഫാ. ഡോ. വി. സി. ശാമുവേൽ മെമ്മോറിയൽ അന്തർദേശീയ സെമിനാർ നടന്നു. വേദശാസ്ത്ര ലോകത്തെ പ്രമുഖ വ്യക്തിത്വങ്ങൾ ഒത്തുചേർന്ന ഈ അക്കാദമിക സംഗമം, ഫാ. വി. സി. ശാമുവേൽ അച്ചന്റെ ദാർശനിക സംഭാവനകളെയും ജീവിതത്തെയും ആഴത്തിൽ സ്പർശിച്ചു.

പത്തനംതിട്ട ജില്ലാ റവന്യൂ കലോൽസവത്തിൽ രണ്ടാം സ്ഥാനം നേടിയ വെണ്ണിക്കുളം സെന്റ് ബഹനാൻസ് ഹയർ സെക്കണ്ടറി സ്കൂൾ.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ഫാ. ബിജേഷ് ഫിലിപ്പ് രചിച്ച 'അടിസ്ഥാനവും ആനന്ദവും 'എന്ന പുതിയ പുസ്തകത്തിന്റെ പ്രകാശനം ശ്രീ വിനോദ് എം സഖറിയ, ശ്രീ സാം കെ. വറുഗീസ് എന്നിവർക്ക് നൽകി ഡോ. യൂഹാനോൻ മാർ ദിയസ്കോറസ് മെത്രാപ്പോലീത്ത നിർവ്വഹിച്ചു

യുവജനപ്രസ്ഥാനം ചെങ്ങന്നൂർ തൊഴിൽ മേള 2025 മന്ത്രി സജി ചെറിയാൻ ഉദ്ഘാടനം ചെയ്യുന്നു.

ബാംഗ്ലൂർ ഭദ്രാസന സെന്റ് ജോസഫ്സ് ഓർത്തഡോക്സ് ഫെലോഷിപ്പിന്റെ ഉദ്ഘാടനം ഭദ്രാസന മെത്രാപ്പോലീത്താ ഗീവർഗീസ് മാർ പീലക്സിനോസ് ജലഹള്ളി സെന്റ് മേരീസ് ഓർത്തഡോക്സ് വലിയപള്ളിയിൽ നിർവ്വഹിക്കുന്നു.

ദേവലോകം മാർ ബസേലിയോസ് പബ്ലിക് സ്കൂൾ രജതജൂബിലി നിറവിൽ

കോട്ടയം: ദേവലോകം മാർ ബസേലിയോസ് പബ്ലിക് സ്കൂൾ രജത ജൂബിലി നിറവിൽ. ഒരു വർഷം നീണ്ടുനിൽക്കുന്ന രജത ജൂബിലി ആഘോഷങ്ങൾ ആറിന് ഉച്ചകഴിഞ്ഞ് 2.30-ന് സ്കൂൾ വാർഷിക ദിനാഘോഷ വേളയിൽ മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്യും. സ്കൂൾ മാനേജർ ബസേലിയോസ് മാർ ത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാബാവാ അധ്യക്ഷത വഹിക്കും. കെ. ഫ്രാൻസിസ് ജോർജ് എംപി, തിരുവഞ്ചൂർ രാധാകൃഷ്ണൻ എംഎൽഎ എന്നിവർ പ്രസംഗിക്കും.

കൊടൂരാറിനോട് ചേർന്ന് 17 ഏക്കർ സ്ഥലത്ത് ബസേലിയോ സ് മാർ ത്തോമ്മാ മാത്യൂസ് ദിതീയൻ കാതോലിക്കാ ബാവായാണ് മാർ ബസേലിയോസ് പബ്ലിക് സ്കൂൾ സ്ഥാപിച്ചത്

കോട്ടയം ഭദ്രാസനത്തിന്റെ ശാതോത്തര സുവർണ്ണ ജൂബിലിയുടെ ഭാഗമായി നടത്തപ്പെടുന്ന ദൈവശാസ്ത്ര സമ്മേളനങ്ങളുടെ ഒന്നാമത് സംഗമവും പഠനവും വാകത്താനം സെന്റ് ജോൺസ് ഓർത്തഡോക്സ് വലിയപള്ളിയിൽ നടന്നു. ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ് ഉദ്ഘാടനം നിർവ്വഹിച്ചു. ഫാ. ഡോ. ബിജേഷ് ഫിലിപ്പ്, ഫാ. ഡോ. അലക്സ് ജോൺ എന്നിവർ ക്ലാസുകൾ എടുത്തു.

അഹമ്മദാബാദ് ഭദ്രാസനത്തിലെ ജ്യോതിസ്സ് ആശ്രമത്തിൽ, മലങ്കര മെത്രാപ്പോലീത്താ ആയിരുന്ന സഭാ ജ്യോതിസ്സ് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് പ്രഥമന്റെ ഓർമ്മപെരുന്നാളിനോട് അനുബന്ധിച്ച് ഡോ. ഗീവർഗ്ഗീസ് മാർ തേയോഫിലോസ് മെത്രാപ്പോലീത്താ വി. കുർബ്ബാന അർപ്പിച്ചു. ആശ്രമം സുപ്പീരിയർ വന്ദ്യനായ ഫിലിപ്പോസ് റമ്പാൻ, ഫാ. വർഗ്ഗീസ് തോമസ്, ഫാ. ഗീവർഗ്ഗീസ് ജോർജ് (ജിബു) എന്നിവർ സഹകാർമ്മികർ ആയിരുന്നു.

ചെന്നൈ സ്വദേശി ശാന്തി ലൂക്കോസ് സ്വന്തം കൈപ്പടയിൽ എഴുതി പൂർത്തിയാക്കിയ ബൈബിളിന്റെ പ്രകാശന കർമ്മം അലക്സിയോസ് മാർ യൂസേബിയസ് മെത്രാപ്പോലീത്ത ഫാ. അജി, ഫാ. റെജി എന്നിവർക്ക് നൽകിക്കൊണ്ട് നിർവഹിക്കുന്നു. ഡോ. ജോഷ്വാ മാർ നിക്കോദിമോസ് , ഫാ. ഡോ. റെജി മാത്യൂസ്, തോമസ് റമ്പാൻ, ഗീവർഗീസ് കോർഎപ്പിസ്കോപ്പ, ഫാ. സ്റ്റെജിൻ ജോൺ മാത്യു, ഫാ. ജേക്കബ് തോമസ് എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.